പതിനാറാം കേരളനിയമസഭ
(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി III
(SUBJECT COMMITTEE III)

ജലവിഭവം
(WATER RESOURCES)

ആനുകാലിക റിപ്പോർട്ട്
(2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ളത്)

PERIODICAL REPORT
(FROM 1st APRIL 2025 TO 31st MARCH 2026)

കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Keralam Legislative Assembly]

2026 ഒക്ടോബർ 28-ാം തീയതി സമർപ്പിച്ചത്
(Presented on 28th October, 2026)

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

SECRETARIAT OF THE KERALAM LEGISLATURE
THIRUVANANTHAPURAM
2026

പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി III

(SUBJECT COMMITTEE III)

ജലവിഭവം

(WATER RESOURCES)

ആനുകാലിക റിപ്പോർട്ട്

(2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ളത്)

PERIODICAL REPORT

(FROM 1st APRIL 2025 TO 31st MARCH 2026)

കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239–ാം ചട്ടത്തിന്റെ (1)–ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Keralam Legislative Assembly]

ഉള്ളടക്കം

പേജ്

സമിതിയുടെ ഘടന	..	v
അവതാരിക	..	vii
റിപ്പോർട്ട്	..	1
അനുബന്ധം	..	4

സബ്ജക്റ്റ് കമ്മിറ്റി III

(ജലവിഭവം)

(2026-2028)

ഘടന

<u>ചെയർപേഴ്സൺ :</u>

ശ്രീ. മോൻസ് ജോസഫ്,
ജലവിഭവ- ഭവന നിർമ്മാണ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. ടി. പി. അഷ്റഫലി

ശ്രീ. വി. ടി. ബൽറാം

ശ്രീ. കെ. ബിനിമോൻ

ശ്രീ. വി. എസ്. ജോയി

ശ്രീ. എ. പ്രഭാകരൻ

ശ്രീ. റോയ് കെ. പൗലോസ്

ശ്രീ. എ. ഡി. തോമസ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. എം. എസ്. വിജയൻ, അഡീഷണൽ സെക്രട്ടറി

ശ്രീമതി ചിത്ര കെ. ഐ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി.

അവതാരിക

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ ചെയർപേഴ്സണായ ഞാൻ, സമിതിയുടെ 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരം സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ 2023 ഡിസംബർ 07-ലെ 445- ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം 2023-26 കാലയളവിലേക്കായി രൂപീകരിച്ച ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. റിപ്പോർട്ട് കാലയളവിൽ സമിതി 20.05.2025, 30.07.2025, 18.09.2025, 06.02.2026, 11.02.2026, 17.02.2026 എന്നീ തീയതികളിലായി 6 യോഗങ്ങൾ ചേരുകയുണ്ടായി. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികകൾ, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന, ആയത് സംബന്ധിച്ച് കരട് റിപ്പോർട്ട്, സമിതിയുടെ വിവിധ യോഗനിർദേശങ്ങളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ എന്നിവയുടെ പരിഗണന എന്നിവയ്ക്കായാണ് സമിതി യോഗങ്ങൾ ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 55% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അധ്യായം I - സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അധ്യായം II - സമിതി പരിശോധിച്ച ബില്ലുകൾ

അധ്യായം III - സമിതി പരിഗണിച്ച ചട്ടങ്ങൾ, എസ്.ആർ. ഒ -കൾ

അധ്യായം IV - നിയമസഭാ ചട്ടം 235 (എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

അധ്യായം V - സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

അധ്യായം VI - 2025-26-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.

അധ്യായം VII - സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2026, ഒക്ടോബർ 13- ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം
2026 ഒക്ടോബർ 28

മോൻസ് ജോസഫ്,
ചെയർപേഴ്സൺ ,
സബ്ജക്ട് കമ്മിറ്റി III.

റിപ്പോർട്ട്

അദ്ധ്യായം -I

സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1) ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2025 സെപ്റ്റംബർ മാസം 29-ാം തീയതി സഭയിൽ സമർപ്പിച്ചു.

2) സമിതിയുടെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 2025 സെപ്റ്റംബർ മാസം 29-ാം തീയതി സഭയിൽ സമർപ്പിച്ചു.

3) 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട് 2026 ഫെബ്രുവരി മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചു.

അദ്ധ്യായം -II

സമിതി പരിശോധിച്ച ബില്ലുകൾ

ഇല്ല.

അദ്ധ്യായം -III

സമിതി പരിഗണിച്ച ചട്ടങ്ങളുടെ വിശദാംശങ്ങൾ

ഇല്ല.

അദ്ധ്യായം -IV

നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

ഇല്ല.

അദ്ധ്യായം -V

സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	സാമ്പത്തിക വർഷം	വകുപ്പ്	സഭയിൽ സമർപ്പിച്ച തീയതി
XXXVIII-ജലസേചനം	2018-19 (കാലതാമസ പത്രിക സഹിതം)	ജലവിഭവ വകുപ്പ് , (പ്രോജക്ട്സ് -I വിഭാഗം, ഐ.ഡി.ആർ.ബി.)	06.10.2025
XXXVIII-ജലസേചനം	2019-20 (കാലതാമസ പത്രിക സഹിതം)	ജലസേചന വകുപ്പ് (ഐ.ഡി.ആർ.ബി.)	
XX-ശുദ്ധജലവിതരണവും ശുചീകരണവും	2023-24 (കാലതാമസ പത്രിക സഹിതം)	ജലവിഭവ വകുപ്പ് (കേരള വാട്ടർ അതോറിറ്റി)	
XX-ശുദ്ധജലവിതരണവും ശുചീകരണവും	2024-25	കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ ഏജൻസി (KRWSA))	
XXIX-കൃഷി (ചെറുകിട ജലസേചനം)	2024-25	കേരള സംസ്ഥാന ഭൂജലവകുപ്പ്	
XXIX-കൃഷി (ചെറുകിട ജലസേചനം)	2024-25	ജലവിഭവ വകുപ്പ്	
XXXVIII-ജലസേചനം	2024-25	ജലവിഭവ വകുപ്പ് (വെള്ളപ്പൊക്ക നിയന്ത്രണം, കടലാക്രമണ നിരോധന പദ്ധതികൾ) പ്രോജക്ട്സ് -I വിഭാഗം, ഇറിഗേഷൻ പ്രോജക്ട്-2, ഐ.ഡി.ആർ.ബി., കുട്ടനാട് പാക്കേജ്	
XX-ശുദ്ധജലവിതരണവും ശുചീകരണവും	2024-25 (കാലതാമസ പത്രിക സഹിതം)	ജലവിഭവ വകുപ്പ് (കേരള വാട്ടർ അതോറിറ്റി)	03.02.2026

അദ്ധ്യായം –VI

a) 2025-26-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരങ്ങൾ സംബന്ധിച്ച സംഗ്രഹം.

(ഫയൽ നം. **KLS/3348/2025-Subc A1**)

ആകെ ശിപാർശകളുടെ എണ്ണം	റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ.	മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ.	മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം.
113	113	ഇല്ല	ഇല്ല

അദ്ധ്യായം -VII

സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകൾ ഒന്നും സമർപ്പിച്ചില്ല.

തിരുവനന്തപുരം.
2026 ഒക്ടോബർ 13

മോൻസ് ജോസഫ്,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി III

അനുബന്ധം

1. 20.05.2025-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2025 മേയ് 20 ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ ചേർന്ന യോഗത്തിൽ സമിതി ചെയർപേഴ്സൺ ബഹു.ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ വീഡിയോ കോൺഫറൻസിംഗ് മുഖേന അദ്ധ്യക്ഷത വഹിച്ചു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ.
2. ശ്രീ. സി. ആർ. മഹേഷ്, "
3. ശ്രീ. കെ. പി. എ. മജീദ്, "

വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗങ്ങൾ:

1. ശ്രീ. പി. മമ്മിക്കുട്ടി, എം.എൽ.എ
2. ശ്രീ. ടി. സിദ്ദിഖ്, "

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. ആർ. എസ്. സന്തോഷ്കുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. സജികുമാർ ജെ., സ്പെഷ്യൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീ. ജീവൻ ബാബു കെ., സ്പെഷ്യൽ സെക്രട്ടറി & മാനേജിങ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
3. ശ്രീ. ശ്രീറാം വി., ഡയറക്ടർ, കൃഷി വകുപ്പ്

4. ശ്രീ. ജാഫർഖാൻ എസ്., അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്

5. ശ്രീമതി മീന റ്റി. ഡി., അഡീഷണൽ ഡയറക്ടർ (CP), കൃഷി വകുപ്പ്

6. ശ്രീമതി ഹസീന പി. എസ്., ജോയിന്റ് സെക്രട്ടറി, ജലവിഭവ വകുപ്പ്

7. ശ്രീമതി ദീപ എൻ. സി., ജോയിന്റ് സെക്രട്ടറി, ജലവിഭവ വകുപ്പ്

8. ശ്രീ. എസ്. തിലകൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KIIDC)

9. ശ്രീമതി ശ്രീദേവി പി., ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ (എഫ്.എ.സി.), ജലസേചന വകുപ്പ്

10. ശ്രീ. ബിനോയ് ടോമി ജോർജ്, ചീഫ് എഞ്ചിനീയർ, പ്രോജക്ട് II, ജലസേചന വകുപ്പ്

11. ശ്രീമതി ശ്രീകല സി. കെ., ചീഫ് എഞ്ചിനീയർ, ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്, ജലസേചന വകുപ്പ്

12. ശ്രീ. രാജൻ ബാബു ഡി., ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ), (എഫ്.എ.സി.), ജലസേചന വകുപ്പ്

13. ശ്രീ. പ്രിയേഷ് ആർ., ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (IDRB) & ISW, ജലസേചന വകുപ്പ്

14. ശ്രീ. ശ്യാം റ്റി. പി., സൂപ്രണ്ടിങ് എഞ്ചിനീയർ, ശിരുവാണി പ്രോജക്ട് സർക്കിൾ, പാലക്കാട്

15. ശ്രീമതി ബിന്ദു ഗോപിനാഥ്, സൂപ്രണ്ടിങ് ഹൈഡ്രോ ജിയോളജിസ്റ്റ് ആൻഡ് നോഡൽ ഓഫീസർ, ഭൂജല വകുപ്പ്

16. ശ്രീ. ലാലച്ചൻ പി.വി., ഡയറക്ടർ (ഇൻ-ചാർജ്) (ഓപ്പറേഷൻസ്), കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി

17. ശ്രീമതി അജിത എസ്., എക്സിക്യൂട്ടീവ് എൻജിനീയർ, കാവേരി ഡിവിഷൻ, സുൽത്താൻ ബത്തേരി, വയനാട്

പ്രസ്തുത യോഗത്തിൽ, സമിതിയുടെ വിവിധ യോഗനിർദ്ദേശങ്ങളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി പത്രികകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസപത്രികകൾ എന്നിവ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് താഴെപ്പറയും പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

I. നടപടിപത്രികകളുടെ പരിഗണന

1. 26.07.2023-ലെ സമിതിയോഗ നിർദേശത്തിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്

(ഫയൽ നമ്പർ 6319/സബ്.സി.എ 1/2019/ലെജി.)

കേരളത്തിലെ കനാലുകളിൽ മിക്കവയും വളരെ പഴക്കമുള്ളവയായതിനാൽ 60 വർഷമെങ്കിലും പഴക്കമുള്ള കനാലുകൾ പുന:സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി വികസിപ്പിച്ചെടുക്കണമെന്ന സമിതിയോഗ നിർദ്ദേശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ കുറ്റ്യാടി, പഴശ്ശി, മലമ്പുഴ, മംഗലം, പോത്തുണ്ടി എന്നീ പ്രോജക്ടുകൾക്ക് നോൺ-പ്ലാൻ ഫണ്ടിൽ അനുവദിച്ച തുക ഉപയോഗിച്ച് കനാലുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടെന്നും ചിറ്റൂർപുഴ, വാളയാർ, മീങ്കര എന്നീ പദ്ധതികൾക്ക് ഈ വർഷം നബാർഡിൽനിന്നും ലഭിച്ച തുക ഉപയോഗിച്ച് നിർവഹിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ടെന്നും ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ (എഫ്.എ.സി.)) സമിതിയെ അറിയിച്ചു. തുടർന്ന് പെരിയാർവാലി ഇറിഗേഷൻ പദ്ധതിയുടെ കീഴിലുള്ള കനാലുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട 136 പ്രവൃത്തികൾക്കായി 475.75 കോടി രൂപയുടെ ഡി.പി.ആർ-ഉം പമ്പ ജലസേചന പദ്ധതിയുടെ കീഴിലുള്ള കനാലുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട 38 പ്രവൃത്തികൾക്കായി 191.589 കോടി രൂപയുടെ ഡി.പി.ആർ-ഉം ലഭ്യമായിട്ടുണ്ടെങ്കിലും ഈ രണ്ട് പദ്ധതികൾക്കും ബജറ്റ് പ്രൊവിഷൻ വകയിരുത്തിയിട്ടില്ലായെന്നും ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിന് കീഴിലുള്ള കനാലുകളുടെ പുനരുദ്ധാരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണെന്നും കല്ലട ഇറിഗേഷൻ പദ്ധതിക്ക് കീഴിൽവരുന്ന കാലപ്പഴക്കംമൂലം

ജീർണ്ണാവസ്ഥയിലായ കനാലുകളുടെ പുനരുദ്ധാരണത്തിനുള്ള 430 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണെന്നും മേൽപ്പറഞ്ഞ പ്രോജക്ടുകൾക്കെല്ലാം ഡി.എസ്.ആർ.2021 പ്രകാരം റേറ്റ് റിവൈസ് ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും കൂടാതെ കല്ലട ഇറിഗേഷൻ പദ്ധതിക്ക് 10 കോടി രൂപ ബജറ്റ് വിഹിതമായി ലഭിച്ചിട്ടുണ്ടെന്നും നെയ്യാർ ജലസേചന പദ്ധതിയുടെ നവീകരണ പ്രവർത്തനങ്ങൾക്കുള്ള 360.161 കോടി രൂപയുടെ ഡി.പി.ആർ. സർക്കാരിൽ ലഭ്യമായിട്ടുണ്ടെന്നും ജലസേചന വകുപ്പ് (പ്രോജക്ട് II) ചീഫ് എഞ്ചിനീയർ കൂട്ടിച്ചേർത്തു.

പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(2) **26.07.2023-ലെ സമിതിയോഗ നിർദേശത്തിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്**

(ഫയൽ നമ്പർ 14448/സബ്.സി.എ 1/2021/ലെജി.- (KLS/4097/2025-SubCA1))

ആദിവാസി മേഖലകളിലുള്ള ജലനിധി സ്കീമുകളുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കണമെന്നും അതനുസരിച്ച് ജില്ലാ അടിസ്ഥാനത്തിൽ വർക്ക്ഷോപ്പ് സംഘടിപ്പിക്കണമെന്നുമുള്ള സമിതിയോഗ നിർദ്ദേശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ 50 ശതമാനത്തിൽ കൂടുതൽ പട്ടികവർഗ വിഭാഗങ്ങൾ അംഗങ്ങളായ ജലനിധിയുടെ 146 സ്കീമുകളിൽ 11 എണ്ണവും പഞ്ചായത്തിന്റെ സഹായത്തോടെ എട്ടെണ്ണവും ജെ.ജെ.എം.-ൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയുടെ ഒരെണ്ണവും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടെന്നും പട്ടികവർഗ വികസന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, ജലനിധി എന്നിവ ചേർന്ന് തിരുവനന്തപുരം, എറണാകുളം ഒഴികെയുള്ള ജില്ലകളിൽ നടത്തിയ ഉന്നതിയുടെ യോഗങ്ങളിൽ ജെ.ജെ.എം. നിലവിൽവന്നാലും വെള്ളം ലഭിക്കാൻ സാധ്യതയില്ലെന്ന് കരുതപ്പെട്ടിരുന്ന 643 ഉന്നതികളുടെ പ്രതിനിധികളും പങ്കെടുത്തിരുന്നുവെന്നും പ്രസ്തുത യോഗങ്ങളിൽനിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ 117 സ്കീമുകൾ കേരള വാട്ടർ അതോറിറ്റിയുടെ ജെ.ജെ.എം. കവറേജ് ഏരിയയിൽപ്പെടുന്നതാണെന്ന് വ്യക്തമായിട്ടുണ്ടെന്നും രണ്ട് സ്കീമുകൾ ഒഴികെ

ബാക്കിയെല്ലാം പൂർത്തീകരിക്കാവുന്ന സ്ഥിതിയിലാണുള്ളതെന്നും ജെ.ജെ.എം-നെ അപേക്ഷിച്ച് ജലനിധിയുടെ ചില സ്കീമുകളിൽ സ്രോതസ്സ് കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ട്, ജലത്തിന്റെ ഗുണനിലവാരം തുടങ്ങിയ പ്രശ്നങ്ങളുണ്ടെന്നും കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി ഡയറക്ടർ (ഇൻ-ചാർജ്ജ്) (ഓപ്പറേഷൻസ്) സമിതിയെ അറിയിച്ചു. തുടർന്ന് ഉപഭോക്തൃ സമിതിയുമായി ബന്ധപ്പെട്ട ചെറിയ പ്രശ്നങ്ങൾ കാരണം നിലച്ചുപോയ സ്കീമുകളെ സംബന്ധിച്ച് സമിതി ആരാഞ്ഞു. സംസ്ഥാനമൊട്ടാകെ ജലനിധി നടപ്പിലാക്കുന്ന 5884 സ്കീമുകളിൽ 4652 സ്കീമുകളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് സർവ്വേ നടത്തിയപ്പോൾ 3750 സ്കീമുകളും പ്രവർത്തനക്ഷമമാണെന്നും 302 എണ്ണം ഭാഗികമായി പ്രവർത്തിക്കുന്നുണ്ടെന്നും കണ്ടെത്തിയിട്ടുള്ളതായി കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി ഡയറക്ടർ (ഇൻ-ചാർജ്ജ്) (ഓപ്പറേഷൻസ്) മറുപടി നൽകി.

വൈദ്യുതി കുടിശ്ശിക തീർപ്പാക്കാത്തതുകാരണം മുടങ്ങിക്കിടക്കുന്ന ജില്ലാ പഞ്ചായത്തുകളുടെ സ്കീമുകൾ പരിഹരിക്കുന്നതിന് സംവിധാനമുണ്ടാക്കണമെന്നും ഗുണഭോക്തൃ സമിതിക്ക് കൈമാറിയാലും മെയിന്റനൻസും വൈദ്യുതി ചാർജ്ജും ഒടുക്കുന്നതിനുള്ള സംവിധാനം ട്രൈബൽ മേഖലകളിലെങ്കിലും ഏർപ്പെടുത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു. തുടർന്ന് പട്ടികവർഗ വിഭാഗങ്ങൾ അംഗങ്ങളായ 146 സ്കീമുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് സമിതി ആരാഞ്ഞു. 146 സ്കീമുകളിൽ 20 എണ്ണം പ്രവർത്തനക്ഷമമാണെന്നും ഉന്നതികളുടെ സംയുക്ത യോഗത്തിൽവച്ച് മൂന്ന് സ്കീമുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ ജെ.ജെ.എം. ആവശ്യപ്പെട്ടതനുസരിച്ച് തയ്യാറാക്കിയിട്ടുണ്ടെന്നും നാല് സ്കീമുകൾ സസ്റ്റയിനബിലിറ്റി പ്രോജക്ടിലും 117 സ്കീമുകൾ ജെ.ജെ.എം. പദ്ധതിയിലും ഉൾപ്പെടുന്നതാണെന്നും പ്രാദേശിക പ്രശ്നങ്ങളുള്ള രണ്ട് സ്കീമുകൾ പരിഹരിക്കാൻ ശ്രമിക്കുന്നുണ്ടെന്നും കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി ഡയറക്ടർ (ഇൻ-ചാർജ്ജ്) (ഓപ്പറേഷൻസ്) സമിതിയെ അറിയിച്ചു.

പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(3) **<u>22.05.2024-ലെ സമിതിയോഗ നിർദേശത്തിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്</u>**

(ഫയൽ നം.6765/സബ്.സി. എ 1/2019/ലെജി.-(KLS/780/2025- Sub C A1))

കേരളത്തിലെ എല്ലാ ജില്ലകളിലുമായി കേരള വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള സ്ഥലങ്ങളിലെ കയ്യേറ്റങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന സമിതിയോഗ നിർദ്ദേശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ കേരള വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള സ്ഥലങ്ങളിലെ കൈയേറ്റങ്ങൾ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും Kerala Water Authority (Eviction of Unauthorised Occupation and Removal of Unauthorised Construction) Regulations, 2014 പ്രകാരമാണ് കയ്യേറ്റങ്ങൾ റിപ്പോർട്ട് ചെയ്യുന്നതെന്നും അതുപ്രകാരം കയ്യേറ്റം കണ്ടെത്തിയശേഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നോട്ടീസ് നൽകുകയും തുടർന്ന് അടുത്ത നടപടിക്രമമായ ഫോം നമ്പർ 2-ൽ റിപ്പോർട്ട് ചെയ്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിന് കൈമാറി എക്സിക്യൂട്ടീവ് എഞ്ചിനീയർ ഹിയറിങ് നടത്തുകയും കുടിയൊഴിപ്പിക്കുകയുമാണ് ചെയ്യുന്നതെന്നും ഇതിന് സാധിക്കാതെ വന്നാൽ കളക്ടർ ലെവലിൽ മറ്റ് സഹായത്തോടുകൂടി തുടർനടപടികൾ കൈക്കൊള്ളുമെന്നും പൈപ്പ് ലൈൻ റോഡായിരുന്ന അരുവിക്കര ലൈനിലാണ് ഏറ്റവും കൂടുതൽ കൈയേറ്റം/കുടിയൊഴിപ്പിക്കൽ പ്രശ്നം വരുന്നതെന്നും റോഡ് പിന്നീട് എൻക്രോച്ച് ചെയ്ത് കൊടുക്കാത്തതുകൊണ്ടാണ് ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ടാകുന്നതെന്നും അതിർത്തി നിർണയം സംബന്ധിച്ച് കളക്ടറുമായി ആലോചിച്ച് തുടർനടപടി സ്വീകരിക്കുന്നതാണെന്നും കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ സമിതിയെ അറിയിച്ചു.

പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(4) **<u>21.06.2022-ലെ സമിതിയോഗ നിർദേശം-ശിപാർശ നം (4), (5), (6)-എന്നിവയിന്മേൽ - ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്</u>**

(ഫയൽ നം.15970/സബ്.സി.എ 1/2019/ലെജി.-(KLS/4115/2025-Sub C A1))

ഹരിത ഭക്ഷ്യ ധാന്യ ഉൽപാദനത്തിനായി രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് കമ്മീഷൻ ചെയ്തതും നിലവിൽ ഉപയോഗശൂന്യവുമായ കനാലുകളിലൂടെ ജലവിതരണം സാധ്യമാക്കുന്നതിനായി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രസ്തുത കനാലുകളുടെ ഉത്തരവാദിത്വം ഏൽപ്പിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന 21.06.2022-ലെ സമിതിയുടെ **4-ാം നമ്പർ നിർദ്ദേശത്തിന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ സമിതിയുടെ നിർദ്ദേശാനുസരണം പുറപ്പെടുവിച്ച സർക്കുലറിന്റെ അടിസ്ഥാനത്തിൽ ജലവിഭവ വകുപ്പിലെ റിസർവോയറുകൾ, കനാലുകൾ, കനാൽ ബണ്ടുകൾ, മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെ ഉത്തരവാദിത്വം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നല്കുകയും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പ്രവർത്തനങ്ങളെ മോണിറ്റർ ചെയ്യാനുള്ള ചുമതല സൂപ്രണ്ടിങ് എഞ്ചിനീയർമാരിൽ നിക്ഷിപ്തമാക്കുകയും മാസത്തിലൊരിക്കൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അസിസ്റ്റന്റ് എഞ്ചിനീയറും തൊട്ടുതാഴെയുള്ള ഉദ്യോഗസ്ഥരും കനാലുകൾ സന്ദർശിച്ച് മാലിന്യ നിക്ഷേപമോ കയ്യേറ്റമോ നടന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് റിപ്പോർട്ട് നൽകുകയും എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രസ്തുത റിപ്പോർട്ട് സൂപ്രണ്ടിങ് എഞ്ചിനീയർക്കും ചീഫ് എഞ്ചിനീയർക്കും നൽകി മാലിന്യം നിക്ഷേപിക്കുന്നത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിലെന്തെങ്കിലും വീഴ്ച വരുത്തിയാൽ ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുമെന്നുമാണ് 24-02-2025-ൽ പുറപ്പെടുവിച്ച സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ളതെന്നും മെക്കാനിക്കൽ, (എഫ്.എ.സി.), ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

തുടർന്ന് നിലവിൽ ഇത് സംബന്ധിച്ച് ഫീൽഡിൽ പരിശോധന നടക്കുന്നുണ്ടോയെന്ന് പരിശോധിച്ചശേഷം സർക്കുലർ പ്രകാരമുള്ള റിപ്പോർട്ട് എല്ലാ മാസവും നിർബന്ധമായും ലഭ്യമാക്കുന്ന രീതിയിൽ തുടർനടപടി സ്വീകരിക്കാമെന്നും കൂടാതെ മാസംതോറുമുള്ള യോഗത്തിലും ഇക്കാര്യം ഉൾപ്പെടുത്താമെന്നും ജലവിഭവ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കടമാൻതോട് ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ പദ്ധതി രേഖ തയ്യാറാക്കണമെന്ന 21.06.2022-ലെ സമിതിയുടെ **5-ാം നമ്പർ നിർദ്ദേശത്തിന്മേൽ** വകുപ്പ് ലഭ്യമാക്കിയ ഇടക്കാല മറുപടി സമിതി പരിഗണിച്ച വേളയിൽ കാവേരി നദീജല തർക്ക ട്രൈബ്യൂണലിന്റെയും ബഹു.സുപ്രീംകോടതിയുടെയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാവേരി നദിയിൽനിന്നും കേരളത്തിന് അനുവദിച്ചിട്ടുള്ള 30 TMC ജലമുപയോഗിച്ച് ഏഴോളം പ്രോജക്ടുകളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും അതിൽ ഫേസ് 1-ൽ കടമാൻതോട് പദ്ധതിയും ഫേസ് 2-ൽ ശേഷിക്കുന്ന പ്രോജക്ടുകളുമാണ് ഉൾപ്പെടുന്നതെന്നും ഫേസ്-1 ൽ ഉൾപ്പെട്ടിട്ടുള്ള പ്രോജക്ടുകൾക്ക് ഏകദേശം 5.15 കോടി രൂപയും രണ്ടാമത്തെ ഫേസിൽ ഉൾപ്പെടുന്ന പ്രോജക്ടുകൾക്കെല്ലാംകൂടി 9.88 കോടി രൂപയും ഉൾപ്പെടെ ആകെ 15 കോടിയോളം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചതിൽ ഫേസ് 2-ൽ ഉൾപ്പെടുന്ന പ്രോജക്ടിന്റെ 9.88 കോടി രൂപയുടെ ഭരണാനുമതിയാണ് ആദ്യം ലഭിച്ചതെന്നും എന്നാൽ ഫേസ് 2-ലെ മൂന്ന് പ്രോജക്ടുകൾക്ക് ചില സാങ്കേതിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെന്നും ഫേസ് 1-ലുള്ള കടമാൻതോട് ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് പ്രാരംഭഘട്ടത്തിൽത്തന്നെ 44 ലക്ഷം രൂപ നൽകി ഒരു സാധ്യതാ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സർക്കാരുമായി ഇത് സംബന്ധിച്ച് ചർച്ച ചെയ്യുകയും 2033-വരെ കാലാവധിയുള്ള പ്രസ്തുത പ്രോജക്ടിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിനായി 5.15 കോടി രൂപ വേണ്ടിവരുമെന്നും അതിന്റെ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും ലഭിച്ചുകഴിഞ്ഞാൽ ഡി.പി.ആർ.-മായി മുന്നോട്ടുപോകുമെന്നും ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (IDRB) & ISW, ജലസേചന വകുപ്പ്,ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

പ്രസ്തുത ഇടക്കാല മറുപടി സമിതി അംഗീകരിച്ചു.

ബാണാസുര സാഗർ പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ചും ഇതുമായി ബന്ധപ്പെട്ട സാമൂഹിക ആഘാതവിശകലനം സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്നുള്ള 21.06.2022-ലെ സമിതിയുടെ **6-ാം നമ്പർ നിർദ്ദേശത്തിന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ

ബാണാസുരസാഗർ ജലസേചന പദ്ധതിക്കായി നിലവിൽ ഏറ്റെടുത്ത സ്ഥലം മുൻപ് നിർദേശിച്ചതിൽനിന്നും മാറ്റിയിട്ടുണ്ടെന്നും ഇത് സംബന്ധിച്ചൊരു പഠനം നടത്തി ശേഷിക്കുന്ന 720 മീറ്റർ കൂടി ഏറ്റെടുക്കാനുണ്ടെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് വില്ലേജ് ഓഫീസിൽ കത്ത് നൽകിയെങ്കിലും ഡീമാർക്കേഷൻ കഴിഞ്ഞുമാത്രമേ ഏകദേശം എത്ര സ്ഥലം ഏറ്റെടുക്കേണ്ടിവരുമെന്നുമുള്ള ശരിയായ രൂപം ലഭിക്കുകയുള്ളൂവെന്നും എതിർപ്പുകളുള്ളതുകൊണ്ട് കളക്ടറുടെ നേതൃത്വത്തിൽ പൊതുജനങ്ങളുമായുള്ള ചർച്ച ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണെന്നും ചർച്ച പൂർത്തീകരിച്ചതിനുശേഷം മാത്രമേ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂവെന്നും കാവേരി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത ചർച്ചയിൽ സ്ഥലം എം.എൽ.എ, പഞ്ചായത്ത് മെമ്പർമാർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, ചുമതലയുള്ള റവന്യൂ ഉദ്യോഗസ്ഥർ എന്നിവരെയും ഉൾപ്പെടുത്തി ചർച്ച നടത്തണമെന്ന് സമിതി അഭിപ്രായപ്പെടുകയും അത്തരത്തിൽ ചർച്ച ചെയ്യാമെന്ന് കാവേരി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ അറിയിക്കുകയും ചെയ്തു.

പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(5) **<u>10.01.2024-ലെ സമിതിയോഗ നിർദേശം- ശിപാർശ നം. (1), (2) എന്നിവയിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നപടി റിപ്പോർട്ട്</u>**

(ഫയൽ നമ്പർ 4660/സബ്.സി.എ 1/2017/ലെജി.)

അട്ടപ്പാടി ജലസേചന പദ്ധതിക്കായി ഏറ്റെടുത്ത ഭൂമിയിലെ അനധികൃത കയ്യേറ്റം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന 10.01.2024-ലെ സമിതിയുടെ **1-ാം നമ്പർ നിർദ്ദേശത്തിന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ പ്രസ്തുത പദ്ധതിക്കുവേണ്ടി ഏറ്റെടുത്ത ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തി അതിർത്തി നിർണ്ണയിക്കണമെന്ന് 12.02.2025-ൽ റവന്യൂ വകുപ്പിനോടാവശ്യപ്പെട്ടെങ്കിലും സർവ്വേ നടപടികൾ ഇതുവരെ ആരംഭിച്ചിട്ടില്ലായെന്ന് ജലസേചന വകുപ്പ് മെക്കാനിക്കൽ (എഫ്.എ.സി.) ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. തുടർന്ന് അതിർത്തി നിർണ്ണയത്തിനുള്ള നടപടികൾ അടിയന്തരമായി ആരംഭിക്കണമെന്നാവശ്യപ്പെട്ട് റവന്യൂ വകുപ്പിന് ഒരു ഓർമ്മക്കുറിപ്പ് നൽകണമെന്ന് വകുപ്പിനോട് സമിതി ആവശ്യപ്പെട്ടു.

പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ജലവിഭവ വകുപ്പിന് കീഴിലുള്ള നിലവിലെ പ്രോജക്ടുകളിലും പുതിയ പ്രോജക്ടുകളിലും അനധികൃതഭൂമി കയ്യേറ്റം തടയുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന 10.01.2024-ലെ സമിതിയുടെ **2-ാം നമ്പർ നിർദ്ദേശത്തിന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു. തുടർന്ന് ജൽജീവൻ മിഷന്റെ പൈപ്പ് സ്ഥാപിക്കാൻ വേണ്ടി കുഴിച്ച പഞ്ചായത്ത് റോഡുകൾ പുനഃസ്ഥാപിക്കുന്നതിനായി 1.90 കോടി രൂപ അനുവദിച്ചുവെങ്കിലും വർക്ക് ഓർഡർ നൽകിയിട്ടില്ലായെന്ന് വിലയിരുത്തിയ സമിതി, പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് ആരാഞ്ഞു. ദേശീയ ജൽജീവൻ മിഷൻ പ്രകാരം 16.08.2024-നുശേഷം പുതിയ വർക്കുകൾ അവാർഡ് ചെയ്യാൻ സാധിച്ചിട്ടില്ലായെന്നും കേന്ദ്ര മാനദണ്ഡപ്രകാരം പ്രസ്തുത ആവശ്യത്തിന് അധികമായി വേണ്ടിവരുന്ന തുക സംസ്ഥാന ഗവൺമെന്റ് വഹിക്കേണ്ടതുണ്ടെന്നും ധനകാര്യ വകുപ്പ് തുക ലഭ്യമാക്കാത്തതിനാലാണ് പുനഃസ്ഥാപിക്കൽ ജോലികൾ ആരംഭിക്കാത്തതെന്നും കേരള വാട്ടർ അതോറിറ്റി സ്പെഷ്യൽ സെക്രട്ടറി & മാനേജിങ് ഡയറക്ടർ മറുപടി നൽകി. തുടർന്ന് ധനകാര്യ വകുപ്പിനോട് തുക വകയിരുത്താൻ ആവശ്യപ്പെടാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

(6) <u>2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 12.04.2022-ലെ സമിതിയോഗ നിർദേശം - ശിപാർശ നം.(1)-മേൽ കൃഷി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്</u>

(ഫയൽ നമ്പർ 12030/സബ്.സി.എ 1/2022/ലെജി.-KLS/3696/2025-Sub C A1)

നിലവിൽ ജലവിഭവ വകുപ്പിന് അനുവദിച്ചിട്ടുള്ള പുഞ്ച കൃഷിക്ക് വേണ്ടി വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി നൽകുന്നതിനായുള്ള ശീർഷകം കൃഷിവകുപ്പിന് കൈമാറുന്നത് സംബന്ധിച്ച സാധുത പരിശോധിക്കണമെന്ന സമിതിയോഗ നിർദ്ദേശത്തിന്മേൽ കൃഷി വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ 2702-01-800-88-83 (NP/V) എന്ന ശീർഷകത്തിന്റെ നിലവിലെ സബ് കൺട്രോളിങ് ഓഫീസർമാരെ നിലനിർത്തിക്കൊണ്ട് ചീഫ് കൺട്രോളിങ് ഓഫീസറായി കൃഷി വകുപ്പ് ഡയറക്ടറെ നിയമിക്കുമ്പോൾ സബ് കൺട്രോളിങ്

ഓഫീസർമാരായ ഡെപ്യൂട്ടി കളക്ടർമാരും തഹസീൽദാറുമാരും കൃഷി വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ഉദ്യോഗസ്ഥരല്ലാത്തതിനാലും ചീഫ് കൺട്രോളിങ് ഓഫീസറെ കൃഷി വകുപ്പ് ഡയറക്ടറാക്കി മാറ്റുന്നതിലൂടെ നിലവിലുള്ള സംവിധാനം കുറച്ചുകൂടി മോശമാകാൻ സാധ്യതയുള്ളതിനാലും തൽസ്ഥിതി തുടരുകയോ ഉദ്യോഗസ്ഥ സംവിധാനങ്ങളുൾപ്പെടെ ഈ ശീർഷകം പൂർണ്ണമായും കൃഷി വകുപ്പിലേക്ക് മാറ്റുകയോ ചെയ്യുന്നതാണ് ഉചിതമെന്ന് കൃഷി വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. തുടർന്ന് ഈ ശീർഷകം കൃഷി വകുപ്പിന് കൈമാറണമെന്ന് ധനകാര്യ വകുപ്പിനോട് ശിപാർശ ചെയ്യാനാണ് ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച യോഗത്തിൽ സമിതി തീരുമാനിച്ചതെന്നും ഇത് സംബന്ധിച്ച് പരിശോധിക്കാമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ടെന്നും നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി കൂട്ടിച്ചേർത്തു. പുഞ്ചകൃഷി പദ്ധതിയുടെ നിർവഹണം റവന്യൂ, കൃഷി വകുപ്പുകൾക്ക് കീഴിലായതിനാലും പ്രസ്തുത പദ്ധതിക്ക് മേൽനോട്ടം വഹിക്കുന്നത് കൃഷി ഓഫീസറായതിനാലും ടി ശീർഷകം കൃഷി വകുപ്പിലേക്ക് മാറ്റുന്നതാണ് പ്രായോഗികമെന്ന് വിലയിരുത്തിയ സമിതി, ധനകാര്യ വകുപ്പുമായി ആലോചിച്ച് പ്രസ്തുത വിഷയത്തിൽ തുടർനടപടി സ്വീകരിക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ടു.

പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(7) <u>05.07.2021-ലെ സമിതിയോഗ നിർദേശം-ശിപാർശ നം.(10)-മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്</u>

(ഫയൽ നം. 14448/സബ്.സി.എ 1/2021/ലെജി - (KLS/4097/2025 - Sub C A1))

വാണിയംകുളത്തെ മാന്നന്നൂർ തടയണയുടെ അശാസ്ത്രീയമായ നിർമ്മാണം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന സമിതിയോഗ നിർദ്ദേശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം പഞ്ചായത്തിൽ മാന്നന്നൂർ എന്ന സ്ഥലത്ത് 2016-ൽ ഭാരതപുഴയ്ക്ക് കുറുകെ പരീക്ഷണാർഥം നിർമ്മിച്ച തടയണകൾ 2018-ലുണ്ടായ പ്രളയത്തിൽ ഉപയോഗപ്രദമല്ലാതെ വന്നതിനെത്തുടർന്ന് സമിതി മുമ്പാകെ നിർദേശം വരികയും അടിയന്തരമായ പുനർനിർമ്മാണത്തിന് പദ്ധതി തയ്യാറാക്കാൻ

നിർദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് എൻ.എസ്.എസ്. എഞ്ചിനീയറിങ് കോളേജിന്റെ സാങ്കേതിക സഹായത്തോടുകൂടി ഡിസൈൻ തയ്യാറാക്കുകയും 12.6 കോടി രൂപയ്ക്ക് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽനിന്നും ഫണ്ട് അനുവദിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ പൂർത്തിയാക്കിയെങ്കിലും അപ്രതീക്ഷിതമായ പ്രളയവും മഴക്കാലവും കാരണം പ്രവൃത്തി നിർത്തിവയ്ക്കുകയും നേരത്തെയുണ്ടായ ബ്രീച്ചിന്റെ മുകൾഭാഗത്തുകൂടി വീണ്ടും പുതിയ ബ്രീച്ച് ഡെവലപ്പ് ചെയ്യുകയും നിർമ്മാണത്തിലിരുന്ന സൈഡ് വാളിന് കേടുപാടുകൾ സംഭവിക്കുകയും ചെയ്തതിനെ തുടർന്ന് പുതിയ പ്രൊപ്പോസൽ സമർപ്പിച്ചപ്പോൾ ഐ.ഐ.ടി.-യോ എൻ.ഐ.ടി.-യോ പോലുള്ള സ്ഥാപനത്തെ ഏല്പിച്ച് നിലവിലെ സാഹചര്യം വിലയിരുത്തി പുതിയ ഡിസൈൻ സമർപ്പിക്കാൻ റീബിൽഡ് കേരള (RKI) ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് എൻ.ഐ.ടി.-യെ രൂപകല്പന തയ്യാറാക്കി നൽകാൻ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് നിരന്തരമായി ഫോളോഅപ്പ് ചെയ്തുവരികയാണെന്നും സമിതി അംഗം ശ്രീ. പി. മമ്മിക്കുട്ടി എം.എൽ.എ. സ്ഥലസന്ദർശനം നടത്തി പ്രവർത്തന പുരോഗതി വിലയിരുത്തുകയുണ്ടായെന്നും കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതിയെ അറിയിച്ചു.

പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(8) <u>26.07.2023-ലെ സമിതിയോഗ നിർദേശത്തിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്</u>

(ഫയൽ നം.524/സബ്.സി. എ 1/2019 ലെജി.-(KLS/3959/2025- Sub C A1))

ജൽ ജീവൻ മിഷൻ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള ഉപദേശക സമിതിയിൽ അംഗങ്ങളായിട്ടുള്ള എല്ലാ എം.എൽ.എ-മാരുടെയും പേരുകൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് ലഭ്യമാക്കണമെന്നും കൂടാതെ ശുദ്ധജലവിതരണ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രാദേശിക തലത്തിലുള്ള പ്രശ്നങ്ങൾ കൂടി പ്രസ്തുത കമ്മിറ്റിയുടെ പരിധിയിൽ ഉൾപ്പെടുത്തണമെന്നുമുള്ള സമിതിയോഗ നിർദ്ദേശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി ജൽ

ജീവൻ മിഷനുമായി ബന്ധപ്പെട്ട് റോഡുകളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടക്കുന്നില്ലായെന്നും ഇത് പരിഹരിക്കുന്നതിനായി പഞ്ചായത്തുകൾക്ക് പണം അനുവദിച്ചുകൊണ്ട് കത്ത് നൽകിയിട്ടുണ്ടോയെന്നും ആരാഞ്ഞു. പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ ലഭ്യമാക്കുന്നതിനനുസരിച്ച് പണം നൽകുന്നതാണെന്നും ജൽ ജീവൻ മിഷനിൽ നിന്നും വർക്ക് ടെൻഡർ ചെയ്തിട്ടും കോൺട്രാക്ടർമാർ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ലായെങ്കിൽ പഞ്ചായത്തിന് അത് ഏറ്റെടുത്ത് ചെയ്യാമെന്നും കൂടാതെ എസ്റ്റിമേറ്റ് തയ്യാറായിട്ടും പത്ത് കിലോമീറ്റർ ഭാഗത്ത് റോഡില്ലെങ്കിൽ ആ ഭാഗം പുനഃസ്ഥാപിക്കുന്നതിന് ടെൻഡർ ചെയ്ത വ്യക്തികൾക്ക് പണം നൽകിയിട്ടില്ലെങ്കിൽ വാട്ടർ അതോറിറ്റിക്ക് പഞ്ചായത്തുമായി കൂടിയാലോചിച്ച് പ്രസ്തുത പ്രവൃത്തി നിർവഹിക്കാൻ പഞ്ചായത്തിനോട് ആവശ്യപ്പെടുകയോ അപ്രകാരം ചെയ്യാൻ പഞ്ചായത്ത് തയ്യാറാണെങ്കിൽ PFMS-ൽ നിന്നും തുക പഞ്ചായത്തിന് നൽകുവാനോ സാധിക്കുമെന്നും ഇത്തരത്തിലുള്ള പഞ്ചായത്തുകളെ സംബന്ധിച്ച് അറിയിച്ചാൽ പ്രസ്തുത പഞ്ചായത്തുമായി ബന്ധപ്പെട്ട വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥർ കോ-ഓർഡിനേറ്റ് ചെയ്തുകൊള്ളുമെന്നും എന്നാൽ പഞ്ചായത്തിന് അഡ്വാൻസായി പണം നൽകാൻ വാട്ടർ അതോറിറ്റിക്ക് സാധിക്കില്ലായെന്നും കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ സമിതിയെ അറിയിച്ചു. തുടർന്ന് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ഇത്തിക്കരയാറ് കേന്ദ്രീകരിച്ച് തടയണ നിർമ്മിച്ച് പൂതക്കുളം പഞ്ചായത്തിലും പറവൂർ മുനിസിപ്പാലിറ്റിയിലും പുതിയ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുണ്ടാക്കാനും അതിനുള്ള ഭൂമി ഏറ്റെടുക്കലിനുമായി കിഫ്ബിയിൽ 7 കോടി രൂപ വകയിരുത്തിയെങ്കിലും ആദ്യം തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് കുടിവെള്ള പദ്ധതി സാധ്യമാകുകയില്ല എന്നാണ് അറിയാൻ സാധിച്ചതെന്നും നിലവിൽ ചാത്തമംഗലം കുടിവെള്ള പദ്ധതിക്കുവേണ്ടി വകയിരുത്തിയ തുകയിൽ ശേഷിക്കുന്ന തുക ഉപയോഗിച്ചാണ് പ്രസ്തുത പ്രവൃത്തി ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതെന്നും ടി വിഷയവുമായി ബന്ധപ്പെട്ട് എം.എൽ.എ.-യെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള യോഗം ചേരണമെന്ന് സമിതി അഭിപ്രായപ്പെട്ടു. തുടർന്ന് സമിതി നിർദ്ദേശപ്രകാരം തുടർനടപടി കൈക്കൊള്ളാമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിങ്

ഡയറക്ടർ സമിതിയെ അറിയിച്ചു.

പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

II കാലതാമസപത്രികകളുടെ പരിഗണന

(9)ധനാഭ്യർഥന നമ്പർ 29-ൽ ഉൾപ്പെട്ടുവരുന്ന വിവിധ ശീർഷകങ്ങളിൽ2019-20 സാമ്പത്തിക വർഷം കേരള സംസ്ഥാന ഭൂജല വകുപ്പിനനുവദിച്ച ബഡ്ജറ്റ് വിഹിതം വിനിയോഗിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിനുണ്ടായ കാലതാമസം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

(ഫയൽ നം. 315/സബ്.സി. എ 1/2020/ലെജി.)

അംഗീകരിച്ചു

(10) ധനാഭ്യർഥന നമ്പർ20, 29 എന്നിവയിലുൾപ്പെട്ടുവരുന്ന വിവിധ ശീർഷകങ്ങളിൽ 2021-22 സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന ഭൂജല വകുപ്പ് എന്നിവയ്ക്കനുവദിച്ച ബഡ്ജറ്റ് വിഹിതം വിനിയോഗിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിനുണ്ടായ കാലതാമസം സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ

(ഫയൽ നം. 104/സബ്.സി. എ 1/2022/ലെജി.)

അംഗീകരിച്ചു

(11) ധനാഭ്യർഥന നമ്പർ 20, 29 എന്നിവയിലുൾപ്പെട്ടുവരുന്ന വിവിധ ശീർഷകങ്ങളിൽ 2022-23 സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന ഭൂജലവകുപ്പ് എന്നിവയ്ക്കനുവദിച്ച ബഡ്ജറ്റ് - വിഹിതം വിനിയോഗിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിനുണ്ടായ കാലതാമസം സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ

(ഫയൽ നം. 789/സബ്.സി. എ 1/2023/ലെജി.)

അംഗീകരിച്ചു

ഉച്ചയ്ക്കുശേഷം 3.35-ന് യോഗം അവസാനിച്ചു.

****

2. 30.07.2025-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി III, 2025 ജൂലൈ 30 ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00-മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു. ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. റോഷി അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. ആന്റണി രാജു, എം.എൽ.എ.
2. ശ്രീ. ലിന്റോ ജോസഫ്, "
3. ശ്രീ. കെ. പി. എ. മജീദ്, "
4. ശ്രീ. പി. മമ്മിക്കുട്ടി, "
5. ശ്രീ. കെ. ജെ. മാക്സി, "
6. ശ്രീ. എച്ച്. സലാം, "

വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗങ്ങൾ:

1. ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. ആർ. എസ്. സന്തോഷ്കുമാർ, ജോയിന്റ് സെക്രട്ടറി

2. ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

2. ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. മിൻഹാജ് ആലം, പ്രിൻസിപ്പൽ സെക്രട്ടറി, വനം- വന്യജീവി വകുപ്പ്
2. ശ്രീ. ജീവൻ ബാബു കെ., സ്പെഷ്യൽ സെക്രട്ടറി, ജലവിഭവ വകുപ്പ് & മാനേജിങ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി

3. ശ്രീ. സജികുമാർ ജെ., സ്പെഷ്യൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
4. ശ്രീമതി സൂസൻ ഗോപി, അഡീഷണൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്
5. ശ്രീ. രാജേഷ് കുമാർ കെ. കെ., ജോയിന്റ് സെക്രട്ടറി, ജലവിഭവ വകുപ്പ്
6. ശ്രീമതി ഹസീന പി. എസ്., ജോയിന്റ് സെക്രട്ടറി, ജലവിഭവ വകുപ്പ്
7. ശ്രീമതി ദീപ എൻ. സി., ജോയിന്റ് സെക്രട്ടറി, ജലവിഭവ വകുപ്പ്
8. ശ്രീ. കെ. ബാലശങ്കർ, ഡയറക്ടർ, ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.)
9. ശ്രീമതി റിനി റാണി എസ്., ഡയറക്ടർ-ഇൻ-ചാർജ്, ഭൂഗർഭജല വകുപ്പ്
10. ശ്രീ. ബിനോയ് ടോമി ജോർജ്, ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ ആൻഡ് അഡ്മിനിസ്ട്രേഷൻ), ജലവിഭവ വകുപ്പ്
11. ശ്രീ. സിനോഷ് സി. എസ്., ചീഫ് എഞ്ചിനീയർ, പ്രോജക്ട് I, ജലവിഭവ വകുപ്പ്, കോഴിക്കോട്

പ്രസ്തുത യോഗത്തിൽ, ചട്ട രൂപീകരണം സംബന്ധിച്ച ബഹു.സ്പീക്കറുടെ 12.06.2019, 11.07.2024 തീയതികളിലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-മായി ബന്ധപ്പെട്ട് ലഭ്യമാക്കുവാൻ അവശേഷിക്കുന്ന കരട് ചട്ടങ്ങൾ, സമിതിയുടെ വിവിധ യോഗനിർദ്ദേശങ്ങളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി പത്രികകൾ, 2024-25-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, ഫയൽ അദാലത്ത് സംബന്ധിച്ച കുടിശ്ശിക ഫയലുകളെ സംബന്ധിച്ച വിവരങ്ങൾ എന്നിവ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് താഴെപ്പറയും പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

(I) <u>ചട്ട രൂപീകരണം സംബന്ധിച്ച ബഹു.സ്പീക്കറുടെ 12.06.2019, 11.07.2024 തീയതികളിലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-മായി ബന്ധപ്പെട്ട് രൂപീകരിക്കേണ്ട ചട്ടങ്ങൾ സംബന്ധിച്ച്</u>

നിയമസഭ പാസ്സാക്കിയ നിയമങ്ങളിന്മേൽ ചട്ടങ്ങൾ രൂപീകരിക്കാത്തതുമായി ബന്ധപ്പെട്ട് സാമാജികരുടെ ഭാഗത്തുനിന്നും നിരന്തരം ക്രമപ്രശ്നമുണ്ടായ സാഹചര്യത്തിൽ, സഭ പാസ്സാക്കിയ നിയമങ്ങളിന്മേൽ ചട്ടങ്ങൾ രൂപീകരിക്കാനുണ്ടെങ്കിൽ ആയത് അടിയന്തരമായി രൂപീകരിക്കണമെന്നും കുടിശ്ശിക ചട്ടങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി എല്ലാ സമിതികളും പ്രത്യേക യോഗം ചേരേണ്ടതാണെന്നും ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ജലവിഭവം സംബന്ധിച്ച സബ്ജക് കമ്മിറ്റി III-മായി ബന്ധപ്പെട്ട് 2003-ലെ കേരള ജലസേചനവും ജല സംരക്ഷണവും ആക്റ്റിന്മേലുള്ള ഫാർമേഴ്സ് അസോസിയേഷൻ രൂപീകരണം സംബന്ധിച്ച കരട് ചട്ടം , 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ് മുഖേന ഭേദഗതി ചെയ്ത "2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ടിന്മേലുള്ള" കരട് ചട്ടം എന്നിങ്ങനെ രണ്ട് ചട്ടങ്ങളാണ് രൂപീകരിക്കാനുള്ളതെന്നും നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് സമിതി പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു.

(i) <u>**2003-ലെ കേരള ജലസേചനവും ജല സംരക്ഷണവും ആക്റ്റിന്മേലുള്ള ഫാർമേഴ്സ് അസോസിയേഷൻ രൂപീകരണം സംബന്ധിച്ച കരട് ചട്ടം**</u>

(ഫയൽ നമ്പർ 3355/സബ്.സി.എ 1/2019/ലെജി.)

പ്രസ്തുത കരട് ചട്ട രൂപീകരണം സംബന്ധിച്ച വിഷയത്തിന്മേൽ വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നറിയിച്ച ജലവിഭവ വകുപ്പ് (ഇറിഗേഷൻ ആൻഡ് അഡ്മിനിസ്ട്രേഷൻ), ചീഫ് എഞ്ചിനീയർ പ്രസ്തുത പ്രൊപ്പോസലിന്റെ പ്രസക്ത ഭാഗം സമിതിയ്ക്ക് മുൻപാകെ വ്യക്തമാക്കി.

പ്രസ്തുത പ്രൊപ്പോസൽ പ്രകാരം താഴേത്തട്ടിൽ Sluice committee-വാട്ടർ യൂസേഴ്സ് അസോസിയേഷൻ എന്ന കമ്മിറ്റിയാണ് രൂപീകരിക്കേണ്ടതെന്നും പ്രസ്തുത കമ്മിറ്റിയിൽ ജലസേചന വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി ഓഫീസർ, ഗ്രാമപഞ്ചായത്തംഗം, കർഷകർ എന്നിവരാണ് അംഗങ്ങളായുള്ളതെന്നും കമ്മിറ്റിക്ക് കീഴിൽ വരുന്ന

കൃഷിസ്ഥലങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുകയാണ് പ്രസ്തുത കമ്മിറ്റിയുടെ ചുമതലയെന്നും Sluice കമ്മിറ്റിയ്ക്ക് തൊട്ടുമുകളിലായി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ഓരോ Sluice കമ്മിറ്റിയിൽനിന്നുമുള്ള ഓരോ അംഗങ്ങൾ, കൃഷി ഓഫീസർ, ജലസേചന വകുപ്പിൽ നിന്നുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെ ഉൾപ്പെടുത്തി കനാൽ കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ടെന്നും പ്രസ്തുത കമ്മിറ്റിക്ക് കീഴിലുള്ള എല്ലാ ആയക്കെട്ട് പ്രദേശത്തേയ്ക്കും ജലലഭ്യത ഉറപ്പാക്കുകയാണ് കനാൽ കമ്മിറ്റിയുടെ ചുമതലയെന്നും കനാൽ കമ്മിറ്റിക്ക് മുകളിൽ ബഹു എം.എൽ.എ., ആയിരം ഹെക്ടർ സ്ഥലത്തെ പ്രതിനിധീകരിച്ച് കനാൽ കമ്മിറ്റിയിൽ നിന്നുള്ള അംഗങ്ങൾ, ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ എന്നിവരെ ഉൾപ്പെടുത്തി പ്രോജക്ട് അഡ്വൈസറി കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ടെന്നും പ്രോജക്ടിനുകീഴിലുള്ള എല്ലാ കൃഷിസ്ഥലത്തേയ്ക്കും കൃത്യമായ ജലലഭ്യത ഉറപ്പാക്കുക, ജലദൗർലഭ്യം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സഹായത്തോടെ ജലലഭ്യത ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കുക എന്നിവയാണ് പ്രസ്തുത കമ്മിറ്റിയുടെ ചുമതലയെന്നും കൂടാതെ പ്രസ്തുത പ്രോജക്ട് അഡ്വൈസറി കമ്മിറ്റിക്ക് മുകളിൽ, ഓരോ ജലസേചന പദ്ധതിയുടെയും 3000 ഹെക്ടർ സ്ഥലത്തെ പ്രതിനിധീകരിച്ചുള്ള കനാൽ കമ്മിറ്റി അംഗങ്ങളെയും ഓരോ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽനിന്നുള്ള ഓരോ പ്രതിനിധിയെയും ഉൾപ്പെടുത്തി ജില്ലാ പ്രോജക്ട് അഡ്വൈസറി കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ടെന്നും ബന്ധപ്പെട്ട എം.എൽ.എ.-മാർ, ജില്ലാ കളക്ടർ (ചെയർപേഴ്സൺ), ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൺവീനർ), പ്രിൻസിപ്പൽ കൃഷി ഓഫീസർ, കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഫിഷറീസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, ഹരിത കേരള മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ, ജോയിന്റ് പ്രോഗ്രാം ഓഫീസർ (MGNREGS) എന്നിവരാണ് കമ്മിറ്റിയിലെ മറ്റംഗങ്ങളെന്നും കൃഷി വകുപ്പിന്റെ ക്രോപ് കലണ്ടർ അനുസരിച്ച് ജലസേചന വകുപ്പ് ജലവിതരണം ആരംഭിക്കുന്നതിനുമുമ്പായി കൃത്യമായി ആസൂത്രണം ചെയ്ത് ഓരോ വിളകളുടെയും ജലവിതരണ കലണ്ടർ തയ്യാറാക്കുക, സ്ഥലം എം.എൽ.എ., ജില്ലാ കളക്ടർ എന്നിവരുടെ അറിവോടെ ഡാമുകളും കനാലുകളും തുറക്കുക, GDMA

പ്രകാരമുള്ള മാനദണ്ഡങ്ങൾ നിർബന്ധമായി പാലിക്കുക എന്നിവയാണ് പ്രസ്തുത കമ്മിറ്റിയുടെ ചുമതലകളെന്നും ജലലഭ്യതക്കനുസരിച്ച് കർഷകർക്ക് മൂപ്പുകുറഞ്ഞ വിത്തുകൾ വിതരണം ചെയ്യുന്നതിനും അതനുസരിച്ച് കൃഷിപ്പണി ആസൂത്രണം ചെയ്യുന്നതിനും കൃഷി വകുപ്പ് മുൻകൈയെടുക്കേണ്ടതാണെന്നും കനാലുകളിലൂടെയുള്ള ജലവിതരണത്തിനുശേഷം കേരള വാട്ടർ അതോറിറ്റി, ഡാമുകളിലെ കുടിവെള്ള വിതരണത്തിനുള്ള ജലലഭ്യത ഉറപ്പുവരുത്തേണ്ടതുമാണെന്നും ജലവിഭവ വകുപ്പ് (ഇറിഗേഷൻ ആൻഡ് അഡ്മിനിസ്ട്രേഷൻ), ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

നിലവിൽ പ്രസ്തുത ആക്ടിന്മേൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിനു മറുപടിയായി നിലവിലെ ചട്ടങ്ങളിൽ വാട്ടർ യൂസേഴ്സ് അസോസിയേഷൻ മാത്രമാണുള്ളതെന്നും എം.എൽ.എ.-മാരുടെ പ്രാതിനിധ്യംകൂടി ഉറപ്പുവരുത്തണമെന്ന സമിതി നിർദ്ദേശപ്രകാരമാണ് ഇത്തരത്തിൽ മാറ്റംവരുത്താൻ തീരുമാനിച്ചതെന്നും ജലവിഭവ വകുപ്പ് (ഇറിഗേഷൻ ആൻഡ് അഡ്മിനിസ്ട്രേഷൻ), ചീഫ് എഞ്ചിനീയർ മറുപടി നൽകി. സബ്ജക്ട് കമ്മിറ്റിയുടെ മുൻയോഗങ്ങളിൽ പ്രസ്തുത വിഷയം സംബന്ധിച്ച് ചർച്ച ചെയ്തിരുന്നുവെങ്കിലും നിയമവകുപ്പിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരം ഒരു ചട്ട രൂപീകരണത്തിന്റെ ആവശ്യകത ഇല്ല എന്നാണ് തീരുമാനിച്ചതെന്നും എന്നാൽ പ്രസ്തുത വിഷയം വീണ്ടും പരിഗണിച്ചപ്പോൾ എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ കമ്മിറ്റി വേണമെന്ന സമിതി അംഗങ്ങളുടെ പൊതു ആവശ്യപ്രകാരമാണ് പുതിയ പ്രൊപ്പോസൽ ഗവൺമെന്റിന് സമർപ്പിച്ചതെന്നും ജലവിഭവ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി & മാനേജിങ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി കൂട്ടിച്ചേർത്തു.

പ്രസ്തുത കരടുചട്ട രൂപീകരണം സംബന്ധിച്ച് ചർച്ച ചെയ്ത സബ്ജക്ട് കമ്മിറ്റിയുടെ മുൻയോഗങ്ങളിൽ എം.എൽ.എ-മാരെ ഉൾപ്പെടുത്തി സമിതി രൂപീകരിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചത് വകുപ്പുതലത്തിലെടുത്ത തീരുമാനപ്രകാരമാണെന്നും ഇതുസംബന്ധിച്ച് നിയമവകുപ്പിനോട് അഭിപ്രായം ചോദിച്ചിട്ടില്ലായെന്നും നിയമ വകുപ്പ് ഉദ്യോഗസ്ഥർ വ്യക്തമാക്കിയിരുന്നു. കൂടാതെ ചട്ട രൂപീകരണം സംബന്ധിച്ച് നിയമസഭാ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ ചേർന്ന വകുപ്പ

സെക്രട്ടറിമാരുടെ യോഗത്തിൽ 2005-ൽ ഇറക്കിയിട്ടുള്ള ചട്ടങ്ങളിൽ ഇത് സംബന്ധിച്ച് പ്രൊവിഷനുള്ളതിനാൽ ഇപ്രകാരമൊരു കമ്മിറ്റിയുടെ ആവശ്യമില്ലെന്ന് നിയമ വകുപ്പുസെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നും ഗവൺമെന്റ് നൽകിയ മറുപടിയിലും തത്വത്തിൽ പ്രസ്തുത കമ്മിറ്റി രൂപീകരിക്കേണ്ടതില്ല എന്നാണ് പറഞ്ഞിരിക്കുന്നതെന്നും എന്നാൽ ഇത് സംബന്ധിച്ച് സമിതിക്ക് നിലവിൽ ലഭ്യമാക്കിയിരിക്കുന്ന മറുപടിയിൽ പ്രസ്തുത കരടുചട്ട രൂപീകരണം സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിക്കാൻ ഇറിഗേഷൻ ആൻഡ് അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ടെന്നാണ് പറഞ്ഞിരിക്കുന്നതെന്നും നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് നിലവിൽ സമിതിക്ക് ലഭ്യമാക്കിയിരിക്കുന്നത് ഇത് സംബന്ധിച്ച പ്രൊപ്പോസൽ മാത്രമാണെന്നും ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് സർക്കാർ തലത്തിൽ പരിശോധിച്ച് നിയമവകുപ്പിന്റെ അഭിപ്രായം കൂടി ആരാഞ്ഞ ശേഷം സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണെന്നും ജലവിഭവ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി & മാനേജിങ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി മറുപടി നൽകി. നിയമ വകുപ്പിന്റെ അഭിപ്രായത്തോടുകൂടി കരട് പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത വിഷയം വീണ്ടും പരിഗണിക്കാമെന്ന് സമിതി തീരുമാനിച്ചു.

(ii) <u>2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് മുഖേന ഭേദഗതി ചെയ്ത "2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ടിന്മേലുള്ള" കരട് ചട്ടം- ലഭ്യമാക്കാത്തത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത് സംബന്ധിച്ച്</u>

(ഫയൽ നമ്പർ 3355/സബ്.സി.എ 1/2019/ലെജി.)

പ്രസ്തുത കരട് ചട്ട രൂപീകരണം സംബന്ധിച്ച വിഷയത്തിന്മേൽ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും ലഭ്യമായ റിപ്പോർട്ടിൽ, 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ടിന്റെ 10 എ വകുപ്പിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ള ഭൂജലം, ശുദ്ധീകരിക്കുകയും ശുദ്ധീകരിച്ച് ഉപയോഗിക്കുകയും ചെയ്യുന്നതിനുള്ള വ്യവസ്ഥ കൂടി ഉൾപ്പെടുത്തണമെന്ന ക്ലോസ്, നിലവിലുള്ള ചട്ടങ്ങളിൽ 18(A) ആയി ഉൾപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്നും

അപ്രകാരം പ്രസ്തുത കരട് ചട്ടം നിയമവകുപ്പിലേക്ക് അയച്ചിട്ടുണ്ടെന്നും നിയമവകുപ്പിന്റെ അഭിപ്രായം കൂടി രേഖപ്പെടുത്തി സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണെന്നും ജലവിഭവ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു. ആയത് സമിതി അംഗീകരിച്ചു.

II. നടപടിപത്രികകളുടെ പരിഗണന

2. 31-08-2024-ലെ സമിതിയോഗ നിർദേശത്തിന്മേൽ ജലവിഭവ(ഭൂജല) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്

(ഫയൽ നമ്പർ 4237/സബ്.സി.എ 1/2017/ലെജി.)(KLS/4651/2025-Sub C A1)

കിണർ റീചാർജ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ ക്രിട്ടിക്കൽ/സെമിക്രിട്ടിക്കൽ മേഖലകളിൽ കൂടി ഏർപ്പെടുത്തണമെന്നും ഭൂഗർഭജലം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പ്രൈവറ്റ് സെക്ടറിലെ കിണറുകളെ കൂടി റീചാർജ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും ഇതിനായി സെൻട്രൽ ഗ്രാന്റ് ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കണമെന്നുമുള്ള സമിതി നിർദ്ദേശത്തിന്മേൽ ജലവിഭവ (ഭൂജല) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ കുടിവെള്ള പദ്ധതികൾക്കായി ഉപയോഗിക്കുന്ന ജലസ്രോതസ്സുകളെ സുസ്ഥിരമാക്കുന്നതിനായി പ്രസ്തുത ജലസ്രോതസ്സുകളുടെ വൃഷ്ടി പ്രദേശത്ത് റെയിൻവാട്ടർ ഹാർവെസ്റ്റിങ് നടത്തി കൃത്രിമ ഭൂജലസംപോഷണ പദ്ധതികൾ സ്വകാര്യ കെട്ടിടങ്ങൾ കൂടി ഉൾപ്പെടുന്ന സ്ഥലത്തെ കിണറുകളിൽ നടത്താമെന്ന് 2024-25 സാമ്പത്തിക വർഷത്തെ ഭൂജല വകുപ്പിന്റെ ബജറ്റ് നോട്ടുപ്രകാരം അറിയിച്ചിട്ടുണ്ടെന്നും ആയതിൻ പ്രകാരം നടപ്പ് സാമ്പത്തിക വർഷം മുതൽ ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പിലാക്കുന്നതാണെന്നും നിലവിൽ സർക്കാർ സ്കൂളുകൾ, ഓഫീസുകൾ, കെട്ടിടങ്ങൾ എന്നിവിടങ്ങളിലെ കിണറുകളിൽ മാത്രമാണ് റീചാർജ് പ്രവർത്തനങ്ങൾ ചെയ്യുന്നതെങ്കിലും പ്ലാൻ റൈറ്റപ്പിൽ കുടിവെള്ള പദ്ധതികളുടെ റീചാർജ് ഏരിയയിലുള്ള സ്വകാര്യ കെട്ടിടങ്ങൾകൂടി ഉപയോഗിക്കാവുന്നതാണെന്ന് പറഞ്ഞിട്ടുണ്ടെന്നും ഭൂഗർഭജല വകുപ്പ് ഡയറക്ടർ-ഇൻ-

ചാർജ്ജ് സമിതിയെ അറിയിച്ചു.

ക്രിട്ടിക്കൽ/സെമിക്രിട്ടിക്കൽ മേഖലകളിൽ പദ്ധതി നടപ്പാക്കിയാൽ ഭൂഗർഭജലത്തിന്റെ അളവ് മെച്ചപ്പെടുത്താൻ കഴിയുമെന്നതിനാൽ കിണർ റീചാർജ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സ്വകാര്യം/പങ്കാളിത്തം/ഗവൺമെന്റ് എന്നിങ്ങനെ വേർതിരിക്കേണ്ടതില്ലായെന്നും സ്വകാര്യ കെട്ടിടങ്ങളിലെ കിണറുകളിൽ റീചാർജ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് താല്പര്യമറിയിക്കുന്നവർക്കായി 50% സബ്സിഡി അനുവദിക്കാവുന്നതാണെന്നും എന്നാൽ ചില മേഖലകളിൽ ചെക്ക് ഡാമുകളും മറ്റും സ്ഥാപിച്ചപ്പോൾ ആ പ്രദേശം ക്രിട്ടിക്കൽ മേഖലയിൽ നിന്നും സെമിക്രിട്ടിക്കലിലേക്ക് മാറ്റപ്പെട്ടിട്ടുണ്ടെന്നും ഉപരിതലത്തിലെത്തുന്ന വെള്ളം ഉപയോഗിച്ച് കിണറുകൾ റീചാർജ് ചെയ്യാനുള്ള പ്രചോദനം നൽകിയാൽ നിലവിലെ സാഹചര്യത്തിന് മാറ്റമുണ്ടാകുമെന്നും വിലയിരുത്തിയ സമിതി, മേല്പറഞ്ഞ കാര്യങ്ങൾ പരിശോധിച്ച് കിണർ റീചാർജ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ക്രിട്ടിക്കൽ/സെമിക്രിട്ടിക്കൽ മേഖലകളിൽ പ്ലാൻ ഫണ്ടിൽനിന്നും സബ്സിഡി ഉൾപ്പെടെ കൊടുക്കാൻ സാധിക്കുന്ന തരത്തിൽ പ്രോജക്ട് തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചു.

നിലവിൽ ക്രിട്ടിക്കൽ /സെമി ക്രിട്ടിക്കൽ മേഖലകൾ തീരുമാനിക്കുന്നത് ബ്ലോക്ക് അടിസ്ഥാനത്തിലായതിനാൽ ഏതെങ്കിലുമൊരു പഞ്ചായത്തിന്റെ ഒരു ഭാഗം ക്രിട്ടിക്കൽ/ സെമി ക്രിട്ടിക്കൽ ബ്ലോക്കിൽ ഉൾപ്പെട്ടാൽ പ്രസ്തുത പഞ്ചായത്തിനെ മുഴുവൻ പ്രശ്നം ബാധിക്കുന്ന സാഹചര്യമുള്ളതിനാൽ ബ്ലോക്ക് അടിസ്ഥാനത്തിൽ ക്രിട്ടിക്കൽ/സെമി ക്രിട്ടിക്കൽ മേഖലകൾ തീരുമാനിക്കുന്നതിന് മാറ്റം വരേണ്ടതാണെന്ന് അഭിപ്രായപ്പെട്ട സമിതി, വാട്ടർ സെൻസസിന്റെ റിപ്പോർട്ട് ഉൾപ്പെടെ പരിശോധിച്ചാൽ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരില്ലേ എന്ന് ആരാഞ്ഞു. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചാൽ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുമെങ്കിലും കേന്ദ്ര മാനദണ്ഡപ്രകാരം സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡാണ് ബ്ലോക്കുകൾ തയ്യാറാക്കുന്നതെന്ന് ഭൂഗർഭജല വകുപ്പ് ഡയറക്ടർ-ഇൻ-ചാർജ് മറുപടി നൽകി. ക്രിട്ടിക്കൽ/സെമി ക്രിട്ടിക്കൽ മേഖലകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ

പരിഗണിക്കുന്നത് മൂലമുണ്ടാകുന്ന പ്രശ്നമാണിതെന്നും ഒരു ബ്ലോക്കിന്റെ എല്ലാ ഭാഗവും ഒരുപോലെ ആകണമെന്നില്ലാത്തതിനാൽ ദേശീയതലത്തിൽ നോംസ് മാറ്റിയെങ്കിൽ മാത്രമേ പ്രയോജനമുള്ളുവെന്നും ഗ്രൗണ്ട് വാട്ടറിന്റെ സംസ്ഥാനതല അതോറിറ്റിയിൽ പഞ്ചായത്തുകളെ പ്രത്യേകമായി പരിഗണിക്കാനാകുമോയെന്നത് സംബന്ധിച്ച് പരിശോധിക്കേണ്ടതാണെന്നും ഇന്നത്തെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭൂഗർഭജല വകുപ്പ് ഇത് സംബന്ധിച്ച പ്രൊപ്പോസൽ ഗവൺമെന്റിലേയ്ക്ക് നൽകിയാൽ ആദ്യഘട്ടം എന്ന നിലയിൽ ഒരു ബ്ലോക്കിൽ ഇത് നടപ്പാക്കി അതിന്റെ സാധ്യത പരിശോധിച്ചശേഷം മറ്റ് മേഖലകളിലേക്ക് വ്യാപിപ്പിക്കാവുന്നതാവും ഉചിതമെന്നും ജലവിഭവ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി & കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ കൂട്ടിച്ചേർത്തു.

കേരളത്തിലെയും ഇതര സംസ്ഥാനങ്ങളിലെയും സാഹചര്യങ്ങൾ വ്യത്യസ്തമാണെന്നും ഘടനാപരമായ പ്രത്യേകതകൊണ്ട് ഒരു ബ്ലോക്കിലെ ഏതെങ്കിലുമൊരു ഭാഗം ക്രിട്ടിക്കൽ മേഖലയിൽ ഉൾപ്പെട്ടാൽ ആ പ്രദേശം മുഴുവനും ഇതിന്റെ ഭാഗമായി മാറ്റപ്പെടുമെന്നും വിലയിരുത്തിയ സമിതി, ഈ വിഷയം സംബന്ധിച്ച് ഭൂഗർഭജല വകുപ്പ് പ്രൊപ്പോസൽ തയ്യാറാക്കി നൽകണമെന്നും ആദ്യഘട്ടം എന്ന നിലയിൽ ഒന്നോരണ്ടോ പഞ്ചായത്തുകളെ ഇതിനായി തെരഞ്ഞെടുത്തു പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നും നിർദ്ദേശിച്ചു.

പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

3) 31-08-2024-ലെ സമിതിയോഗ നിർദേശത്തിന്മേൽ ജലവിഭവ(ജലവിതരണ-ബി) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്

(ഫയൽ നം. 7297/സബ്.സി.എ 1/2023/ലെജി.)(KLS/3669/2025-Sub C A1)

കെമിസ്ട്രി ലാബ് സൗകര്യമുള്ള സംസ്ഥാനത്തെ ഗവൺമെൻറ് എയ്ഡഡ് ഹൈസ്കൂൾ/ ഹയർ സെക്കൻഡറി സ്കൂളുകളിൽ കുടി ജലത്തിന്റെ ഗുണനിലവാര പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്ന സമിതി നിർദേശത്തിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ സംസ്ഥാനത്തെ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര

പരിശോധനാ ലാബുകൾ സ്ഥാപിക്കുന്നതിനായി എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയിൽനിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും പ്രസ്തുത ലാബുകളിൽ നടത്തുന്ന അടിസ്ഥാന പരിശോധനകളിലൂടെ ജലത്തിലുള്ള കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം കണ്ടെത്താൻ മാത്രമേ സാധിക്കുകയുള്ളുവെന്നും ഇത് സംബന്ധിച്ച കൂടുതൽ പരിശോധനകൾ നടത്തുന്നതിന് വാട്ടർ അതോറിറ്റിയുടെ ലാബുകളിലോ മറ്റ് ലാബുകളിലോ കൊടുക്കാവുന്നതാണെന്നും ജലവിഭവ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

സംസ്ഥാനത്തെ കെമിസ്ട്രി ലാബ് സൗകര്യമുള്ള സ്കൂളുകളിൽ നടത്തിവരുന്ന ഇത്തരത്തിലുള്ള ടെസ്റ്റുകളിലൂടെ വെള്ളം അപകടകരമാണോ അല്ലയോ എന്നുള്ളത് ബോധ്യപ്പെടാൻ മാത്രമേ സാധിക്കുകയുള്ളുവെന്നും ആയതിനാൽ, പ്രസ്തുത ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് കൊടുക്കാനാകില്ലായെന്നും അഭിപ്രായപ്പെട്ട സമിതി, ഇത്തരം പരിശോധനകളിലൂടെ വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കപ്പെടേണ്ടതാണെന്ന ഒരു പൊതു അവബോധം സൃഷ്ടിക്കാൻ സാധിക്കുമെന്നതിനാൽ ഇതിനുവേണ്ടി ഹയർസെക്കൻഡറി സ്കൂളുകളിലെ കെമിസ്ട്രി അധ്യാപകർക്ക് ഒരു ട്രെയിനിങ് നൽകേണ്ടിവരുമെന്ന് അഭിപ്രായപ്പെട്ടു.

പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

4) <u>22-10-2024-ലെ സമിതിയോഗ നിർദേശത്തിന്മേൽ (വനം-വന്യജീവി (സി)) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്</u>

(ഫയൽ നം. 2419/സബ്.സി.എ 1/2017/ലെജി.)(KLS/5539/2025-Sub C A1)

അന്തർ സംസ്ഥാന നദീജല കരാറുകളിലെ പാട്ടത്തുക പുതുക്കുന്നത് സംബന്ധിച്ച സമിതിയോഗ നിർദ്ദേശത്തിന്മേൽ വനം-വന്യജീവി വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പ്രകാരം തമിഴ്നാട് സർക്കാരിന് പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിക്ക് നിലവിലുള്ള നിരക്ക് പ്രകാരം ഭൂനികുതി ഈടാക്കാത്തതിനാൽ നികുതി ഇനത്തിൽ 114.17 ലക്ഷം രൂപയുടെയും പലിശ ഇനത്തിൽ 56.12 ലക്ഷം രൂപയുടെയും നഷ്ടമുണ്ടായതായി

കണ്ടെത്തിയതിനാൽ പ്രസ്തുത തുക നൽകണമെന്നാവശ്യപ്പെട്ട് തമിഴ്നാട് പൊതുമരാമത്ത് വകുപ്പുസെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും കൂടാതെ, 2024-25 സാമ്പത്തിക വർഷം മുതൽ പുതുക്കിയ നിരക്ക് ഈടാക്കാനും നികുതി പരിഷ്കരിക്കുന്നതനുസരിച്ച് നടപടി സ്വീകരിക്കുവാനും വനം വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വനം-വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(III) ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് പരിഗണന

5) 2024-25-ലെ ധനാഭ്യർഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ജലവിഭവ (ഭൂജല, എം.ഐ., ജി&പി, ഐ.എസ്.ഡബ്ള്യ.സി) വകുപ്പുകൾ ലഭ്യമാക്കിയ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

(ഫയൽ നം.11269/സബ്.സി.എ 1/2024/ലെജി.)(KLS/4824/2025-Sub C A1)

2024-25-ലെ ധനാഭ്യർഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 32, 35, 36, 37,38 മുതൽ 49 വരെ, 50, 56, 58, 59, 61 മുതൽ 64 വരെ, 79,80,83 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ജലവിഭവ (ഭൂജല,എം.ഐ., ജി&പി, ഐ.എസ്.ഡബ്ള്യ.സി) എന്നീ വകുപ്പുകൾ ലഭ്യമാക്കിയ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ **സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

(IV) ഫയൽ അദാലത്തിന്റെ ഭാഗമായുള്ള കുടിശ്ശിക ഫയൽ തീർപ്പാക്കൽ

ഗവൺമെന്റിന്റെ ഫയൽ അദാലത്തിന്റെ ഭാഗമായി നിയമസഭാ സമിതികളിൽ കുടിശ്ശികയായ ഫയലുകൾ അദാലത്ത് നടത്തി തീർപ്പാക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ നിർദേശിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ സമിതിയുമായി ബന്ധപ്പെട്ട് കുടിശ്ശികയായ ഫയലുകളുടെ വിശദാംശങ്ങൾ ചീഫ് സെക്രട്ടറിക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നും വകുപ്പുകളിൽനിന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചതിനുശേഷം പ്രസ്തുത ഫയലുകൾ തീർപ്പാക്കാവുന്നതാണെന്നും നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. തുടർന്ന് ഫയൽ അദാലത്തുമായി ബന്ധപ്പെട്ട തുടർ നടപടികൾ വേഗത്തിലാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

(V)അഖിലേന്ത്യാ പഠനപര്യടന പരിപാടി

സമിതിയുടെ അഖിലേന്ത്യാ പഠനപര്യടന പരിപാടിയുടെ കരട് തയ്യാറാക്കാൻ നിയമസഭാ സെക്രട്ടേറിയറ്റിനെ ചുമതലപ്പെടുത്തി.

ഉച്ചയ്ക്കുശേഷം 3.15-ന് യോഗം അവസാനിച്ചു.

****

3. 18.09.2025-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2025 സെപ്റ്റംബർ 18 വ്യാഴാഴ്ച സഭാസമ്മേളനത്തിനുശേഷം വൈകുന്നേരം 5.15-ന് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ബഹു.ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. ലിന്റോ ജോസഫ്, എം.എൽ.എ.
2. ശ്രീ. പി. മമ്മിക്കുട്ടി, എം.എൽ.എ.
3. ശ്രീ. എച്ച്. സലാം, എം.എൽ.എ.
4. ശ്രീ. ടി. സിദ്ദിഖ് , എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. സജി കുമാർ ജെ., സ്പെഷ്യൽ സെക്രട്ടറി, ജലവിഭവ വകുപ്പ്

2. ശ്രീമതി ശ്രീലത സുകുമാരൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

3. ശ്രീമതി ലക്ഷ്മി രഘുനാഥൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

4. ശ്രീ. പി. ബി. നൂഹ്, മാനേജിങ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി

5. ശ്രീമതി ബി. സഫീന, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

6. ശ്രീമതി ഹസീന പി. എസ്., ജോയിന്റ് സെക്രട്ടറി, ജലവിഭവ വകുപ്പ്

7. ശ്രീമതി ദീപ എൻ. സി., ജോയിന്റ് സെക്രട്ടറി, ജലവിഭവ വകുപ്പ്

8. ശ്രീമതി ജയലക്ഷ്മി റ്റി. എം., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

9. ശ്രീ. രാജേഷ് കുമാർ കെ. കെ., ജോയിന്റ് സെക്രട്ടറി, ജലവിഭവ വകുപ്പ്

ശ്രീമതി ജ്യോതിലക്ഷ്മി എസ്., ഡയറക്ടർ, ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.)

10. ശ്രീ. പ്രേം ലാൽ എം., ഡയറക്ടർ (എച്ച്. ആർ.), കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിട്ടേഷൻ ഏജൻസി (കെ. ആർ. ഡബ്ല്യൂ. എസ്. എ.)

11. ശ്രീ. പി. വി. ലാലച്ചൻ, ഡയറക്ടർ (ഓപ്പറേഷൻ), കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിട്ടേഷൻ ഏജൻസി (കെ. ആർ. ഡബ്ല്യൂ. എസ്. എ.)

12. ശ്രീമതി റിനി റാണി എസ്., ഡയറക്ടർ (ഇൻചാർജ്), ഭൂജല വകുപ്പ്

13. ശ്രീ. ബിജോയി കെ., ചീഫ് എഞ്ചിനീയർ(മെക്കാനിക്കൽ), ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്

14. ശ്രീ. ബിനോയ് ടോമി ജോർജ്, ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ), ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്

15.ശ്രീമതി സുജ ഗ്രേസൻ, ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ) (പ്രോജക്ട്-1), ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്

16. ശ്രീ. സിനോഷ് സി. എസ്., ചീഫ് എഞ്ചിനീയർ (പ്രോജക്ട്-1), ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്

17. ശ്രീ. പ്രീയേഷ് ആർ., ചീഫ് എഞ്ചിനീയർ (ഐ. എസ്. ഡബ്ല്യൂ., ഐ.ഡി.ആർ.ബി.), ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്

18. ശ്രീമതി ബീന തങ്കം പി. എൽ., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ &

അഡ്മിനിസ്ട്രേഷൻ), ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്

19. ശ്രീ. ജയകൃഷ്ണൻ കെ. ജി., അണ്ടർ സെക്രട്ടറി, കൃഷി വകുപ്പ്

പ്രസ്തുത യോഗത്തിൽ, സമിതിയുടെ വിവിധ യോഗ നിർദേശങ്ങളിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ, 2024-25-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, 2024-25-ലെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ സമിതി പരിഗണിക്കുകയും ഫയൽ അദാലത്തിന്റെ ഭാഗമായി മറുപടി ലഭ്യമാക്കാനുള്ള ഫയലുകളിന്മേലുള്ള തുടർനടപടി സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തി താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

(I) നടപടിപത്രികകളുടെ പരിഗണന

1. **22.10.2022, 26.07.2023 തീയതികളിലെ സമിതിയോഗ നിർദേശങ്ങളിന്മേൽ ജലവിഭവ (ഐ.എസ്.ഡബ്ല്യൂ.സി) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്**

(ഫയൽ നം. 2419/സബ്.സി.എ 1/2017/ലെജി (KLS/5539/2025-SubcA1)

മുല്ലപ്പെരിയാർ ജലവൈദ്യുത പദ്ധതിയുമായി ബന്ധപ്പെട്ട വൈദ്യുതി ഉത്പാദനത്തിന്റെ റീഡിംഗ് മൂന്ന് മാസത്തിലൊരിക്കലോ മാസത്തിലൊരിക്കലോ കണക്കാക്കണമെന്ന സമിതിയോഗ നിർദ്ദേശത്തിന്മേൽ ജലവിഭവ (ഐ.എസ്.ഡബ്ല്യൂ.സി) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ, സമിതി നിർദ്ദേശാനുസരണം പ്രസ്തുത വിഷയം സർക്കാർ തലത്തിൽ നിരവധി തവണ ചർച്ച ചെയ്തിട്ടുള്ളതാണെന്നും Periyar HEP-യിലെ വൈദ്യുതി ഉൽപാദനത്തിന്റെ റീഡിംഗ് എടുക്കുന്നത് മുതൽ തുക ഒടുക്കുന്നതിനായി തിരുനെൽവേലി സൂപ്രണ്ടിങ് എഞ്ചിനീയർക്ക് ഡ്രാഫ്റ്റ് ഇൻവോയിസ് നൽകുന്നത് വരെയുള്ള നടപടികൾ സ്വീകരിക്കുന്നത് KSEBL ആണെന്നും സമിതി നിർദേശപ്രകാരം Periyar HEP-യിലെ എനർജി മീറ്റർ റീഡിംഗ്

മൂന്നുമാസത്തിലൊരിക്കൽ എടുക്കാമെന്ന് കെ.എസ്.ഇ.ബി.എൽ. സമ്മതിച്ച വിവരം തമിഴ്നാട് സർക്കാരിനെ അറിയിച്ചുവെങ്കിലും 1970-ലെ സപ്ലിമെന്ററി എഗ്രിമെന്റിന്റെ ക്ലോസ് 7(2) പ്രകാരമാണ് ആനുവൽ റീഡിങ് എടുക്കുന്നതെന്നും മൂന്നുമാസത്തിലൊരിക്കൽ റീഡിംഗ് എടുക്കണമെങ്കിൽ പ്രസ്തുത സപ്ലിമെന്ററി എഗ്രിമെന്റിൽ ഭേദഗതി വേണ്ടിവരുമെന്നാണ് തമിഴ്നാട് സർക്കാർ അറിയിച്ചിരിക്കുന്നതെന്നും ആയതിനാൽ പ്രസ്തുത വിഷയത്തിന്മേൽ നിയമോപദേശം തേടേണ്ടതുണ്ടെന്നും ഐ.ഡി.ആർ.ബി.ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി, നിയമോപദേശം ലഭ്യമായതിനുശേഷം തുടർനടപടി സ്വീകരിക്കാമെന്ന് തീരുമാനിച്ചു.

പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന തമിഴ്നാടിന്റെ കൈവശമുള്ള കേരളത്തിന്റെ കെട്ടിടങ്ങൾ വിട്ടുകിട്ടുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന 26.07.2023-ലെ സമിതിയുടെ (1),(4) നമ്പർ നിർദേശങ്ങളിന്മേൽ ജലവിഭവ (ഐ.എസ്.ഡബ്ല്യൂ.സി) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്, സമിതി സംയുക്തമായി പരിഗണിച്ച വേളയിൽ, 02.07.2021-ൽ നടത്തിയ സംയുക്ത പരിശോധനയിൽ കേരളത്തിന്റെ 87 കെട്ടിടങ്ങൾ തമിഴ്നാടിന്റെ കൈവശമുണ്ടെന്ന് മനസ്സിലാവുകയും തുടർന്നുള്ള 19.10.2023-ലെ പറമ്പിക്കുളം ആളിയാർ പദ്ധതിയുടെ 107-ാമത് സംയുക്ത ജല ക്രമീകരണ ബോർഡ് (JWRB) യോഗത്തിൽ പ്രസ്തുത കെട്ടിടങ്ങൾ തിരികെ നൽകണമെന്ന് കേരളം തമിഴ്നാടിനോട് ആവശ്യപ്പെട്ടതിനെത്തുടർന്ന് സർവെ നടത്താൻ തമിഴ്നാട് സർക്കാർ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ടെന്നും 03-01-2024-ന് കേരള ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ചേർന്ന ജലവിഭവം, വനം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സംയുക്തയോഗത്തിൽ ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെ സർവെ നടത്താൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പറമ്പിക്കുളം ടൈഗർ റിസർവ് ഡെപ്യൂട്ടി ഡയറക്ടർ സർവ്വേ നടത്തി സ്കെച്ച് സമർപ്പിച്ചിട്ടുണ്ടെന്നും തമിഴ്നാടിന്റെ കൈവശമുള്ള കെട്ടിടങ്ങളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തുന്നതിന് പ്രസ്തുത

പ്രദേശത്ത് അന്തിമമായി ഒരു ജോയിന്റ് വെരിഫിക്കേഷൻ നടത്തുന്നതിനുവേണ്ടി തമിഴ്നാട്ടിലെ ഉദ്യോഗസ്ഥരുമായി നിരവധി തവണ ബന്ധപ്പെട്ടെങ്കിലും പ്രതികരണമില്ലാത്തതിനാൽ ഇതുസംബന്ധിച്ച് സർക്കാർതലത്തിൽ തമിഴ്നാട് സർക്കാരിന് കത്തയച്ചിട്ടുണ്ടെന്നും ഐ.ഡി.ആർ.ബി, ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. പ്രസ്തുത വിഷയം സംബന്ധിച്ച് തമിഴ്നാട് സർക്കാരിന് ഒരു ഓർമ്മക്കുറിപ്പ് കൂടി നൽകണമെന്നും അതിനുശേഷവും മറുപടി ലഭ്യമായില്ലായെങ്കിൽ തുടർനടപടി സ്വീകരിക്കാമെന്നും സമിതി നിർദ്ദേശിച്ചു.

2.<u>ജലവിഭവ വകുപ്പ് കൈകാര്യം ചെയ്യുന്ന 2702-01-800-88-33-പമ്പ് ഉപയോഗിച്ച് പുഞ്ച കൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി എന്ന ശീർഷകം കൃഷി വകുപ്പിന് കൈമാറുന്നതിന്മേലുള്ള പ്രായോഗികത പരിശോധിക്കണമെന്ന 20-05-2025-ലെ സമിതി യോഗനിർദേശത്തിന്മേൽ ജലവിഭവ (പി.എസ്) വകുപ്പ് ലഭ്യമാക്കിയ ഇടക്കാല മറുപടി</u>

(ഫയൽനം. 12030/സബ്.സി.എ 1/2022/ലെജി) (KLS/3696/2025-SubcA1)

പമ്പ് ഉപയോഗിച്ച് പുഞ്ച കൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി നൽകുന്നതിനുള്ള 2702-01-800-88-33 എന്ന ശീർഷകം കൃഷി വകുപ്പിന് കൈമാറുന്നതിന്മേലുള്ള പ്രായോഗികത പരിശോധിക്കണമെന്ന സമതിയോഗ നിർദ്ദേശത്തിന്മേൽ ജലവിഭവ (പി.എസ്) വകുപ്പ് ലഭ്യമാക്കിയ ഇടക്കാല മറുപടി സമിതി പരിഗണിച്ച വേളയിൽ, ധനകാര്യം, ജലവിഭവം, റവന്യൂ, കൃഷി എന്നീ വകുപ്പുകളോട് പ്രസ്തുത വിഷയത്തിന്മേൽ അഭിപ്രായം ആരാഞ്ഞിരുന്നുവെന്നും ജലവിഭവ വകുപ്പിന്റെ പരിധിയിൽ വരുന്ന പ്രസ്തുത ശീർഷകം കൈകാര്യം ചെയ്യുന്നത് റവന്യൂ വകുപ്പും അതിന്റെ ഉപഭോക്താവ് കൃഷി വകുപ്പുമായതിനാൽ ടി ശീർഷകം കൃഷി വകുപ്പിലേയ്ക്ക് മാറ്റുന്നതിനാണ് തീരുമാനിച്ചിരുന്നതെങ്കിലും ലാൻഡ്-റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരെക്കൂടി കൃഷി വകുപ്പിലേയ്ക്ക് മാറ്റണമെന്ന അപ്രായോഗികമായ ഒരു നിർദ്ദേശം വന്നതു കാരണം കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ തന്നെ പ്രസ്തുത ശീർഷകം

കൈകാര്യം ചെയ്യണമെന്നാണ് ജലവിഭവ വകുപ്പിന്റെ തീരുമാനമെന്നും ഇതിന്മേൽ നടപടി സ്വീകരിക്കേണ്ടത് ധനകാര്യ വകുപ്പാണെന്നും ജലവിഭവ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഓരോ വർഷത്തെയും ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനാ വേളയിൽ പ്രസ്തുത ശീർഷകത്തിന്മേലുള്ള വ്യക്തമായ പരിശോധന നടത്താൻ സബ്ജക്ട് കമ്മിറ്റിയ്ക്ക് സാധിക്കുന്നില്ലായെന്നും പ്രസ്തുത ശീർഷകം വഴി അനുവദിക്കുന്ന ഫണ്ടിന്റെ ഗുണഭോക്താക്കളുമായി ജലവിഭവ വകുപ്പിന് യാതൊരു ബന്ധവുമില്ലാത്തതിനാൽ ജലവിഭവ വകുപ്പിൽനിന്നും ടി ശീർഷകം ഒഴിവാക്കണമെന്നും അഭിപ്രായപ്പെട്ട സമിതി, പ്രസ്തുത വിഷയത്തിന്മേൽ കൃഷി വകുപ്പിന്റെ അഭിപ്രായം സംബന്ധിച്ച് ആരാഞ്ഞു. പ്രസ്തുത ശീർഷകം കൃഷി വകുപ്പിലേയ്ക്ക് മാറ്റുന്നത് പ്രായോഗികമാണെങ്കിലും ടി ശീർഷകത്തിന്റെ ചീഫ് കൺട്രോളിങ് ഓഫീസറായി കൃഷി വകുപ്പ് ഡയറക്ടറെയും സബ് കൺട്രോളിങ് ഓഫീസർമാരായി റവന്യൂ വകുപ്പിന്റെ ഡെപ്യൂട്ടി കളക്ടർമാരെയും നിലനിർത്തണമെന്ന റവന്യൂ വകുപ്പിന്റെ ശിപാർശ ഭരണപരമായ ബുദ്ധിമുട്ടുകൾക്ക് ഇടയാക്കുമെന്നും എന്നാൽ റവന്യൂ വകുപ്പിന്റെ പുഞ്ച സ്പെഷ്യൽ ഓഫീസർമാരായി ചുമതലപ്പെടുത്തിയിരിക്കുന്നത് ഡെപ്യൂട്ടി കളക്ടർമാരെയാണെന്നും കൃഷി ചെയ്ത ഭൂമി എത്ര ഹെക്ടറാണെന്ന് കണ്ടെത്തി അതിന്റെ സർവ്വേ നമ്പർ മാർക്ക് ചെയ്തു ലഭ്യമാക്കുന്നത് റവന്യൂ വകുപ്പാണെന്നും അതിന്റെ അടിസ്ഥാനത്തിലാണ് പമ്പിങ് സബ്സിഡി അനുവദിക്കുന്നതെന്നും കൃഷിവകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് വന്നിരുന്നുവെന്നും ടി ശീർഷകം റവന്യൂ വകുപ്പിൽത്തന്നെ നിലനിർത്തണമെന്ന ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ ഉത്തരവുണ്ടായിരുന്നുവെന്നും ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി കൂട്ടിച്ചേർത്തു.

നിലവിൽ ജലവിഭവ വകുപ്പിന് കീഴിൽ നിലനിൽക്കുന്ന '2702-01-800-88-33- പമ്പ് ഉപയോഗിച്ച് പുഞ്ചകൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി'

എന്ന ശീർഷകത്തിന്റെ മേൽനോട്ടവും നിർവ്വഹണവും റവന്യൂ, കൃഷി എന്നീ വകുപ്പുകളിൽ നിക്ഷിപ്തമായിരിക്കുന്നതിനാലും ജലവിഭവ വകുപ്പിന് ഇതുമായി ബന്ധപ്പെട്ട് പ്രധാന ചുമതലകളൊന്നും നിർവ്വഹിക്കാനില്ലാത്തതിനാലും ടി ശീർഷകം കൃഷി വകുപ്പിലേക്ക് മാറ്റുന്നതാണ് അഭികാമ്യമെന്ന് അഭിപ്രായപ്പെട്ട സമിതി, മറ്റ് കാര്യങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടോയെന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് തീരുമാനിക്കണമെന്ന് നിർദേശിച്ചു.

II **ഫയൽ അദാലത്ത്**

3. **ഫയൽ അദാലത്തിന്റെ ഭാഗമായി മറുപടി ലഭ്യമാക്കാൻ അവശേഷിക്കുന്ന ഫയലുകളിന്മേലുള്ള തുടർ നടപടികളുടെ ചർച്ച**

(ഫയൽ നം.KLS/6562/2025-subcA1)

(1). **2017-18-ലെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച 23-03-2017, 29-03-2017 തീയതികളിലെ യോഗനിർദേശങ്ങൾ അനന്തര നടപടി സംബന്ധിച്ച്.**

(ഫയൽ നം. 4237/SubcA1/2017/leg (KLS/4651/2025/SubcA1)

അട്ടപ്പാടി പദ്ധതിയുടെയും പ്രസ്തുത പദ്ധതിക്കുവേണ്ടി ഏറ്റെടുത്ത ഭൂമിയിലെ കൈയേറ്റങ്ങളുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞതിനു മറുപടിയായി കൈയ്യേറ്റം നടത്തിയ ഭൂമിയുടെ ഡിജിറ്റൽ സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ആയത് പൂർത്തിയായാലുടൻ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും ഇറിഗേഷൻ (പ്രോജക്ട്-1) ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. തുടർന്ന് ഇത് സംബന്ധിച്ച അന്തിമ നടപടി റിപ്പോർട്ട് താമസംവിന സമർപ്പിക്കണമെന്ന് സമിതി നിർദേശിച്ചു.

(2). **26-04-2023-ലെ സമിതിയോഗ നിർദേശം- അനന്തര നടപടി സംബന്ധിച്ച്**

(ഫയൽ നം. 4252/SubcA1/2017/leg (KLS/4361/2025/SubcA1)

2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ചെലവ് വിവര കണക്ക് റിപ്പോർട്ട് ലഭ്യമാക്കാൻ

അവശേഷിക്കുന്ന ശീർഷകങ്ങളിലെ വിശദമായ ചെലവ് വിവരകണക്ക് നാളിതുവരെ ലഭ്യമാക്കാത്തത് സംബന്ധിച്ച് ആരാഞ്ഞ സമിതിയ്ക്ക് മറുപടിയായി പ്രസ്തുത റിപ്പോർട്ട് 13-08-2025-ൽ ഗവൺമെന്റിൽ സമർപ്പിച്ചുവെന്ന് ജലവിഭവ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി. തുടർന്ന് പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കണമെന്നും ആയതിനുശേഷം ഇത് സംബന്ധിച്ച ഫയൽ നടപടികൾ അവസാനിപ്പിക്കാമെന്നും സമിതി തീരുമാനിച്ചു.

(3). <u>20.05.2025-ലെ സമിതിയോഗ നിർദേശം-അനന്തര നടപടി സംബന്ധിച്ച്</u>

(ഫയൽ നം. 4660/SubcA1/2017/leg (KLS/3449/2025/SubcA1)

അട്ടപ്പാടി ജലസേചന പദ്ധതിക്കായി ഏറ്റെടുത്ത ഭൂമിയുടെ അതിർത്തി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തിയാക്കി പ്രസ്തുത ഭൂമിയിലെ അനധികൃത കയ്യേറ്റം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടി സംബന്ധിച്ച് സമിതി ആരാഞ്ഞതിനു മറുപടിയായി പ്രസ്തുത പദ്ധതിക്കായി ഏറ്റെടുത്ത ഭൂമിയുടെ അതിർത്തി നിർണ്ണയിക്കുന്നതിനുള്ള ഡിജിറ്റൽ സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ആയത് പൂർത്തിയായാലുടൻ അനധികൃത കയ്യേറ്റം സംബന്ധിച്ച റിപ്പോർട്ടും അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ടും സമിതിക്ക് ലഭ്യമാക്കുന്നതാണെന്നും ഇറിഗേഷൻ(പ്രോജക്ട്-1) ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. തുടർന്ന് ഡിജിറ്റൽ സർവ്വേ നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് അനധികൃത കയ്യേറ്റം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

(4). <u>2018-19-ലെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച 12.02.2018, 16.02.2018, 21.02.2018 തീയതികളിലെ യോഗനിർദേശങ്ങൾ - അനന്തര നടപടി സംബന്ധിച്ച്</u>

(ഫയൽ നം. 523/SubcA1/2019/leg (KLS/3978/2025/SubcA1)

റെഗുലേറ്റർ പദ്ധതി പ്രഖ്യാപിച്ച സ്ഥലങ്ങളിൽ അവയുടെ പ്രവൃത്തികൾ

സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന സമിതിയോഗ നിർദ്ദേശത്തിന്മേൽ നാളിതുവരെ മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞതിനു മറുപടിയായി കിഫ്ബി ഫണ്ടുപയോഗിച്ച് 20 നദികളിൽ 30 റെഗുലേറ്റർ കം-ബ്രിഡ്ജുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയിൽ 12 റെഗുലേറ്റർ-കം-ബ്രിഡ്ജുകളുടെ പ്രവൃത്തി ഏറ്റെടുത്ത് നടത്തിയിരുന്നത് KIIDC (Kerala Irrigation Infrastructure Development Corporation Ltd.,) ആണെന്നും ആയതിൽ നാല് റെഗുലേറ്റർ-കം-ബ്രിഡ്ജുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ശേഷിക്കുന്നവയുടെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുകയാണെന്നും ആറുമാസത്തിനുള്ളിൽ എല്ലാ പ്രവൃത്തികളും പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ജലവിഭവ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

5. <u>16-05-2018-ലെ സമിതിയോഗ നിർദേശം-അനന്തര നടപടി സംബന്ധിച്ച്</u>

(ഫയൽ നം. 524/SubcA1/2019/leg (KLS/3959/2025-SubcA1)

ഇടപ്പള്ളി കനാലിന്റെ മുകൾഭാഗത്ത് ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം കയ്യേറി വീട് കെട്ടി താമസിക്കുന്ന കുടുംബങ്ങളെ എത്രയും വേഗം പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന സമിതിയോഗ നിർദേശത്തിന്മേൽ നാളിതുവരെ മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞതിനു മറുപടിയായി പ്രസ്തുത സമിതി നിർദേശത്തിന്മേൽ 25.08.2025-ന് ഗവൺമെന്റിൽ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും കുടിയേറിപ്പാർക്കുന്ന 23 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ 2004 മുതൽ ഇറിഗേഷൻ വകുപ്പ് സ്വീകരിച്ചിരുന്നുവെന്നും 2005-ൽ ഇ.എം.എസ്. ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത കുടുംബങ്ങൾക്ക് വീടും സ്ഥലവും നൽകാമെന്ന് നഗരസഭ

ഉറപ്പുനൽകിയിരുന്നെങ്കിലും 20 വർഷമായിട്ടും അത് പാലിച്ചിട്ടില്ലായെന്നും 2017-ൽ കനാലിന്റെ അതിർത്തി പുനർനിർണ്ണയിച്ച് ഇറിഗേഷൻ വകുപ്പ് ജണ്ടകൾ സ്ഥാപിക്കുകയും കയ്യേറ്റക്കാർ ഒഴിയണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നുവെങ്കിലും ഇതുവരെയും അവർ അവിടെ നിന്നും മാറിയിട്ടില്ലായെന്നും തുടർന്ന് 05-07-2021-ൽ ബഹു. ജലവിഭവ വകുപ്പുമന്ത്രി വിളിച്ചുചേർത്ത ഓൺലൈൻ മീറ്റിങ്ങിൽ ഇത് സംബന്ധിച്ച് അടിയന്തരമായി തുടർനടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെന്നും കൂടാതെ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി പ്രസ്തുത കുടുംബങ്ങൾക്ക് വീടുകൾ നൽകണമെന്ന് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇതുവരെയും പ്രായോഗികമായിട്ടില്ലായെന്നും 17-9-2022-ൽ ബഹു.ജലവിഭവ വകുപ്പുമന്ത്രി തലത്തിൽ ഒരു മീറ്റിങ് കൂടി സംഘടിപ്പിക്കുകയും ജല അതോറിറ്റി മാനേജിങ് ഡയറക്ടർ, ജില്ലാ കളക്ടർ എന്നിവരുടെ നേതൃത്വത്തിൽ പ്രസ്തുത 23 കുടുംബങ്ങളെയും ഒരു മാസത്തിനകം പുനരധിവസിപ്പിക്കേണ്ടതാണെന്ന് തൃക്കാക്കര നഗരസഭയോട് നിർദ്ദേശിക്കുകയും ചെയ്തുവെങ്കിലും ഇതുവരെയും അതിനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ലായെന്നും കൂടാതെ നഗരസഭയുമായി നടത്തിയ ചർച്ചയിൽ പ്രസ്തുത കുടുംബങ്ങൾക്ക് വീട് നൽകുന്നതിന് ലൈഫ് മിഷൻ അല്ലാതെ മറ്റ് പദ്ധതികളൊന്നുമില്ലായെന്നാണ് അറിയാൻ സാധിച്ചതെന്നും പ്രസ്തുത കുടുംബങ്ങളെ അവിടെനിന്നും ഒഴിപ്പിക്കുന്നതിന് പൊതുജനങ്ങളിൽനിന്ന് വ്യാപകമായ എതിർപ്പുണ്ടെന്നും ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. പുനരധിവാസവുമായി ബന്ധപ്പെട്ട ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിട്ടുണ്ടെന്നും റിമാർക്സ് ലഭ്യമായതിനുശേഷം തുടർനടപടികളുമായി മുന്നോട്ട് പോകുമെന്നും ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി കൂട്ടിച്ചേർത്തു.

പകരം സംവിധാനം ഏർപ്പെടുത്തിക്കൊണ്ടുമാത്രമേ വർഷങ്ങളായി താമസിക്കുന്ന പ്രസ്തുത കുടുംബങ്ങളെ അവിടെനിന്നും മാറ്റാൻ സാധിക്കുകയുള്ളുവെന്നതിനാൽ നഗരസഭയും ജില്ലാഭരണകൂടവും പുനരധിവാസ

പ്രവർത്തനങ്ങൾ വേഗത്തിലാക്കേണ്ടതുണ്ടെന്നും ഇത്തരത്തിലുള്ള പല പ്രശ്നങ്ങളും വകുപ്പിനെ ബാധിക്കുമെന്നതിനാൽ കനാലിന്റെ പൂർത്തീകരണത്തിനാവശ്യമായ സൗകര്യം ചെയ്തുകൊടുക്കാൻ ഇറിഗേഷൻ വകുപ്പിന് സാധിക്കുന്നില്ലായെന്നും നിരീക്ഷിച്ച സമിതി, ഡിപ്പാർട്ടുമെന്റിൽ നിന്നും പ്രസ്തുത വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് ഒരു ഓർമ്മക്കുറിപ്പ് നൽകിക്കൊണ്ട് പരിഹാരമാർഗം കണ്ടെത്തണമെന്ന് അഭിപ്രായപ്പെട്ടു.

പ്രസ്തുത കുടുംബങ്ങൾ കനാലിന്റെ ഏതു ഭാഗത്തായാണ് വീടുകെട്ടി താമസിക്കുന്നത് എന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിനു മറുപടിയായി 21.25 കിലോമീറ്റർ ദൈർഘ്യവും രണ്ടരമീറ്റർ വീതിയുമുള്ള പ്രസ്തുത കനാലിന്റെ 15.5 കിലോമീറ്റർ ദൂരം മാത്രമാണ് ജലത്തിന്റെ ഒഴുക്കുള്ളതെന്നും ഒഴുക്കില്ലാത്ത സ്ഥലത്താണ് പ്രസ്തുത 23 കുടുംബങ്ങൾ വീടുകെട്ടി താമസിക്കുന്നതെന്നും അതിൽ രണ്ടു കുടുംബങ്ങൾ കനാലിനകത്താണ് വീട് വച്ചിട്ടുള്ളതെന്നും ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ, ചീഫ് എഞ്ചിനീയർ മറുപടി നൽകി.

സർക്കാരിന് കുടിയേറ്റക്കാരുടെ പുനരധിവാസവും കനാലിന്റെ പൂർത്തീകരണവും ഒരുപോലെ പ്രധാനപ്പെട്ടതായതിനാൽ പ്രസ്തുത കുടുംബങ്ങൾക്ക് വീടിനാവശ്യമായി വരുന്ന മൂന്ന് സെന്റ് സ്ഥലം ലഭ്യമാണോ എന്ന് അന്വേഷിക്കണമെന്നും അത് പ്രയോഗികമല്ലായെങ്കിൽ ലൈഫ് മിഷൻ മുഖേന വീട് നൽകാൻ കഴിയുമോയെന്ന് പരിശോധിക്കണമെന്നും ഇത്തരത്തിൽ രണ്ട് സ്കീമായി തിരിച്ച് മുന്നോട്ടുപോകുന്നതാണ് ഉചിതമെന്നും നിരീക്ഷിച്ച സമിതി, കനാൽ പോകുന്ന പ്രദേശവും സംരക്ഷിത മേഖലയും കഴിഞ്ഞുള്ള സ്ഥലം പുനരധിവാസത്തിന് അനുയോജ്യമാണെങ്കിൽ അതുകൂടി റിപ്പോർട്ട് ചെയ്യണമെന്നും കൂട്ടിച്ചേർത്തു.

പ്രസ്തുത കുടുംബങ്ങളുടെ പുനരധിവാസത്തിനാവശ്യമായ സ്ഥലം കണ്ടെത്തേണ്ടത് തൃക്കാക്കരയിലായതിനാൽ സ്ഥലലഭ്യത ഉറപ്പുവരുത്താൻ റവന്യൂ വകുപ്പിന് കഴിഞ്ഞെന്നുവരില്ലായെന്നും ആയതിനാൽ, ജലവിഭവ

വകുപ്പിന്റെ അധീനതയിലുള്ള പ്രദേശത്ത് മൂന്നോനാലോ സെന്റ് സ്ഥലം വീതം നൽകാനുണ്ടോയെന്ന് പരിശോധിക്കണമെന്നും ഇറിഗേഷൻ വകുപ്പിന്റെ സർപ്ലസ് സ്ഥലമുണ്ടെങ്കിൽ അതുകൂടി കണ്ടെത്തിയതിനുശേഷം റവന്യൂ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പുമായി കൂടിയാലോചിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം വീട് വയ്ക്കാനുള്ള ക്രമീകരണം ഏർപ്പെടുത്തണമെന്നും കനാൽ കയ്യേറി വീടുകെട്ടി താമസിക്കുന്ന പ്രസ്തുത 23 കുടുംബങ്ങളുടെയും വിവരങ്ങളും അവർ ഓരോരുത്തരും ഏത് സ്വഭാവത്തിലാണ് ഭൂമി കൈയേറിയിട്ടുള്ളതെന്നും എത്ര അളവിലാണ് കൈയേറിയതെന്നും പ്രത്യേകം സൂചിപ്പിച്ചുകൊണ്ടുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദേശിച്ചു.

6. <u>ചട്ടരൂപീകരണം സംബന്ധിച്ച ബഹു.സ്പീക്കറുടെ 12-06-2019, 11.07.2024 തീയതികളിലെ റൂളിങ്ങുകൾ-തുടർനടപടി സംബന്ധിച്ച്</u>

(ഫയൽ നം. 3355/SubcA1/2019/leg (KLS/6927/2025-SubcA1)

(i) <u>2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റിന്മേലുള്ള ഫാർമേഴ്സ് അസോസിയേഷൻ രൂപീകരണം സംബന്ധിച്ച കരട് ചട്ടം-ഫാർമേഴ്സ് അസോസിയേഷനുകളുടെ അപ്പെക്സ് ബോഡിയിൽ എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ സമിതി രൂപികരിക്കുന്നതിന് നിയമപരമായി സാധുതയുണ്ടോ എന്നത് സംബന്ധിച്ച സമിതിയോഗ നിർദേശം</u>

പ്രസ്തുത ചട്ട രൂപീകരണം സംബന്ധിച്ച സമിതിയോഗ നിർദേശത്തിന്മേൽ 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റിൽ ഫാർമേഴ്സ് അസോസിയേഷനുകളുടെ അപ്പെക്സ് ബോഡിയെന്ന നിലയിൽ എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ നിയോജകമണ്ഡല അടിസ്ഥാനത്തിൽ പ്രോജക്ട് അഡ്വൈസറി കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നിയമഭേദഗതി ആവശ്യമെങ്കിൽ അതിനുള്ള നടപടിക്രമങ്ങളെക്കുറിച്ച് ആരായാനായി ഫയൽ നിയമ വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും 1000 ഹെക്ടർ സ്ഥലത്തെ പ്രതിനിധീകരിച്ചുകൊണ്ടുള്ള പ്രോജക്ട് അഡ്വൈസറി കമ്മിറ്റിയിൽ എം.എൽ.എ.മാർ അംഗങ്ങളാണെന്നിരിക്കെ ജില്ലാ പ്രോജക്ട് അഡ്വൈസറി

കമ്മിറ്റിയിൽ ബന്ധപ്പെട്ട എം.എൽ.എ. വീണ്ടും അംഗമായി വരുന്നത് ആവർത്തനത്തിന് കാരണമാകുമെന്നും കൂടാതെ സമിതിയുടെ ശിപാർശയിൽ എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പ്രോജക്ട് അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചാൽമതി എന്നാണെന്നും പ്രസ്തുത വിഷയത്തിന്മേൽ സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമാണെന്നും ആക്ടിൽ ഭേദഗതിവരുത്തുന്നതിന്റെ നടപടിക്രമങ്ങളെക്കുറിച്ച് ആരായാനാണ് ഫയൽ നിയമ വകുപ്പിന് കൈമാറിയിട്ടുള്ളതെന്നും ജലവിഭവ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

നിയമ വകുപ്പിന്റെ അഭിപ്രായം അറിഞ്ഞതിനുശേഷം പ്രസ്തുത വിഷയത്തിന്മേൽ അന്തിമ തീരുമാനമെടുക്കാമെന്നും മേൽസൂചിപ്പിച്ച വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദേശിച്ചു.

(ii) **<u>2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് മുഖേന ഭേദഗതി ചെയ്ത ''2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ടിന്മേലുള്ള'' കരട് ചട്ടം.</u>**

പ്രസ്തുത കരട് ചട്ടത്തിൽ (ഇംഗ്ലീഷിലും മലയാളത്തിലും) നിയമവകുപ്പിന്റെ നിർദേശപ്രകാരമുള്ള തിരുത്തലുകൾ വരുത്തിക്കൊണ്ടിരിക്കുകയാണെന്ന് ജലവിഭവ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത കരട് ചട്ടം അടിയന്തരമായി രൂപീകരിച്ച് ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

(7).<u>25-07-2019-ലെ സമിതിയുടെ കല്ലട ഇറിഗേഷൻ പദ്ധതി പ്രദേശ സന്ദർശനവുമായി ബന്ധപ്പെട്ട സമിതിയോഗ നിർദേശങ്ങൾ-അനന്തര നടപടി സംബന്ധിച്ച്</u>

ഫയൽ നം. 5952/SubcA1/2019/leg (KLS/4391/2025-SubcA1)

കല്ലട ഇറിഗേഷൻ പദ്ധതി പ്രദേശ സന്ദർശനവുമായി ബന്ധപ്പെട്ട സമിതിയോഗ നിർദേശങ്ങളിന്മേൽ ജലവിഭവ (ഐ.ആർ) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി, ആയത് അംഗീകരിച്ചു.

8 <u>22.05.2024, 31.08.2024 തീയതികളിലെ സമിതി യോഗനിർദേശങ്ങൾ - അനന്തര നടപടി സംബന്ധിച്ച്</u>

(ഫയൽ നം. 14448/SubcA1/2021/leg (KLS/4097/2025-SubcA1)

കുളവാഴ/പോള മാറ്റുന്നതുമായി ബന്ധപ്പെട്ട് ഏറ്റവും രൂക്ഷമായ പ്രശ്നം അനുഭവപ്പെടുന്ന കുട്ടനാട് പ്രദേശത്ത് അവിടത്തെ പഞ്ചായത്ത് ഫണ്ട് പ്രസ്തുത പദ്ധതിയ്ക്കായി ഉപയോഗപ്പെടുത്താൻ സാധിക്കുമോ എന്നത് സംബന്ധിച്ച് പരിശോധിക്കണമെന്നും ജലാശയങ്ങളിൽ നിന്നും നീക്കം ചെയ്യുന്ന പോളകളുടെ ഫലപ്രദമായ സംസ്കരണത്തിന് വ്യവസായം, തദ്ദേശസ്വയംഭരണം, എന്നീ വകുപ്പുകളുമായി ഇറിഗേഷൻ വകുപ്പ് ചർച്ച ചെയ്ത് റിപ്പോർട്ട് ലഭ്യമാക്കണമെന്നുമുള്ള സമിതിയുടെ 22.05.2024, 31.08.2024 തീയതികളിലെ യോഗ നിർദ്ദേശങ്ങൾ സംയുക്തമായി സമിതി പരിഗണിച്ച വേളയിൽ, കുട്ടനാട് പ്രദേശത്തെ ജലാശയങ്ങളിലെ കുളവാഴ/പോള നീക്കം ചെയ്യുന്നതിന് പഞ്ചായത്ത് ഫണ്ട് ഉപയോഗിക്കുന്നത് സംബന്ധിച്ച് വ്യവസായം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി ചർച്ച നടത്താനുള്ള നിർദേശം ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത ചർച്ചയ്ക്കുശേഷം ഇത് സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കാമെന്നും ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. പ്രാദേശികമായി കുറച്ച് തുക കണ്ടെത്തി ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് വഴി ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ മേൽനോട്ടത്തിൽ പോള മാറ്റുന്ന പ്രവൃത്തി കാര്യക്ഷമമാക്കാൻ സാധിക്കുമോയെന്നും അതോടൊപ്പം ജലവിഭവ വകുപ്പിന്റെ ഫണ്ട് കണ്ടെത്താൻ സാധിക്കുമോയെന്നും പരിശോധിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

പോള മാറ്റുന്നതിനായി വകുപ്പിന്റെ കൈവശമുള്ള മെഷീനിന്റെ പ്രവർത്തനക്ഷമത സംബന്ധിച്ച് സമിതി ആരാഞ്ഞതിനു മറുപടിയായി 2013-14 കാലയളവിൽ വാങ്ങിയ പ്രസ്തുത മെഷീൻ ഇപ്പോഴും പ്രവർത്തനക്ഷമമാണെന്നും നിലവിൽ ആലപ്പുഴയിലെ ഡോക്കിലുള്ള ടി മെഷീൻ തിരുവനന്തപുരത്തെ വെള്ളായണി കായൽ ഉൾപ്പെടെയുള്ള ജലാശയങ്ങളിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്നും ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. പഞ്ചായത്ത്

ആവശ്യപ്പെടുകയാണെങ്കിൽ പോള നീക്കൽ യന്ത്രം നൽകാൻ കൃഷി വകുപ്പ് തയ്യാറാണെന്നും മണിക്കൂറിന് 1215 രൂപയാണ് യന്ത്രത്തിന്റെ വാടക നിരക്കെന്നും പ്രസ്തുത യന്ത്രം ഡിസ്കൗണ്ട് റേറ്റിൽ അനുവദിക്കാൻ സർക്കാരിന്റെ അനുമതി ആവശ്യമായതിനാൽ പഞ്ചായത്ത് ശിപാർശ നൽകിയാൽ കൃഷി വകുപ്പ് ഗവൺമെന്റിലേക്ക് ഫയൽ സമർപ്പിക്കാമെന്നും കൃഷി വകുപ്പ് ഉദ്യോഗസ്ഥൻ കൂട്ടിച്ചേർത്തു. തുടർന്ന് കുട്ടനാടൻ ജലാശയങ്ങളിലെ പോള നീക്കം ചെയ്യുന്നതിനുള്ള മറ്റ് തടസ്സങ്ങൾ പരിഹരിക്കപ്പെട്ടാൽ ഇത് സംബന്ധിച്ച എൻ.ഒ.സി. അനുവദിക്കുന്നതിന് ജലവിഭവ വകുപ്പ് അനുകൂല തീരുമാനമെടുക്കാമെന്ന് സമിതി തീരുമാനിച്ചു.

കുട്ടനാടൻ ജലാശയങ്ങളിലെ പോള നീക്കം ചെയ്യലും ഫലപ്രദമായ സംസ്കരണവും സംബന്ധിച്ചുള്ള സമിതിയോഗ നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച അന്തിമ നടപടി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

9. <u>21.06.2022, 22.05.2024- തീയതികളിലെ സമിതിയോഗ നിർദേശങ്ങൾ- അനന്തര നടപടി സംബന്ധിച്ച്</u>

(ഫയൽ നം. 15970/SubcA1/2022/leg (KLS/4115/2025/SubcA1)

കേരളത്തിൽ വലിയതോതിൽ തീരശോഷണം സംഭവിക്കുന്ന ഹോട്ട്സ്പോട്ടുകളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന സമിതിയോഗ നിർദ്ദേശത്തിന്മേൽ നാളിതുവരെ നടപടി റിപ്പോർട്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച് ആരാഞ്ഞ സമിതിക്ക് മറുപടിയായി ഇത് സംബന്ധിച്ച NCCR റിപ്പോർട്ട് സമർപ്പിച്ചുവെന്നും ഡിസൈൻ ലഭിച്ച അഞ്ച് ഹോട്ട്സ്പോട്ടുകളിലെ പ്രവൃത്തികൾ കാബിനറ്റിന്റെ അംഗീകാരത്തിനായി അയച്ചെങ്കിലും റിമാർക്സിനായി ധനവകുപ്പിലേക്ക് തിരികെ അയയ്ക്കുകയാണുണ്ടായതെന്നും മിഷൻ ഡയറക്ടറേറ്റ് മുഖാന്തരം 13 പ്രവൃത്തികൾ നിർവ്വഹിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് ഡയറക്ടർ സമിതിയെ അറിയിച്ചു. തുടർന്ന്

റിപ്പോർട്ട് ചെയ്ത പത്ത് ഹോട്ട് സ്പോട്ടുകളിൽ അഞ്ച് എണ്ണത്തിന്റെ വിവരമാണ് NCCR സമർപ്പിച്ചതെന്നും ചെല്ലാനം കടൽഭിത്തി നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാകുന്ന ഘട്ടത്തിലാണെന്നും വിലയിരുത്തിയ സമിതി, ശേഷിക്കുന്ന ഹോട്ട്സ്പോട്ടുകൾ സംബന്ധിച്ച NCCR റിപ്പോർട്ടുകൂടി ഹാജരാക്കാൻ ആവശ്യപ്പെടണമെന്ന് നിർദേശിച്ചു.

എ.ഡി.ബി.-യുടെയും ലോക ബാങ്കിന്റെയും സഹായത്തോടെ എക്സ്റ്റന്റ് ചെയ്ത പ്രോജക്ടുകളുടെ പ്രൊപ്പോസൽ മിഷൻ ഡയറക്ടറേറ്റ് മുഖാന്തരമാണ് നടപ്പാക്കുന്നതെന്നും റിപ്പോർട്ടിൽ പറയുന്ന ഹോട്ട്സ്പോട്ടുകളുടെ കാര്യത്തിൽ ചെറിയൊരു തിരുത്തലിന്റെ ആവശ്യമുണ്ടെന്നും ആദ്യം കണ്ടെത്തിയ പത്ത് ഹോട്ട്സ്പോട്ടുകളിൽ പഠനം നടത്തുന്നതിനായി NCCR-നെ ഏൽപ്പിച്ചതിന്മേൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും എല്ലാ ഹോട്ട്സ്പോട്ടുകളും എ.ഡി.ബി. ഫണ്ടിംഗിലൂടെ പൂർത്തിയാക്കണമെന്ന നിർദേശത്തിന്റെ ഭാഗമായുള്ള ബാക്ക്ഗ്രൗണ്ട് ജോലികളാണ് മിഷൻ ഡയറക്ടറേറ്റിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്നതെന്നും സർക്കാരിന്റെ അടിയന്തര പോളിസിയെന്ന നിലയിൽ പത്ത് ഹോട്ട്സ്പൊട്ടുകളിൽ രണ്ട് പ്രവൃത്തികളുടെ (കൊല്ലംകോട്, ചെല്ലാനം) ഫേസ്-2 കിഫ്ബി വഴി പൂർത്തിയാക്കാൻ തീരുമാനിച്ചതിനാൽ എ.ഡി.ബി. സ്കീമിൽനിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് ഡയറക്ടർ കൂട്ടിച്ചേർത്തു.

ഇത്തരത്തിൽ പ്രസ്തുത പ്രവൃത്തി എ.ഡി.ബി. സ്കീമിൽനിന്നും മാറ്റേണ്ട ആവശ്യമില്ലായെന്നും സർക്കാരിന്റെ ആദ്യ ബജറ്റിൽ പ്രസ്തുത പത്ത് ഹോട്ട്സ്പോട്ടുകളിലെ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി 1500 കോടി രൂപ കിഫ്ബിയിലൂടെയും ആവശ്യമായി വരുന്ന ബാക്കി 4300 കോടി രൂപ ലോകബാങ്ക്, എ.ഡി.ബി. തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെയും കണ്ടെത്തി തീരദേശ സംരക്ഷണം ഉറപ്പാക്കാമെന്നാണ് കരുതിയിരുന്നതെങ്കിലും ലോക ബാങ്ക് സഹായം ലഭിക്കാൻ കാലതാമസമുണ്ടാകുമെന്നതിനാൽ 1500 കോടി രൂപയുടെ പരിധിയിൽപ്പെടുന്ന

ഇത്തരം പ്രവൃത്തികൾ കിഫ്ബിയുടെ കീഴിൽത്തന്നെ നിർവ്വഹിക്കാമെന്ന NCCR റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം കാബിനറ്റിൽ സമർപ്പിച്ച് മുന്നോട്ടുപോകുന്നതാണ് അഭികാമ്യമെന്ന് വിലയിരുത്തിയ സമിതി, ബജറ്റിൽ വകയിരുത്തിയ 1500 കോടി രൂപയിൽ ചെല്ലാനം, കൊല്ലംകോട് കടൽഭിത്തി നിർമ്മാണ പ്രവൃത്തികൾക്കായി 700 (340+360) കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതായും മിഷൻ ഡയറക്ടറേറ്റിന്റെ ഫണ്ടുപയോഗിച്ച് ശേഷിക്കുന്ന മറ്റ് ജോലികളും ഹോട്ട്സ്പോട്ട് വർക്കുകളിൽപ്പെടാത്ത ജോലികളും നിർവഹിക്കേണ്ടതുണ്ടെന്നും അഭിപ്രായപ്പെട്ടു.

വകുപ്പ് ഹാജരാക്കിയ ഹോട്ട്സ്പോട്ടുകളുടെ ലിസ്റ്റിൽ ആലപ്പാട് ഉൾപ്പെട്ടിരുന്നില്ല എന്നത് ചൂണ്ടിക്കാട്ടിയ സമിതിയ്ക്ക് മറുപടിയായി ലോക ബാങ്കിന്റെ കീഴിൽ പ്രൊപ്പോസ് ചെയ്ത മറ്റ് പ്രവൃത്തികളോടൊപ്പം പ്രസ്തുത പ്രവൃത്തി കൂടി നിർവ്വഹിക്കുവാൻ സാധിക്കുമോ എന്നത് സംബന്ധിച്ച് പരിശോധിക്കാമെന്ന് ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ മറുപടി നൽകി. തുടർന്ന് ഹോട്ട്സ്പോട്ടുകൾ ഏതെല്ലാമാണെന്ന് സഭയിൽ പ്രഖ്യാപനം നടത്തുകയും അവയുടെ പ്രവൃത്തി പൂർത്തിയാക്കാമെന്ന് ഉറപ്പുനൽകുകയും ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത വിഷയം അതിന്റേതായ ഗൗരവത്തിൽത്തന്നെ കാണേണ്ടതുണ്ടെന്നും മറ്റ് പ്രവൃത്തികളുടെ നിർവ്വഹണത്തിനുള്ള ഫണ്ടിങിനായി മിഷൻ ഡയറക്ടറേറ്റ് മുഖാന്തരം നീങ്ങുമ്പോൾ തീരദേശത്തെ പൊതുവെ ബാധിക്കുന്ന എല്ലാ പ്രവൃത്തികളും അതിൽ ഉൾപ്പെടുത്താൻ സാധിക്കുമെന്ന് അഭിപ്രായപ്പെട്ട സമിതി, പ്രസ്തുത പ്രവൃത്തികളിൽ കിഫ്ബിയിലൂടെ നിഷ്കർഷിക്കുന്ന പദ്ധതികളുണ്ടോയെന്ന് പരിശോധിക്കണമെന്ന് നിർദ്ദേശിച്ചു.

(ii) <u>20-05-2025-ലെ സമിതിയോഗ നിർദേശം അനന്തര നടപടി സംബന്ധിച്ച്</u>

(i) കടമാൻ തോട് ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാരിൽ സമർപ്പിച്ചിരിക്കുന്ന പദ്ധതി രേഖയ്ക്ക് ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ സർവ്വേ നടപടികൾ പൂർത്തിയാക്കി പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട്

സംഭരിക്കാൻ സാധിക്കുന്ന ജലത്തിന്റെ അളവ്, ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടെ വിസ്തീർണ്ണം, പുനരധിവസിപ്പിക്കേണ്ടി വരുന്ന കുടുംബങ്ങളുടെ എണ്ണം, എന്നിവ സംബന്ധിച്ചും അവിടെ ചെക്ക് ഡാമുകളുടെ ശ്രേണി നിർമ്മിക്കാൻ സാധിക്കുമോ എന്നത് സംബന്ധിച്ചുള്ള പ്രാഥമിക റിപ്പോർട്ട് ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ നാളിതുവരെ മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി പരിശോധിച്ച വേളയിൽ, പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നെങ്കിലും ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഐ.ഡി.ആർ.ബി.-യിൽനിന്നും ലഭിച്ച ആദ്യ പ്രൊപ്പോസലിൽ '02' നമ്പർ ശീർഷകം എന്ന് രേഖപ്പെടുത്തിയിരുന്നതിനാൽ അതുപ്രകാരമുള്ള ഭരണാനുമതി നൽകുകയും ധനകാര്യ വകുപ്പ് '02' എന്ന ശീർഷകത്തോടെയുള്ള റിമാർക്സാണ് അനുവദിക്കുകയും ചെയ്തുവെന്നും തുടർന്ന് നടപ്പ് സാമ്പത്തിക വർഷം മുതൽ പ്രസ്തുത ശീർഷകം '01' ആയി മാറ്റം വരുത്തിയതിനാൽ പ്രസ്തുത ശീർഷകത്തിൽ മതിയായ തുകയില്ലാതെ വരികയും ആയതിന്റെ അടിസ്ഥാനത്തിൽ ശീർഷകം മാറ്റി നൽകണമെന്നാവശ്യപ്പെട്ട് ധനകാര്യ വകുപ്പിന് ഫയൽ കൈമാറി തുടർനടപടി സ്വീകരിച്ചു വരികയാണെന്നും ജലവിഭവ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പദ്ധതി കാലാവധി അവസാനിക്കാൻ എട്ട് വർഷങ്ങൾ മാത്രം അവശേഷിക്കെ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര ടി.എം.സി. ജലം സംഭരിക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ചോ സ്ഥലമേറ്റെടുക്കൽ നടപടികൾക്ക് തുടക്കം കുറിക്കാനോ നാളിതുവരെ കഴിഞ്ഞിട്ടില്ലായെന്നും കടമാൻതോട്, തൊണ്ടയാർ എന്നീ രണ്ട് ജലസേചന പദ്ധതികളിലുമായി 1 ടി.എം.സി.-യോളം ജലം സംഭരിക്കാൻ മാത്രമേ കഴിയുന്നുള്ളൂവെന്നും നിർദിഷ്ട പദ്ധതിയിൽ നിന്നും 10 ടി.എം.സി.-യോളം ജലം സംഭരിക്കേണ്ടതിനാൽ മൈക്രോ സ്കീമുകൾ നടപ്പാക്കി (സീരീസ് ഓഫ് ചെക്ക് ഡാമുകൾ) പദ്ധതി പൂർത്തിയാക്കാൻ കഴിയുമോയെന്ന് പരിശോധിച്ചെങ്കിലും വിജയിച്ചില്ലായെന്നും നിലവിലെ സാഹചര്യത്തിൽ

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 10 ടി.എം.സി. ജലം അവിടെ സംഭരിക്കാൻ കഴിയുമോയെന്ന കാര്യത്തിൽ സംശയമുണ്ടെന്നും നിരീക്ഷിച്ച സമിതി, പദ്ധതിയുമായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ചേർത്ത് നടപടികൾ വേഗത്തിലാക്കണമെന്ന് നിർദ്ദേശിച്ചു. പദ്ധതിക്കാവശ്യമായ ഭൂമി വേഗത്തിൽ കണ്ടെത്തി സർവ്വേ നടപടികൾ പൂർത്തിയാക്കുകയെന്നത് പ്രയാസമേറിയ കാര്യമാണെന്ന് ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു .

(ii) ബാണാസുരസാഗർ പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ചും സാമൂഹികാഘാത പഠന വിശകലനം സംബന്ധിച്ചുമുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന സമിതിയുടെ നിർദ്ദേശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ ഇടക്കാല മറുപടി പരിഗണിച്ച സമിതി, ഇത് സംബന്ധിച്ച അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച് ആരാഞ്ഞതിന് മറുപടിയായി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ജോയിന്റ് ഇൻസ്പെക്ഷൻ നടക്കുന്നുണ്ടെന്നും പദ്ധതിക്കായി മുമ്പ് ഏറ്റെടുത്ത സ്ഥലം അനുയോജ്യമല്ലെന്ന് സാമൂഹികാഘാത പഠനത്തിൽ കണ്ടെത്തിയതിനാൽ പകരം സ്ഥലം കണ്ടെത്താൻ തീരുമാനിക്കുകയും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ രണ്ട് ഹെക്ടറോളം സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നതായും അതിനുശേഷം തുടർസാമൂഹികാഘാത പഠനം നടത്തുന്നതിനുവേണ്ട നടപടികളെപ്പറ്റി ആലോചിക്കാവുന്നതാണെന്നും ഇറിഗേഷൻ (പ്രോജക്ട്-1) ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

പ്രസ്തുത ഇടക്കാല മറുപടി അംഗീകരിച്ച സമിതി, ഇത് സംബന്ധിച്ച അന്തിമ നടപടി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

10. <u>16-02-2023-ലെ സമിതിയോഗ നിർദേശം -അനന്തര നടപടി സംബന്ധിച്ച്</u>

(ഫയൽ നം. 7297/SubcA1/2023/leg (KLS/3669/2025/SubcA1)

കടലാക്രമണം തടയുന്നതിനുള്ള അടിയന്തര പ്രവൃത്തികൾ വകുപ്പിൽ

നിന്നും ഏറ്റെടുത്ത് നടപ്പിലാക്കാത്തത് സംബന്ധിച്ചും അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ തീരപ്രദേശ സംരക്ഷണവുമായി ബന്ധപ്പെട്ടുമുള്ള സമിതിയോഗ നിർദേശത്തിന്മേൽ മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞതിനു മറുപടിയായി NCCR പഠനവുമായി ബന്ധപ്പെട്ട് മാത്രമേ തീരദേശ സംരക്ഷണ പ്രവൃത്തികൾ ചെയ്യാൻ സാധിക്കുകയുള്ളുവെന്നും അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ തീരദേശ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ റിപ്പോർട്ട് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ഫയൽ സമർപ്പിച്ചിട്ടുണ്ടെന്നും മറുപടി ഉടൻതന്നെ ലഭ്യമാക്കാമെന്നും ഇറിഗേഷൻ (പ്രോജക്ട്-1) ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത സമിതിയോഗ നിർദേശത്തിന്മേലുള്ള അന്തിമ നടപടി റിപ്പോർട്ട് താമസംവിന സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

11. 16.08.2023-ലെ സമിതിയോഗ നിർദേശം- അനന്തര നടപടി സംബന്ധിച്ച്

(ഫയൽ നം. 982/SubcA1/2024/leg

പെരുവണ്ണാമൂഴി കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് 2023-24 സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന സമിതി യോഗ നിർദ്ദേശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ ഇടക്കാല മറുപടി സമിതി പരിഗണിച്ച വേളയിൽ, പ്രസ്തുത പ്രോജക്ട് KIIDC-യിൽ വന്നതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിൽനിന്നും 20-07-2022-ൽ 17 കോടി രൂപയ്ക്ക് തത്വത്തിലുള്ള ഭരണാനുമതി നൽകിയിരുന്നുവെന്നും വർക്ക് ടെൻഡർ ചെയ്യുന്നതിനുമുമ്പ് ധനകാര്യ വകുപ്പിന്റെ അന്തിമ അനുമതി വാങ്ങണമെന്ന വ്യവസ്ഥയിന്മേൽ വിശദമായ പദ്ധതിരേഖയും എസ്റ്റിമേറ്റും തയ്യാറാക്കി 25-07-2023-ൽ ജലവിഭവ വകുപ്പിലേക്ക് സമർപ്പിച്ചുവെങ്കിലും നാളിതുവരെ ഭരണാനുമതി ലഭിക്കാത്തതിനാൽ മറ്റ് മാർഗങ്ങൾ ആലോചിക്കുകയാണെന്നും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലോണെടുത്ത് കുറഞ്ഞ ചെലവിൽ പ്രോജക്ട് നടപ്പാക്കുന്നതിനുവേണ്ടിയുള്ള പല പരിശോധനകളും നടക്കുന്നുണ്ടെന്നും ഏറ്റവും ഒടുവിൽ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ

അധീനതയിലുള്ള ചക്കിട്ടപ്പാറ സുഭിക്ഷ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് നൽകിയിട്ടുള്ള സ്ഥലവും ഗോഡൗണുകളും 15 വർഷത്തേയ്ക്ക് പാട്ടക്കരാർ വ്യവസ്ഥയിൽ ഏറ്റെടുത്ത് അവിടെ കുപ്പിവെള്ള പ്ലാന്റ് ആരംഭിക്കാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 8 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിട്ടുണ്ടെന്നും താമസംവിന ബ്ലോക്ക് പഞ്ചായത്തുമായി ഇത് സംബന്ധിച്ച ധാരണാപത്രം ഒപ്പുവച്ച് മുന്നോട്ടുപോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഇറിഗേഷൻ (പ്രോജക്ട്-1) ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

വടക്കൻ മേഖലകളിൽ ഇടുക്കിയിൽ നിന്നാണ് കുപ്പിവെള്ളം വിതരണം ചെയ്യുന്നതെന്നും അതുകൊണ്ട് നടപടിക്രമങ്ങൾ വേഗത്തിലാക്കി കുപ്പിവെള്ള പ്ലാന്റ് ഇംപ്ലിമെന്റേഷൻ സ്കീമിലേക്ക് കൊണ്ടുവരണമെന്നും അഭിപ്രായപ്പെട്ട സമിതി, പ്രസ്തുത ആവശ്യത്തിലേക്കായി ബ്ലോക്ക് പഞ്ചായത്ത് തുക നൽകാൻ തയ്യാറാണോ എന്നത് സംബന്ധിച്ച് ആരാഞ്ഞതിനു മറുപടിയായി ബ്ലോക്ക് പഞ്ചായത്ത് അനുമതി നൽകാമെന്ന് അറിയിച്ചിട്ടുണ്ടെന്നും കൂടാതെ ബാങ്കുമായി ബന്ധപ്പെട്ടതിൽ നിന്നും ലോൺ നൽകാനുള്ള നടപടി സ്വീകരിക്കാമെന്ന് പറഞ്ഞിട്ടുണ്ടെന്നും ഇതിലേക്ക് ആവശ്യമായി വരുന്ന 8 കോടി രൂപയിൽ 25% ബാങ്ക് ലോണും ബാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുമെന്ന നിലയിലാണ് നൽകുന്നതെന്നും അതിനായി പ്രത്യേകം ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ഇറിഗേഷൻ (പ്രോജക്ട്-1) ചീഫ് എഞ്ചിനീയർ വ്യക്തമാക്കി. തുടർന്ന് നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് പ്രസ്തുത കുപ്പിവെള്ള പ്ലാന്റ് യാഥാർത്ഥ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

III ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് പരിഗണന

4. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ജലവിഭവ (ജലവിതരണ-ബി, പി.എസ്, ഐ.ആർ, എ, എം.പി) വകുപ്പുകൾ ലഭ്യമാക്കിയ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

(ഫയൽ നം.11269/സബ്.സി.എ 1/2024/ലെജി(KLS/4824/2025-SubcA1)

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 1 മുതൽ 31 വരെ, 33, 34, 51 മുതൽ 55 വരെ 57, 60, 62, 65 മുതൽ 78 വരെ, 81, 82, 84 മുതൽ 87 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ജലവിഭവ (ജലവിതരണ-ബി, പി.എസ്, ഐ.ആർ, എ, എം.പി) എന്നീ വകുപ്പുകൾ ലഭ്യമാക്കിയ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ **സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു**

IV <u>കരട് റിപ്പോർട്ട് പരിഗണന</u>

5. <u>2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്</u>

(ഫയൽ നം.11269/സബ്.സി.എ 1/2024/ലെജി(KLS/4824/2025-SubcA1)

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് **സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

6. <u>2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്</u>

(ഫയൽ നം. KLS/5473/2025-SubcA1)

2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് **സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

സമിതി നിർദേശങ്ങളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട വകുപ്പുകൾക്ക് കത്ത് നൽകിയാലും സമയബന്ധിതമായി മറുപടി ലഭ്യമാക്കുന്നില്ലായെന്നും കൂടാതെ വകുപ്പിൽ നിന്നും സമിതിക്ക് ലഭ്യമാക്കുന്ന റിപ്പോർട്ടുകളുടെ ശൈലിയിൽ മാറ്റം വരുത്തേണ്ടതുണ്ടെന്നും എല്ലാ ഫയലുകളിലും പൊതുവായി ഒരേ മറുപടി

നൽകുന്നത് ശരിയല്ലെന്നും നിരീക്ഷിച്ച സമിതി, സബ്ജക്റ്റ് കമ്മിറ്റികളുടെ ഗൗരവം ശരിയായ രീതിയിൽ ഉൾക്കൊണ്ട് അതിന്റേതായ പ്രാധാന്യത്തോടുകൂടി സമീപിക്കണമെന്നും ഓരോ സബ്ജക്റ്റ് കമ്മറ്റി യോഗത്തിനുമുൻപും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യോഗം ചേർന്ന് വകുപ്പുതല ചർച്ചകൾ നടത്തിയതിനുശേഷം മാത്രമേ യോഗത്തിൽ ഹാജരാകാൻ പാടുള്ളുവെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. അത്തരത്തിലുള്ള വകുപ്പ് തല ചർച്ചകൾക്ക് ശേഷം യോഗത്തിൽ പങ്കെടുക്കുകയാണെങ്കിൽ നടപടികൾ വേഗത്തിൽ പൂർത്തിയാക്കാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

വൈകുന്നേരം 6.45-ന് യോഗം അവസാനിച്ചു.

* * * * * * * *

4. <u>06.02.2026-ലെ യോഗനടപടിക്കുറിപ്പ്</u>

ജലവിഭവം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി - III, 2026 ഫെബ്രുവരി 6 വെള്ളിയാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4-എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു.ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. റോഷി അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങൾ വീഡിയോ കോൺഫറൻസിംഗ് മുഖേന പ്രസ്തുത യോഗത്തിൽ പങ്കെടുത്തു.

<u>വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗങ്ങൾ:</u>

1. ശ്രീ. സി. ആർ. മഹേഷ്, എം.എൽ.എ.,
2. ശ്രീ. പി. മമ്മിക്കുട്ടി, എം.എൽ.എ.,
3. ശ്രീ. എച്ച്. സലാം, എം.എൽ.എ.,
4. ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ.,

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. ആർ. എസ്. സന്തോഷ് കുമാർ, ജോയിന്റ് സെക്രട്ടറി

2. ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വിനോദ്കുമാർ എം. കെ., അണ്ടർ സെക്രട്ടറി

<u>**ഹാജരായ ഉദ്യോഗസ്ഥർ:**</u>

1. ശ്രീ. ബിശ്വനാഥ സിൻഹ, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീ. സജി കുമാർ ജെ., സ്പെഷ്യൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
3. ശ്രീമതി ദീപ എൻ. സി., ജോയിന്റ് സെക്രട്ടറി, ജലസേചന വകുപ്പ്
4. ശ്രീ. ശ്രീരാജ് എസ്. എസ്., ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീമതി ശ്രീലത എൽ., ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ. ശ്രീകുമാർ എ. എൽ., ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീ. സിനേഷ് സി. എസ്., ചീഫ് എഞ്ചിനീയർ (പ്രോജക്ട്-I, കോഴിക്കോട്), ജലസേചന വകുപ്പ്
8. ശ്രീമതി ശ്രീകല സി. കെ., ചീഫ് എഞ്ചിനീയർ (ഇൻലാന്റ് നാവിഗേഷൻ ആൻഡ് കുട്ടനാട് പാക്കേജ്, ആലപ്പുഴ), ജലസേചന വകുപ്പ്
9. ശ്രീ. ബിനോയ് ടോമി ജോർജ്, ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ ആൻഡ് അഡ്മിനിസ്ട്രേഷൻ), ജലസേചന വകുപ്പ്
10. ശ്രീമതി ബീന തങ്കം പി. എൽ., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഓഫീസ് ഓഫ് ദ ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ ആൻഡ് അഡ്മിനിസ്ട്രേഷൻ), ജലസേചന വകുപ്പ്
11. ശ്രീ. ബിജോയ് കെ, ചീഫ് എഞ്ചിനീയർ, മെക്കാനിക്കൽ ഡിവിഷൻ, ജലസേചന വകുപ്പ്
12. ശ്രീമതി സുജ ഗ്രേസിൻ, ചീഫ് എഞ്ചിനീയർ, പ്രോജക്ട്-II, തിരുവനന്തപുരം
13. ശ്രീ. എസ്. തിലകൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KIIDC)
14. ശ്രീമതി ജ്യോതിലക്ഷ്മി എസ്., ഡയറക്ടർ, ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ്

2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട് ധനാഭ്യർത്ഥന നമ്പർ XXXVIII-ജലസേചനം

സംബന്ധിച്ച ബജറ്റ് പ്രൊപ്പോസൽ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് താഴെപ്പറയും പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

ജലസേചനവും ഭരണവും വകുപ്പ്
(വെള്ളപ്പൊക്ക നിയന്ത്രണം, കടലാക്രമണ നിരോധന പദ്ധതികൾ)

2700-26-101-98-34-2 - വൻകിട ജലസേചനം - തണ്ണീർമുക്കം പദ്ധതി (വാണിജ്യേതരം) -സംരക്ഷണപ്പണികൾ - മറ്റു ചെലവുകൾ- വൈദ്യുതി ചെലവ്

തണ്ണീർമുക്കം റെഗുലേറ്ററുകളുടെ പ്രവർത്തനത്തിനുള്ള വൈദ്യുതി ചാർജ്ജ്, കുടിശ്ശിക ഉൾപ്പെടെ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-15-101-98-34-2 - ഇടത്തരം ജലസേചനം- കുട്ടനാട് വികസന പദ്ധതി (വാണിജ്യേതരം) - സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ - വൈദ്യുതി ചെലവ്

തോട്ടപ്പള്ളി സ്പിൽവേയുടെ വൈദ്യുതി ചെലവിനത്തിനായി ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-80-052-98-34-3 - ഇടത്തരം ജലസേചനം - ജനറൽ - യന്ത്രോപകരണങ്ങൾ വാഹനങ്ങളും അറ്റകുറ്റപ്പണികളും-മറ്റുചെലവുകൾ- മറ്റിനം.

വകുപ്പ് പുതുതായി വാങ്ങി ഉപയോഗിക്കുന്ന എസ്കവേറ്റർ, ഡ്രഡ്ജർ, ജെ.സി.ബി. എന്നിവയുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701 -80 -003-99 - ഇടത്തരം ജലസേചനം - ജനറൽ - പരിശീലനം -

<u>പ്രത്യേക പരിശീലന പരിപാടി</u>

ജലസേചന വകുപ്പിലെ ഐ.ടി സെല്ലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അതോടൊപ്പം വിപുലീകരണത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാർക്ക് ഇ-ഗവേർണൻസ് , വെബ്സൈറ്റ് അപ്ഗ്രഡേഷൻ , വിവിധ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനും പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് PRICE -3, e-Tender, e-Monite, e-Office, SPARK, BIMS, BAMS എന്നിവയിൽ പരിശീലനം നല്കുന്നതിനുമായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701 –80 –001– 92–99 - <u>ഇടത്തരം ജലസേചനം - ജനറൽ - ഭരണവും നടത്തിപ്പും - വകുപ്പ് നവീകരണവും ഇ - ഗവേർണൻസും- വിവരസാങ്കേതിക വിദ്യ.</u>

ജലസേചന വകുപ്പിലെ ഐ.ടി ഉപകരണങ്ങളുടെ അപര്യാപ്തത, ഇ – ഓഫീസ് , ഇ-ഗവേർണൻസ് പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതിനാലും ഇ-ഓഫീസ് സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണവും സിസ്റ്റം ഡെഫിഷ്യൻസിയും തമ്മിലുള്ള ഗ്യാപ്പ് അനാലിസിസ് നടത്തി ഡിവിഷൻ തലം വരെയുള്ള കമ്പ്യൂട്ടറിന്റെ ആവശ്യകത വിലയിരുത്തിയപ്പോൾ 1350 ലാപ്ടോപ്പുകൾ, 150 സ്കാനറുകൾ എന്നിവ അടിയന്തരമായി വകുപ്പിന് ആവശ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലും ഇ-ഓഫീസ് നടപ്പിലാക്കൽ , ഐ.ടി ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ , വെബ്സൈറ്റ് അപ്ഗ്രഡേഷൻ, മറ്റ് ഇ-ഗവേർണൻസ് പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701–80–800–73 - <u>ഇടത്തരം ജലസേചനം - ജനറൽ - മറ്റു ചെലവുകൾ - നദികളുടെയും അരുവികളുടെയും പുനരുജ്ജീവനം</u>

വെള്ളപ്പൊക്കം തടയാനും ഭൂഗർഭ ജലനിരപ്പ് ഉയർത്താനും ജനജീവിതം സുരക്ഷിതമാക്കാനും ജലഗതാഗത ശേഷി മെച്ചപ്പെടുത്തുന്നതിനുമായി നിലവിലുള്ള നദികളിലെയും അരുവികളിലെയും മണലും കളകളും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്യുന്നതിനും തീരങ്ങളുടെ അവശ്യ സംരക്ഷണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2711 – 01- 103- 99- 34- 3 – വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ വർക്സ് - വെള്ളപ്പൊക്ക നിയന്ത്രണപ്പണികൾ -സംരക്ഷണം- മറ്റു ചെലവുകൾ - മറ്റിനം.

വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനായുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 14 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2711 – 01- 103- 98- 34- 3- വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ വർക്സ് - വെള്ളപ്പൊക്കക്കെടുതികൾ മൂലമുള്ള അറ്റകുറ്റപ്പണികൾ - മറ്റു ചെലവുകൾ - മറ്റിനം.

പ്രളയം മൂലമുള്ള വെള്ളപ്പൊക്ക കെടുതികൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2711 – 02- 103- 99- 34- 3- വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും- കടലാക്രമണ നിരോധന പദ്ധതികൾ - സിവിൽ വർക്സ് - കടലാക്രമണ നിരോധന പണികൾ - സംരക്ഷണം - മറ്റു ചെലവുകൾ - മറ്റിനം.

കാലാവസ്ഥാ വ്യതിയാനം കാരണം അടിക്കടിയുണ്ടാകുന്ന കള്ളക്കടൽ പ്രതിഭാസം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2711 – 02- 800-98 - വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും- കടലാക്രമണ നിരോധന പദ്ധതികൾ - മറ്റു ചെലവുകൾ - തീരദേശ സംരക്ഷണ പഠനം

Shore Line Management Plan (SLMP) പ്രകാരമുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ ബയോമെട്രിക് ടോപോഗ്രാഫിക് പഠനങ്ങൾ നടത്തുന്നതിനും 2025-26 സാമ്പത്തിക വർഷം ആരംഭിച്ചതും 2026-27 സാമ്പത്തിക വർഷം ആരംഭിക്കേണ്ടതുമായ പദ്ധതികൾ സംബന്ധിച്ച സാമൂഹിക, പാരിസ്ഥിതിക പഠനങ്ങൾ നടത്തുന്നതിനും അവയുടെ രൂപകല്പന നിർവഹിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4711 – 01 -103-99-(01) - വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ - സിവിൽ പണികൾ- മരാമത്തു പണികൾ

മുൻവർഷങ്ങളിൽ പെയ്ത മഴയുടെ കാഠിന്യംമൂലം മണ്ണും ചെളിയും അടിഞ്ഞുകൂടി നദികളും തോടുകളും കരകവിഞ്ഞൊഴുകുകയും നദീതീരങ്ങൾ ഇടിഞ്ഞുപോവുകയും പലസ്ഥലങ്ങളിലും വീടുകൾക്ക് നാശനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്ത സാഹചര്യത്തിൽ

ആയത് പരിഹരിക്കുന്നതിനായി തിരുവനന്തപുരം നഗരം ഒഴികെ സംസ്ഥാനത്തെ മറ്റു പ്രദേശങ്ങളിലെ സംരക്ഷണ പ്രവൃത്തികൾക്കായി നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4711 – 01 -103-98-(01) വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് -വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ - തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ - മരാമത്തുപണികൾ

തിരുവനന്തപുരം നഗരത്തിലെ കെട്ടിടങ്ങൾ ,വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള മാലിന്യങ്ങൾ തോടുകളിലും നദികളിലും അടിഞ്ഞുകൂടി ചെറിയ മഴയിൽ പോലും വെള്ളപ്പൊക്കം ഉണ്ടാകുന്നതും വീടുകളിൽ വെള്ളം കയറി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്നതും ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4711 – 01 -103-93 - വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ - മലബാർ ജലസേചന പാക്കേജ് (മിർപാ) ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ മുതലായവയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും.

മലബാർ മേഖലയിലെ ചെക്ക്ഡാമുകൾ , റെഗുലേറ്ററുകൾ, ഉപ്പുവെള്ള പ്രതിരോധ നിർമ്മിതികൾ എന്നിവയുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4711 – 01 -103-81- വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്

- വെള്ളപ്പൊക്ക നിയന്ത്രണം -സിവിൽ പണികൾ - കേരള സുസ്ഥിരതീര സംരക്ഷണത്തിനും കാലാവസ്ഥാ പ്രതിരോധത്തിനുമുള്ള ആസൂത്രണ പദ്ധതി -ലോകബാങ്ക് / എ.ഡി. ബി സഹായ പദ്ധതി

ഏഷ്യൻ വികസന ബാങ്കിന്റെ സഹകരണത്തോടെ കേരളത്തിന്റെ തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനും കാലാവസ്ഥാ വ്യതിയാനത്തെ തുടർന്നുള്ള വെല്ലുവിളികൾ കൈകാര്യം ചെയ്യുന്നതിനുമായി ആവിഷ്കരിച്ചതും ഏകദേശം 4013 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതുമായ കേരള സുസ്ഥിര തീര സംരക്ഷണ പദ്ധതി (PPRID-11669)-യിലൂടെ കേരളത്തിന്റെ 90 കിലോമീറ്റർ തീരപ്രദേശത്ത് ഓഫ്ഷോർ റീഫുകളുടെ നിർമ്മാണം, ബീച്ച് പോഷണം, പഴയ കടൽഭിത്തികളുടെ നവീകരണം , മണൽ തടയൽ നിർമ്മിതികൾ സ്ഥാപിക്കൽ, ഉപജീവന പദ്ധതികൾ ആവിഷ്കരിക്കൽ, സാമർത്ഥ്യ പരിശീലനം നൽകൽ തുടങ്ങിയവ നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്. 2026 -ഓടെ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വായ്പാ കരാർ ഒപ്പിടുന്നതിനായി ധനകാര്യമന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതിനാൽ ആയതിനുവേണ്ട പ്രോജക്ട് കൺസൾട്ടൻസി സ്ഥാപിക്കുന്നതിനായി 42 കോടി രൂപയും 30 % സിവിൽ വ്യവസായ കരാർ പ്രക്രിയ പൂർത്തീകരിക്കുന്നതിനുള്ള 180 കോടി രൂപയും ഉൾപ്പെടെ 2026-27 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 222 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4711-01-800-99 വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് -വെള്ളപ്പൊക്ക നിയന്ത്രണം - മറ്റു ചിലവുകൾ - ജലാശയങ്ങളുടെ സംരക്ഷണത്തിനും ആവാസവ്യവസ്ഥ പുനസ്ഥാപിക്കുന്നതിനുമുള്ള സമഗ്ര പാക്കേജ്

ജലാശയങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി പ്രഖ്യാപിച്ച സമഗ്ര പാക്കേജിലെ പദ്ധതികൾക്കായി (2021 – 22-ലെ ബജറ്റ് പ്രസംഗം 49,50,51 പ്രകാരം) ജലസേചന വകുപ്പിന് അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ നടപ്പ് സാമ്പത്തിക വർഷം തന്നെ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി

തീരുമാനിച്ചു.

4711 – 02 -103-99- <u>വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് - കടലാക്രമണ നിരോധന പദ്ധതികൾ -സിവിൽ പണികൾ-സിവിൽ പണികൾ</u>

World Bank Assisted Resilient Kerala P for R Additional Financing (DLI-10) പ്രോഗ്രാമിൽ അംഗീകരിച്ച തീര സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 150 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4711-01-800-98 <u>വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് വെള്ളപ്പൊക്ക നിയന്ത്രണം - മറ്റു ചിലവുകൾ -Resilient Kerala P For R (RKP)-Mission Directorate</u>

ശമ്പളം, പ്രവർത്തന ചെലവുകൾ, മോഡലിംഗ് /ഡിസൈൻ കൺസൾട്ടന്റുകൾ തുടങ്ങിയ ആവശ്യങ്ങൾക്കായും ഷോർലൈൻ മാനേജ്മെൻറ് പ്ലാൻ തയ്യാറാക്കുന്നതിനും അടിസ്ഥാന സൗകര്യ/ ഐ.ടി വികസനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം നല്കുന്നതിനുമായി മിഷൻ ഡയറക്ടറേറ്റിനായി ശമ്പള ശീർഷകം അനുവദിച്ചിരിക്കുന്ന സാഹചര്യത്തിലും 19.01.2026-ലെ സർക്കാർ കത്ത് നമ്പർ IR2/322/2024/WRD part(1) പ്രകാരം 2026-27 സാമ്പത്തിക വർഷം തന്നെ പുതിയ ഹെഡ് ഓഫ് അക്കൗണ്ടിന് കീഴിൽ ശമ്പളചെലവ് പുനർവർഗ്ഗീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതിനാലും 4711-01-800 എന്ന പദ്ധതി ശീർഷകത്തിൻ കീഴിൽ (98-റെസിലിയന്റ് കേരള പ്രോഗ്രാം ഫോർ റിസൾട്ട്സ് മിഷൻ ഡയറക്ടറേറ്റ്) എന്ന ഉപ ശീർഷകം ഉൾപ്പെടുത്തി ഈ ശീർഷകത്തിൽ 25 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

<u>കേരള സംസ്ഥാന ജലവിഭവ വകുപ്പ്</u>
<u>(പ്രോജക്ട്സ്-1 വിഭാഗം)</u>

2700-02 - <u>വൻകിട ജലസേചനം - മലമ്പുഴ പദ്ധതി (വാണിജ്യപരം)</u>

സുഗമമായ ജലസേചനത്തിനു വേണ്ടിയുള്ള കനാൽ നവീകരണത്തിനായി ഈ ശീർഷകത്തിൽ 2.10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-03 - <u>വൻകിട ജലസേചനം - വാളയാർ പദ്ധതി (വാണിജ്യപരം)</u>

3997 ഹെക്ടർ വിസ്തൃതിയുള്ള കാർഷിക മേഖലയ്ക്ക് വേണ്ടിയുള്ള ജലസേചന കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-04 - <u>വൻകിട ജലസേചനം - മംഗലം പദ്ധതി (വാണിജ്യപരം)</u>

സുഗമമായ ജലസേചനത്തിനു വേണ്ടിയുള്ള കനാൽ നവീകരണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 38.12 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-05 - <u>വൻകിട ജലസേചനം -മീൻകര പദ്ധതി (വാണിജ്യപരം)</u>

ഗായത്രിപ്പുഴ Stage-I spillover 2 പദ്ധതികളുടെ 5465 ഹെക്ടർ പ്രദേശത്തേക്കുള്ള ജലസേചന കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-12 - <u>വൻകിട ജലസേചനം - പഴശ്ശി പദ്ധതി (വാണിജ്യേതരം)</u>

ജലസേചനത്തിന് മുന്നോടിയായുള്ള കാട്ടുവെട്ടിത്തെളിക്കൽ, സിൽട്ട് നീക്കം ചെയ്യൽ തുടങ്ങിയ പ്രാഥമിക പ്രവൃത്തികൾക്കും മരം മുറിക്കൽ, അടിസ്ഥാന സൗകര്യ വികസനം ,

മറ്റ് അടിയന്തര പ്രവൃത്തികൾ തുടങ്ങിയവയ്ക്കുമായി ഈ ശീർഷകത്തിൽ 2.45 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന്_ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-13 - വൻകിട ജലസേചനം - കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം) കനാലുകളുടെ നവീകരണത്തിനായും ജലസേചനത്തിന് മുന്നോടിയായുള്ള കാട്ടുവെട്ടിത്തെളിക്കൽ തുടങ്ങിയ പ്രാഥമിക പ്രവൃത്തികൾ , മറ്റ് അടിയന്തര പ്രവൃത്തികളുടെ നിർവ്വഹണം എന്നിവയ്ക്കുമായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-17 - വൻകിട ജലസേചനം - ചിറ്റൂർ പുഴ പദ്ധതി (വാണിജ്യേതരം)

20440 ഹെക്ടർ കാർഷിക മേഖലയ്ക്ക് വേണ്ടിയുള്ള ജലസേചന കനാലുകളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-18 - വൻകിട ജലസേചനം - കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)

ജലവിതരണത്തിന് മുന്നോടിയായി കനാലുകളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും വളർന്ന നിൽക്കുന്ന ചെടികളും നീക്കം ചെയ്യുന്നതിനും കാഞ്ഞിരപ്പുഴ ഡാമിന്റെയും കനാലുകളുടെയും മറ്റ് അനുബന്ധ നിർമ്മിതികളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-25 - വൻകിട ജലസേചനം - മൂലത്തറ ആർ .ബി. കനാൽ (വാണിജ്യേതരം) കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ

സമിതി തീരുമാനിച്ചു.

2701-11 - ഇടത്തരം ജലസേചനം- പോത്തുണ്ടി പദ്ധതി (വാണിജ്യേതരം)

സുഗമമായ ജലസേചനത്തിനു വേണ്ടിയുള്ള കനാൽ നവീകരണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 65.35 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-12- ഇടത്തരം ജലസേചനം- അട്ടപ്പാടി ജലസേചന പദ്ധതി (വാണിജ്യേതരം)

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 51000 രൂപ പര്യാപ്തമായതിനാൽ അധിക തുക വകയിരുത്തേണ്ടതിന്റെ ആവശ്യമില്ലായെന്ന് സമിതി വിലയിരുത്തി.

2701-17 ഇടത്തരം ജലസേചനം- ചേരാമംഗലം ജലസേചന പദ്ധതി (വാണിജ്യേതരം)

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 25.01 ലക്ഷം രൂപ പര്യാപ്തമായതിനാൽ അധിക തുക വകയിരുത്തേണ്ടതിന്റെ ആവശ്യമില്ലായെന്ന് സമിതി വിലയിരുത്തി.

2701-20 - ഇടത്തരം ജലസേചനം - വെള്ളിയാംകല്ല് കാസ് വേ (വാണിജ്യേതരം)

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട മെക്കാനിക്കൽ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 85 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700 – 12-800-97 - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- പഴശ്ശി പദ്ധതി (വാണിജ്യേതരം)- മറ്റു ചെലവുകൾ- അണക്കെട്ടും അനുബന്ധ പണികളും

പഴശ്ശി ജലസേചന പദ്ധതി റീ-കമ്മീഷൻ ചെയ്യേണ്ടതിനാൽ കനാൽ ശൃംഖലകളും കനാൽ സ്ട്രക്ചറുകളും പൂർണ്ണ തോതിൽ നവീകരിക്കുന്നതിനും പുതുക്കി നിർമ്മിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 80 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700 – 12-800-87 - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് പഴശ്ശി പദ്ധതി (വാണിജ്യേതരം)- മറ്റു ചെലവുകൾ- പഴശ്ശി ജലസേചന പദ്ധതിയിൽ മെയിൻ കനാൽ , ബ്രാഞ്ച് കനാൽ , വിതരണ സംവിധാനം എന്നിവയുടെ നവീകരണം (നബാർഡ് ആർ. ഐ. ഡി .എഫ്)

പഴശ്ശി ജലസേചന പദ്ധതിയുടെ 404 കിലോമീറ്റർ ദൈർഘ്യം വരുന്ന കനാൽ ശൃംഖലയുടെയും കനാൽ സ്ട്രക്ചറുകളുടെയും നവീകരണത്തിനായും അതുവഴി 11525 ഹെക്ടർ വിസ്തൃതിയുള്ള കൃഷിഭൂമിയിലേക്ക് ജലസേചന സൗകര്യം ഒരുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 74 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700 – 13 - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)-

അൻപത് വർഷത്തോളം കാലപ്പഴക്കമുള്ള നിലവിലെ കനാൽ സ്ട്രക്ച്ചറുകളുടെ അറ്റകുറ്റപ്പണികൾക്കായും പ്രതിവർഷം ആയിരം ഹെക്ടറിൽ കൃഷി വ്യാപിപ്പിക്കുന്നതിനാവശ്യമായ ജലസേചന പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 49.24 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ_ചെയ്യാൻ സമിതി തീരുമാനിച്ചു.

4700 – 17-800-87 - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് ചിറ്റൂർപ്പുഴ പദ്ധതി (വാണിജ്യേതരം)- യന്ത്രോപകരണങ്ങൾ - ചിറ്റൂർപ്പുഴ പദ്ധതി (നബാർഡ് - ആർ.ഐ. ഡി. എഫ്) പ്രകാരം കനാലുകളുടെ നവീകരണവും ആധുനീവൽക്കരണവും

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടു വരുന്ന കനാലുകളുടെ നവീകരണത്തിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700 – 18-800-92 - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - പദ്ധതി (വാണിജ്യേതരം)-മറ്റു ചെലവുകൾ- കനാലുകൾ

നാല്പത് വർഷം പഴക്കമുള്ള കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയിലൂടെയുള്ള സുഗമമായ ജലസേചനത്തിനായി കനാൽ ശൃംഖലകളുടെയും അനുബന്ധ നിർമ്മിതികളുടെയും പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700 – 18-800-87 - <u>വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)-മറ്റു ചെലവുകൾ- കാഞ്ഞിരപ്പുഴ പദ്ധതിയുടെ നവീകരണം (നബാർഡ് - ആർ. ഐ . ഡി .എഫ്)</u>

നാല്പത് വർഷം പഴക്കമുള്ള കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയിലൂടെയുള്ള സുഗമമായ ജലസേചനത്തിനായി കനാൽ ശൃംഖലകളുടെയും അനുബന്ധനിർമ്മിതികളുടെയും പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700 – 25 - <u>വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - മൂലത്തറ (ആർ . ബി) കനാൽ (വാണിജ്യേതരം)-</u>

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700 – 28 - <u>വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ബാണാസുര സാഗർ പദ്ധതി (വാണിജ്യേതരം)-</u>

പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി 18.748 കോടി രൂപയും ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ഭരണ ചെലവുകൾക്കായി 3.10 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 21.848 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701 –12 – ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)

അട്ടപ്പാടി അട്ടപ്പാടി ഡാം സൈറ്റിലൂടെ കടന്നു പോകുന്ന ഗുളിക്കടവ് - ചിറ്റൂർ റോഡിന്റെ ഡ്രെയിൻ നിർമ്മാണത്തിനായി 50 ലക്ഷം രൂപയും 100 മീറ്റർ നീളത്തിൽ റോഡിന് ഗാബിയോൺ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി 1.25 കോടി രൂപയും അട്ടപ്പാടി ക്യാമ്പസിനുള്ളിൽ നിലവിൽ തകർന്നു കിടക്കുന്ന റോഡിന്റെ 600 മീറ്റർ നീളത്തിലുള്ള അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 25 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701 –13 – ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - കബനി - കാരാപ്പുഴ പദ്ധതി (വാണിജ്യേതരം)-

ജലസേചന പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിനായി 7.6886 കോടി രൂപയും ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ഭരണ ചെലവുകൾക്കായി 5.4389 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 13.1275 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701-17 – ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ചേരാമംഗലം പദ്ധതി (പ്ലാൻ)

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യമില്ല എന്ന വകുപ്പിന്റെ മറുപടി സമിതി അംഗീകരിച്ചു.

4701 – 18-001-97 – ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് (വാണിജ്യേതരം)-ഭരണവും നടത്തിപ്പും-നടത്തിപ്പ്

ജീവനക്കാരുടെ ശമ്പള വിതരണത്തിനും കുടിശ്ശിക തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2.3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701 – 18-800 -86 – ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് (വാണിജ്യേതരം)- മറ്റു ചെലവുകൾ - ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ്

ഗാബിയോൺ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701 -80 -800-72 – ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - മറ്റു ചെലവുകൾ - വൻകിട പദ്ധതികളിൽ ഉൾപ്പെട്ട കാഡാ കനാലുകളിലെ ഫീൽഡ് ചാനലുകളുടെയും ഡ്രൈനുകളുടെയും ആധുനികവത്കരണം

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കനാലുകളുടെ നവീകരണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 8.2850 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(ജലസേചനം- പ്രോജക്ട് 2)

2700-01-101-98 – വൻകിട ജലസേചനം - പെരിയാർ നദീതട പദ്ധതി (വാണിജ്യപരം)- സംരക്ഷണപ്പണികൾ - സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ

ഏകദേശം 60 വർഷം മുൻപ് നിർമ്മിച്ച പ്രസ്തുത പദ്ധതിയുടെ മിക്ക കനാലുകളുടെയും ലൈനിംഗ് തകർന്ന നിലയിലും ഹൈഡ്രോളിക് പർട്ടിക്കുലേഴ്സിന് വ്യതിയാനം സംഭവിച്ചിട്ടുള്ള സ്ഥിതിയിലുമായതിനാൽ കൂടുതൽ കനാലുകൾ തകരാതിരിക്കുവാൻ പ്രസ്തുത കനാലുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ അടിയന്തരമായി നടപ്പിലാക്കുവാനും കനാലുകളുടെ അവസാനഭാഗം വരെ ജലലഭ്യത ഉറപ്പാക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2.50 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-01-101 - 99 – വൻകിട ജലസേചനം - പെരിയാർ നദീതട പദ്ധതി (വാണിജ്യപരം) -സംരക്ഷണപ്പണികൾ -

<u>വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ്</u>

പി.വി.ഐ.പി -യുടെ കനാലുകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് സുഗമമായ ജലവിതരണം ഉറപ്പാക്കുന്നതിനുവേണ്ടി കനാലുകളിലെ തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനായി എച്ച് . ആർ വർക്കർമാരെ നിയോഗിക്കേണ്ടത് അനിവാര്യമായതിനാൽ പ്രസ്തുത വർക്കർമാരുടെ വേതനം നല്കുന്നതിനായും കനാലുകൾക്ക് സമീപം അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-11-101 - 98 - <u>വൻകിട ജലസേചനം - നെയ്യാർ ജലസേചന പദ്ധതി (വാണിജ്യേതരം) -സംരക്ഷണപ്പണികൾ - സംരക്ഷണപ്പണികൾ - മറ്റു ചെലവുകൾ</u>

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാലുകളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 1.10 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-14-101-98-18 - <u>വൻകിട ജലസേചനം - വടക്കാഞ്ചേരി പദ്ധതി (വാണിജ്യേതരം)-സംരക്ഷണപ്പണികൾ - സംരക്ഷണപ്പണികൾ -മറ്റു ചെലവുകൾ -സംരക്ഷണം</u>

വാഴാനി ഡാമിന്റെയും ബ്രാഞ്ച് കനാലുകളുടെയും അടിയന്തര അറ്റകുറ്റപ്പണികൾക്കായും കനാലിന്റെ അവസാനഭാഗം വരെ വെള്ളം എത്തിക്കുന്നതിന്റെ ഭാഗമായി വലിയ തോതിലുള്ള ലീക്കേജ് നേരിടുന്ന കനാൽ ഭാഗങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായും Vazhani Dam-Library cum cultural maintenance, I B cleaning, 3 ബ്രാഞ്ച് കനാലുകളുടെയും മെയിൻ കനാലിന്റെയും അറ്റകുറ്റപ്പണികൾ എന്നിവ നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-16-101-99 - <u>വൻകിട ജലസേചനം - പമ്പാ ജലസേചന പദ്ധതി (വാണിജ്യേതരം)-സംരക്ഷണപ്പണികൾ - വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ് മെൻറ്</u>

എച്ച് . ആർ ജീവനക്കാരുടെ വേതനം നൽകുന്നതിനായും പദ്ധതിയുടെ മറ്റ് ചെലവുകൾക്കായും ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-16-101-98 - <u>വൻകിട ജലസേചനം - പമ്പാ ജലസേചന പദ്ധതി (വാണിജ്യേതരം)-സംരക്ഷണപ്പണികൾ - സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ</u>

പ്രസ്തുത പദ്ധതിയുടെ 531.105 കിലോമീറ്റർ ദൈർഘ്യമുള്ള കനാൽ ശൃംഖലയുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായും ശുചീകരണ പ്രവൃത്തികളുടെ നിർവ്വഹണത്തിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-27-101-98-18 - <u>വൻകിട ജലസേചനം - കല്ലട ജലസേചന പദ്ധതി (വാണിജ്യേതരം) -സംരക്ഷണപ്പണികൾ സംരക്ഷണപ്പണികൾ-മറ്റു ചെലവുകൾ-സംരക്ഷണം</u>

നാല്പതിലേറെ വർഷം പഴക്കമുള്ള കനാലും അനുബന്ധനിർമ്മിതികളും അത്യന്തം ശോചനീയാവസ്ഥയിലും ജീർണ്ണിച്ച നിലയിലുമായതിനാൽ ആയിരം കിലോമീറ്ററോളം ദൈർഘ്യമുള്ള പ്രസ്തുത കനാൽ പദ്ധതിയുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 7.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-02-101-98 -18 - <u>ഇടത്തരം ജലസേചനം- ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യപരം) - സംരക്ഷണപ്പണികൾ - സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ-സംരക്ഷണം</u>

ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതിയുടെ 358.20 കിലോമീറ്റർ ദൈർഘ്യമുള്ള കനാൽ ശൃംഖലയുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 3.1 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-03-101-98-18 - ഇടത്തരം ജലസേചനം- ചീരക്കുഴി പദ്ധതി (വാണിജ്യപരം) - സംരക്ഷണപ്പണികൾ - സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ - സംരക്ഷണം

പ്രസ്തുത പദ്ധതിയിലെ പ്രവൃത്തികളുടെ സുഗമമായ നടത്തിപ്പിനും സ്റ്റാഫ് ക്വാർട്ടേഴ്സുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-14-101-99 - ഇടത്തരം ജലസേചനം - ചിമ്മിണി പദ്ധതി (വാണിജ്യേതരം) - സംരക്ഷണപ്പണികൾ - വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ് മെന്റ്

മേസൺറി ഡാമിന്റെ മുകൾഭാഗം സന്ദർശകർക്കായി തുറക്കുന്നതിനായും ഡാമിന്റെ സുരക്ഷയ്ക്കായി KEXCON വഴി സുരക്ഷാ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനായും ഈ ശീർഷകത്തിൽ 21.90 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-14-101-98-18 - ഇടത്തരം ജലസേചനം- ചിമ്മിണി പദ്ധതി (വാണിജ്യേതരം) - സംരക്ഷണപ്പണികൾ- സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ - സംരക്ഷണം

ഡാമിന്റെ സംരക്ഷണ പ്രവൃത്തികൾ , താൽക്കാലിക ചിറകളുടെ നിർമ്മാണം എന്നിവ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 1.0897 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-80-800-97-34-3 - ഇടത്തരം ജലസേചനം - ജനറൽ - മറ്റു ചെലവുകൾ

- മറ്റു ജലസേചന പണികളുടെ സംരക്ഷണപ്പണികളും അറ്റകുറ്റപ്പണികളും

കോൾ ചാലുകളിൽ താൽക്കാലിക ബണ്ട് നിർമ്മിക്കുന്നതിനും ചണ്ടി ,കുളവാഴ, കരിവാലി ചണ്ടി എന്നിവ നീക്കം ചെയ്യുന്നതിനും കോൾ മേഖലയിലെ എല്ലാ റെഗുലേറ്ററുകളുടെയും പരിപാലനം, നടത്തിപ്പ് എന്നിവയ്ക്കുമായി ഈ ശീർഷകത്തിൽ 1.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700 -20 - 800-92 - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഇടമലയാർ പദ്ധതി (വാണിജ്യേതരം)- മറ്റുചെലവുകൾ - കനാലുകൾ

ഇടമലയാർ ജലസേചന പദ്ധതിയുടെ കീഴിൽ വരുന്ന കനാലുകളിലൂടെ സുഗമവും കാര്യക്ഷമമവുമായി ജലവിതരണം നടത്തുന്നതിനും കനാൽ ബണ്ടിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ അടിയന്തരമായി മുറിച്ച് മാറ്റുന്നതിനും അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും കനാലുകളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ 22.1771 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700 -20 - 800-97 - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഇടമലയാർ പദ്ധതി (വാണിജ്യേതരം)- മറ്റു ചെലവുകൾ - അണക്കെട്ടും അനുബന്ധ പണികളും

മെയിൻ കനാലുകളിലൂടെയുള്ള ജലവിതരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ലീഡിങ് ചാനലിലെ എക്കൽ നീക്കം ചെയ്യേണ്ടത് അനിവാര്യമായതിനാൽ പ്രസ്തുത ലീഡിങ് ചാനലിന്റെ ഡിസിൽറ്റിംഗിനും മറ്റ് അനുബന്ധ പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 1.50 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700 -20 - 800-87 - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഇടമലയാർ പദ്ധതി (വാണിജ്യേതരം)- മറ്റുചെലവുകൾ - ഇടമലയാർ ജലസേചന പദ്ധതി (നബാർഡ് -ആർ. ഐ. ഡി .എഫ്)

കാലപ്പഴക്കംമൂലം ജീർണ്ണാവസ്ഥയിലായ ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിലെ 358.20 കിലോമീറ്ററോളം ദൈർഘ്യം വരുന്ന കനാൽ ശൃംഖലയുടെ പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 341.6689 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700 -21 - 800-97 - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - മീനച്ചിൽ പദ്ധതി (വാണിജ്യേതരം)- മറ്റുചെലവുകൾ- അണക്കെട്ടും അനുബന്ധ പണികളും (മീനച്ചിൽ നദീതടപദ്ധതി)

പാലാ മുനിസിപ്പാലിറ്റിയിലെ അരുണാപുരത്ത് ചെക്ക് ഡാം കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് 38 കോടി രൂപയുടെയും ചേരിപ്പാട് ഭാഗത്ത് തീക്കോയി ആറിന് കുറുകെ ആർ .സി .ബി നിർമ്മിക്കുന്നതിന് 30 കോടി രൂപയുടെയും എസ്റ്റിമേറ്റ് , ഭരണാനുമതിക്കായി സമർപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത എസ്റ്റിമേറ്റ് തുകയുടെ 20% തുക വകയിരുത്തേണ്ടതിനാലും മീനച്ചിൽ നദിയിലുണ്ടാകുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കുവാനായി 4 ഓവർ ഫ്ലോ വിയേഴ്സിന്റെ പര്യവേഷണത്തിനുള്ള പ്രൊപ്പോസൽ KSDMA-യുടെ സംസ്ഥാനതല എക്സിക്യൂട്ടീവ് മുൻപാകെ സമർപ്പിക്കുവാൻ SDMF അപ്രൈസൽ കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 1.20 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ച സാഹചര്യത്തിലും പ്രസ്തുത ആവശ്യങ്ങളിലേയ്ക്കായി ഈ ശീർഷകത്തിൽ 10.9018 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700 -22 - 800-98 - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)- മറ്റു ചെലവുകൾ -റിസർവോയർ

മൂവാറ്റുപുഴ പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന റിസർവോയറുകളുടെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനുമായി ഈ ശീർഷകത്തിൽ 1.3038 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700 -22 – 800-97 - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)-മറ്റു ചെലവുകൾ- അണക്കെട്ടും അനുബന്ധ പണികളും

മൂവാറ്റുപുഴ പദ്ധതിയിലെ ഡാമുകളുടെ സുഗമമായ പ്രവർത്തനത്തിനായി ഈ ശീർഷകത്തിൽ 76.84 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700 -22 – 800-93 - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)- മറ്റു ചെലവുകൾ- കെട്ടിടങ്ങൾ

മൂവാറ്റുപുഴ പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 2.9039 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700 -22 – 800-92 - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)- മറ്റു ചെലവുകൾ- കനാലുകൾ

മൂവാറ്റുപുഴ പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാലുകളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 22.8203 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700 -22 – 800-91 - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)- മറ്റു ചെലവുകൾ -ബ്രാഞ്ചുകൾ

മൂവാറ്റുപുഴ പദ്ധതിയുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 20.0409 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700 -22 – 800-90 - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)- മറ്റു ചെലവുകൾ- ഡിസ്ട്രിബ്യൂട്ടറികൾ

മൂവാറ്റുപുഴ പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന ഡിസ്ട്രിബ്യൂട്ടറികളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 31.4373 കോടി രൂപ അധികമായി ധനപുന:വിനിയോഗം /

ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700 -22 – 800-83 - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)- മറ്റു ചെലവുകൾ -മൂവാറ്റുപുഴ ജലസേചന പദ്ധതി (നബാർഡ് - ആർ. ഐ .ഡി. എഫ്)

മൂവാറ്റുപുഴ പദ്ധതിയുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 35.4206 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700 -22 – 800-82 - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)-മറ്റു ചെലവുകൾ- പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന (പി. എം. കെ. എസ് . വൈ) മൂവാറ്റുപുഴ - കാഡ പദ്ധതി 45.40 ശതമാനം കേന്ദ്ര വിഹിതം

ഫീൽഡ് ചാനൽ ,ഫീൽഡ് ഡ്രെയിൻ എന്നിവ നിർമ്മിക്കുന്നതിനും സിസ്റ്റം തിരുത്തലിനും (മൂവാറ്റുപുഴ പദ്ധതി പ്രദേശത്തെ ആയക്കെട്ട് ഏരിയയിലെ കനാൽ നെറ്റ്‌വർക്കിൽ വേണ്ടിവരുന്ന ചെറിയ രീതിയിലുള്ള അറ്റകുറ്റപ്പണികൾ) പൂർത്തിയാക്കിയ പ്രവൃത്തികളുടെ പേയ്മെന്റ് നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 3.8155 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701 – 25-800-97 - ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- പാമ്പാർ ബേസിൽ പ്രോജക്ട്സ് - മറ്റു ചെലവുകൾ അണക്കെട്ടും അനുബന്ധ പണികളും

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ പെയ്മെൻറ് നൽകുന്നതിനും ഡാമിന്റെ അവശേഷിക്കുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിനുമായി ഈ ശീർഷകത്തിൽ 5.9057 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701 – 25-800-86 - ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- പാമ്പാർ ബേസിൽ പ്രോജക്ട്സ് - മറ്റു ചെലവുകൾ പാമ്പാർ നദീതടം -താഴെ ചട്ട മൂന്നാർ ഡാം നിർമ്മാണം

പ്രസ്തുത ഡാമിന്റെ നിർമ്മാണത്തിനുള്ള 101.17 കോടി രൂപയുടെ ഡി . പി . ആർ സമർപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത തുകയുടെ 20% ബജറ്റിൽ വകയിരുത്തേണ്ടതിനാൽ ഈ ശീർഷകത്തിൽ 20.2340 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701 – 25-800-85 - <u>ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - പാമ്പാർ ബേസിൽ പ്രോജക്ട്സ് - മറ്റു ചെലവുകൾ- പാമ്പാർ ബേസിൽ - തലച്ചൂർക്കടവിൽ വെയർ, ഫോർബേ ടാങ്ക് നിർമ്മാണം, ചെങ്ങളാർ പദ്ധതി തലച്ചൂർക്കടവിൽ നിന്ന് പട്ടിശ്ശേരി അണക്കെട്ടിലേക്ക് തിരിച്ചുവിടൽ, പട്ടിശ്ശേരി ഡാമിൽ ഫെൻസിംഗ് ഉൾപ്പെടെയുള്ള റിംഗ് റോഡ് നിർമ്മാണം</u>

പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി 8.97 കോടി രൂപയുടെ എസ്റ്റിമേറ്റ് വകയിരുത്തിയ സാഹചര്യത്തിൽ നിലവിലെ ബജറ്റ് വിഹിതത്തിന് ഉപരിയായി ഈ ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701 -80 -800-74 - <u>ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ -മറ്റു ചെലവുകൾ - ഇടുക്കി ഇറിഗേഷൻ മ്യൂസിയം</u>

ഇറിഗേഷൻ മ്യൂസിയം നിർമ്മാണ സ്ഥലത്തിന്റെ സംരക്ഷണ പ്രവൃത്തികൾക്കായും റോഡിന്റെ നിർമ്മാണത്തിനും മറ്റു പ്രാരംഭ പ്രവൃത്തികളുടെ നിർവ്വഹണത്തിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

<u>ചീഫ് എഞ്ചിനീയറുടെ കാര്യാലയം</u>
<u>പര്യവേഷണവും രൂപകല്പനയും</u>
<u>(ഐ.ഡി.ആർ.ബി)</u>

[

2701 -80 -005- 92- - <u>ഇടത്തരം ജലസേചനം - ജനറൽ - സർവ്വേയും ഇൻവെസ്റ്റിഗേഷനും -ഹൈഡ്രോളജി ഇൻഫർമേഷൻ സിസ്റ്റം- ആധുനികവൽക്കരണം</u>

നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ (NHP) അടുത്ത ഘട്ടത്തിന്റെ ഔപചാരിക അംഗീകാരം ലഭ്യമാകുന്നതുവരെ NHP-യുടെ എല്ലാ പ്രവർത്തനങ്ങളുടെയും സാമ്പത്തിക ബാധ്യതകൾ, അത് നടപ്പിലാക്കുന്ന ഏജൻസികൾ വഹിക്കണം എന്നുള്ളതിനാലും പുതിയ ഗേജിങ് സ്റ്റേഷനുകളുടെ സ്ഥാപനം, ഗേജിങ് ഉപകരണങ്ങൾ വാങ്ങൽ, NHP-ക്ക് കീഴിൽ നിലവിൽ സ്ഥാപിച്ചിട്ടുള്ള ഗേജിങ് സ്റ്റേഷനുകളുടെ മെയിൻറനൻസ്, പരിപാലനം, കേരള WRIS വെബ് , മൊബൈൽ ആപ്ലിക്കേഷൻ എന്നിവയുടെ വാർഷിക മെയിൻറനൻസ്, വാട്ടർ ക്വാളിറ്റി ലാബുകളുടെ പരിപാലനം, ഡാറ്റാ ശേഖരണ വാഹനങ്ങൾ, ഐ.ടി. ഉപകരണങ്ങൾ എന്നിവ വാങ്ങൽ, GSM റീചാർജ്ജുകൾ, ഡാറ്റാ ലോഗറുകൾക്കുള്ള ടെലിമെട്രി ചെലവുകൾ, വെബ് അപ്ലിക്കേഷനുകളുടെ സുരക്ഷ ഓഡിറ്റ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701 –80 –005– 93 – ഇടത്തരം ജലസേചനം - ജനറൽ - സർവ്വേയും ഇൻവെസ്റ്റിഗേഷനും -ഡിസൈൻ വിംഗ് - ആധുനികവൽക്കരണം

ഇറിഗേഷൻ റിസർച്ച് ബോർഡിന്റെ കാര്യാലയത്തിലും പ്രസ്തുത സ്ഥാപനത്തിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനമായ കേരള എൻജിനീയറിങ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലും (KERI) അത്യാവശ്യമായി വേണ്ട സോഫ്റ്റ്‌വെയർ, വിവിധ രൂപകല്പനയുടെ A1 സൈസിലുള്ള ഡ്രോയിങ്ങുകളുടെ പ്രിൻറ് എടുക്കുന്നതിനും മറ്റുമായി പ്ലോട്ടർ, മറ്റ് IT ഉപകരണങ്ങളുടെ പ്രൊക്യൂർമെൻറ്, ഉപകരണങ്ങളുടെ ആനുവൽ മെയിൻറനൻസ് കോൺട്രാക്ട് (AMC), കൂടാതെ MIDAS സോഫ്റ്റ്‌വെയറുകളുടെ ആനുവൽ മെയിന്റനൻസ് കോൺട്രാക്ട്, പരിശീലന പരിപാടികൾ വിവിധ അന്താരാഷ്ട്ര, ദേശീയ സ്ഥാപനങ്ങളിൽ നിന്നുള്ള വിദഗ്ധരുമായുള്ള സാങ്കേതിക ചർച്ചകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700- 80-005-99 (01) - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ജനറൽ - സർവ്വേയും അന്വേഷണവും - ജലസേചന പദ്ധതികളിന്മേൽ അന്വേഷണം - മരാമത്തു പണികൾ

Kabani Basin Project Implementation of Kadamanthodu and Thondar Project എന്ന പ്രവൃത്തിയുടെ DPR തയ്യാറാക്കുന്നതിലേക്കായി 5.15 കോടി രൂപയുടെ ഭരണാനുമതി ആവശ്യപ്പെട്ടിട്ടുള്ളതിൽ 2.34 കോടി രൂപയുടെ അനുമതി മാത്രമേ ലഭ്യമായിട്ടുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ 2.81 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700- 80-800-97 (01) - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ജനറൽ - മറ്റു ചെലവുകൾ - ഡാം സുരക്ഷാ സംഘടനയും ഡാം സുരക്ഷാ നടപടികളും- മരാമത്തു പണികൾ

ഡാമുകളുടെയും ബാരേജുകളുടെയും അറ്റകുറ്റപ്പണികൾ, അടിയന്തര നവീകരണ പ്രവൃത്തികൾ, ജലസേചന വകുപ്പിന് കീഴിലുള്ള അണക്കെട്ടുകളുടെ സുരക്ഷ പ്രവർത്തനങ്ങൾ , ഡിപ്പാർട്ട്മെന്റിന് കീഴിലെ ഡാമുകൾക്കായി വാങ്ങിയിട്ടുള്ള സാറ്റലൈറ്റ് ഫോണുകൾ റീചാർജ് ചെയ്യുന്ന ചെലവുകൾ മുതലായവ വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701 -80 -800-99 -34-3 - ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - മറ്റു ചെലവുകൾ -കേരള എഞ്ചിനീയറിംഗ് റിസർച്ച് സ്റ്റേഷൻ , പീച്ചി സ്റ്റേജ് II -വികസനം- മറ്റു ചെലവുകൾ- മറ്റിനം

ജലസേചന വകുപ്പിന്റെ ഏക ഗവേഷണ സ്ഥാപനമായ പീച്ചിയിലെ കേരള എൻജിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI)- യെ പൂനെയിലുള്ള CWPRS സ്ഥാപനത്തിന്റെ മാതൃകയിൽ സെന്റർ ഓഫ് എക്സലൻസ് പദവിയിലേക്ക് ഉയർത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെയും ഉപകരണങ്ങളുടെയും നവീകരണത്തിനും, ഗുണനിലവാര പരിശോധനാ ലാബുകളുടെ പുനരുദ്ധാരണത്തിനും

ടോപ്പോഗ്രഫിക്കൽ ഇൻവെസ്റ്റിഗേഷന്റെ ഭാഗമായി വിവിധ സാങ്കേതികമായ ഡാറ്റ വേഗത്തിൽ ലഭ്യമാക്കുന്നതിനും വിദേശ ഉപഗ്രഹങ്ങളുമായി സംയോജിച്ച് കാര്യക്ഷമമായി ഉപകരണങ്ങൾ സജ്ജമാക്കുന്നതിനും ഡാമിന്റെ രൂപകൽപ്പനയ്ക്ക് മുന്നോടിയായി വിവിധ ഡാമുകളുടെ മാതൃകാ പഠനം, കാവേരി നദീതടത്തിലെ അണക്കെട്ടുകളുടെ മാതൃകാ പഠനം നടത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 43 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701 -80 -800-69 - <u>ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - മറ്റു ചെലവുകൾ - പ്രളയ മുന്നറിയിപ്പ് നൽകുവാനുള്ള \സംവിധാനം സജ്ജമാക്കൽ</u>

പ്രളയ മുന്നറിയിപ്പ് സംവിധാനം സ്ഥാപിക്കുന്നതിനായി കേരളത്തിന്റെ വിവിധ നദീതടങ്ങളിൽ കൂടുതൽ റിയൽ ടൈം ഹൈഡ്രോ-മെറ്റ് സ്റ്റേഷനുകൾ വാങ്ങുന്നതിനും താൽക്കാലിക സാങ്കേതിക വിഭാഗം ജീവനക്കാരെ നിയമിക്കുന്നതിനും അധിക സെർവർ സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും അവ കൈകാര്യം ചെയ്യുന്നതിനുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701 -80 -800-70 - <u>ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - മറ്റു ചെലവുകൾ - ഡാം പുനരുദ്ധാരണ പദ്ധതി രണ്ടാംഘട്ടം (ഡി .ആർ.ഐ .പി)</u>

Externally Aided Project ആയ DRIP Phase-II-ലെ നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികളായ മണിയാർ, കല്ലട ഡാം എന്നിവയുടെ മെക്കാനിക്കൽ വർക്ക് , കുറ്റ്യാടി ഡാം, കാഞ്ഞിരപ്പുഴ ഡാം എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾ എന്നിവയ്ക്കായും കല്ലട ഡാമിന്റെ സിവിൽ വർക്ക് , കാരാപ്പുഴ ഡാമിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ എന്നിവ പുനഃക്രമീകരിക്കുന്നതിനായും പുതുതായി ആരംഭിക്കാനുള്ള കല്ലട ഡാമിന്റെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായും CWC- യിൽ നിന്നും

അംഗീകാരം ലഭിച്ച പോത്തുണ്ടി ഡാമിന്റെ പുനരുദ്ധാരണ പ്രവൃത്തികളുടെ നിർവ്വഹണത്തിനുമായി ഈ ശീർഷകത്തിൽ 14 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701 -80 -800-96 - ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ -മറ്റു ചെലവുകൾ -നടപ്പിലാക്കിയ പദ്ധതികളെ വിലയിരുത്താനുള്ള പഠനം

2025-26 സാമ്പത്തികവർഷം Centre for Water Resources Development and Management-ന് നൽകാൻ അവശേഷിക്കുന്ന തുക നല്കുന്നതിനായും Post Facto Evaluation Studies-ന്റെ ആദ്യഗഡു നൽകുന്നതിനായും ഈ ശീർഷകത്തിൽ 13 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കുട്ടനാട് പാക്കേജ്

4711-01-103-86 PV പ്രധാൻമന്ത്രി കൃഷി സിൻചായ് യോജന കുട്ടനാട് ഫ്ലഡ് മാനേജ്മെന്റ് കംപോണന്റ് 50% സി.എസ്.എസ്.

പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ 8 കോടി പര്യാപ്തമായതിനാൽ അധിക തുക വകയിരുത്തേണ്ടതില്ല എന്ന വകുപ്പിന്റെ മറുപടി സമിതി അംഗീകരിച്ചു.

4711 – 01 -103-84- വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ - കുട്ടനാട് വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ

കുട്ടനാട് പാടശേഖരങ്ങളുടെ സമഗ്രവികസനത്തിനായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4711-01-103-83 PV കുട്ടനാട്ടിനുവേണ്ടിയുള്ള നബാർഡ് - RIDF സഹായം

പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ 100 കോടി രൂപ

പര്യാപ്തമായതിനാൽ അധിക തുക വകയിരുത്തേണ്ടതില്ല എന്ന വകുപ്പിന്റെ മറുപടി സമിതി അംഗീകരിച്ചു.

2711-01-001-99-01-04 മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് (നോൺ പ്ലാൻ)

പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ 3 ലക്ഷം രൂപ പര്യാപ്തമായതിനാൽ അധിക തുക വകയിരുത്തേണ്ടതില്ല എന്ന വകുപ്പിന്റെ മറുപടി സമിതി അംഗീകരിച്ചു.

2711 – 01- 001- 99- 05- 2 - വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും -വെള്ളപ്പൊക്ക നിയന്ത്രണം - ഭരണവും നടത്തിപ്പും- നടത്തിപ്പ് , ചീഫ് എൻജിനീയർ കുട്ടനാട് പാക്കേജ്-ഓഫീസ് ചെലവുകൾ -വൈദ്യുതി ചെലവ്

കേന്ദ്രീകൃത ബില്ലിംഗിലൂടെ കീഴ് - കാര്യാലയങ്ങളിൽ ഉൾപ്പെടെയുള്ള വൈദ്യുതി ചാർജ്ജ് ഒടുക്കിവരുന്ന പ്രസ്തുത ശീർഷകത്തിൽ വൈദ്യുതി നിരക്കിൽ ഉണ്ടായ വർദ്ധനവ് നികത്തുന്നതിലേക്കായി 2 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2711 – 01- 001- 97- 45 - വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - ഭരണവും നടത്തിപ്പും- നടപ്പാക്കൽ (കുട്ടനാട് പാക്കേജ്)- പി. ഒ . എൽ

കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിനായുള്ള കാര്യാലയത്തിന് കീഴിലുള്ള 5 ഡിവിഷൻ ഓഫീസുകളിലെയും അനുബന്ധ കാര്യാലയങ്ങളിലെയും ഇന്ധന ചെലവ് ഇനത്തിലുള്ള കുടിശ്ശിക നിവാരണത്തിനായും ഇന്ധന വില വർദ്ധനവ് മൂലമുള്ള അധിക ചെലവ് നികത്തുന്നതിലേക്കുമായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2711 – 01- 001- 97- 21-2 - വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - ഭരണവും നടത്തിപ്പും- നടപ്പാക്കൽ കുട്ടനാട് പാക്കേജ് -മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും

കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിനായുള്ള കാര്യാലയത്തിന് കീഴിലുള്ള അഞ്ച് ഡിവിഷൻ ഓഫീസുകളിലെയും അനുബന്ധ കാര്യാലയങ്ങളിലെയും വാഹനങ്ങളുടെ അറ്റകുറ്റപ്പണി ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിനും വാഹനങ്ങളുടെ കാലപ്പഴക്കവും സ്പെയർപാർട്സുകളുടെ വിലവർദ്ധനവും മൂലമുണ്ടാകുന്ന അധിക ചെലവ് നികത്തുന്നതിനുമായി ഈ ശീർഷകത്തിൽ 1.93 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2711 – 01- 001- 97- 99 - <u>വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും- വെള്ളപ്പൊക്ക നിയന്ത്രണം - ഭരണവും നടത്തിപ്പും-നടപ്പാക്കൽ കുട്ടനാട് പാക്കേജ് - വിവരസാങ്കേതിക വിദ്യ</u>

കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിനായുള്ള കാര്യാലയത്തിന് കീഴിലുള്ള അഞ്ച് ഡിവിഷൻ ഓഫീസുകൾക്കും അനുബന്ധ കാര്യാലയങ്ങൾക്കും അനുവദിച്ചിട്ടുള്ള കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും പരിപാലനത്തിനായും ഈ ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള അധിക ചെലവ് നികത്തുന്നതിനുമായി ഈ ശീർഷകത്തിൽ 1.25 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

അടുത്ത യോഗം 11-02-2026-ന് ചേരുന്നതിന് സമിതി തീരുമാനിച്ചു.

ഉച്ചയ്ക്ക് 12.00 മണിക്ക് യോഗം അവസാനിച്ചു.

****

5. <u>11.02.2026-ലെ യോഗനടപടിക്കുറിപ്പ്</u>

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2026 ഫെബ്രുവരി 11 ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4-എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ബഹു.ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങൾ വീഡിയോ കോൺഫറൻസിംഗ് മുഖേന യോഗത്തിൽ പങ്കെടുത്തു.

വീഡിയോ കോൺഫറൻസിങ് മുഖേന പങ്കെടുത്ത അംഗങ്ങൾ:

1. ശ്രീ. ലിന്റോ ജോസഫ്, എം.എൽ.എ.,
2. ശ്രീ. പി. മമ്മിക്കുട്ടി, എം.എൽ.എ.,
3. ശ്രീ. എച്ച്. സലാം, എം.എൽ.എ.,
4. ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ.,

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ആർ. എസ്. സന്തോഷ് കുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. ബിശ്വനാഥ് സിൻഹ, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീ. സജി കുമാർ ജെ., സ്പെഷ്യൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
3. ശ്രീമതി സുനീജ ബീഗം എം., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീമതി ദീപ എൻ. സി., ജോയിന്റ് സെക്രട്ടറി, ജലവിഭവ വകുപ്പ്
5. ശ്രീ. പി. ബി. നൂഹ് , മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
6. ശ്രീമതി എസ്. റിനി റാണി, ഡയറക്ടർ (ഇൻ-ചാർജ്ജ്), ഭൂജല വകുപ്പ്
7. ശ്രീ. ബിനോയ് ടോമി ജോർജ്, ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ആൻഡ് അഡ്മിനിസ്ട്രേഷൻ, ജലസേചന വകുപ്പ്
8. ഡോ. ബിനു ഫ്രാൻസിസ്, എക്സിക്യൂട്ടീവ് ഡയറക്ടർ, ജലനിധി
9. ശ്രീമതി രേഖ നിക്സൺ, സീനിയർ ഫിനാൻസ് ഓഫീസർ, ഭൂജല വകുപ്പ്
10. ശ്രീമതി ഷീബ ജി. ആർ., സീനിയർ ഫിനാൻസ് ഓഫീസർ, ലാൻഡ് റവന്യൂ വകുപ്പ്
11. ശ്രീ. ശിവദാസൻ എം., ഡയറക്ടർ-ടെക്നിക്കൽ, ജലനിധി
12. ശ്രീ. പ്രേംലാൽ എം., ഡയറക്ടർ, കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി
13. ശ്രീ. റിഷാദ് എ., ഡയറക്ടർ (F&A)(ഇൻ-ചാർജ്ജ്), കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി
14. ശ്രീമതി ബിന്ദു ഗോപിനാഥ്, സൂപ്രണ്ടിങ് ഹൈഡ്രോളജിസ്റ്റ്, ഭൂജല ഡയറക്ടറേറ്റ്
15. ശ്രീ. പത്മകുമാർ എസ്., അണ്ടർ സെക്രട്ടറി, കൃഷി വകുപ്പ്

2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട് ധനാഭ്യർഥന നമ്പർ XXIX-കൃഷി (ചെറുകിട ജലസേചനം), XX -ശുദ്ധജലവിതരണവും ശുചീകരണവും എന്നിവ സംബന്ധിച്ച

ബജറ്റ് പ്രൊപ്പോസൽ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് താഴെപ്പറയും പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XX – ശുദ്ധജല വിതരണവും ശുചീകരണവും
ജലവിഭവ വകുപ്പ്
(കേരള വാട്ടർ അതോറിറ്റി)

2215 -01-190-99(01) - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം-പരിവേഷണവും സൂക്ഷ്മപരിശോധനയും

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1.6 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215 - 01- 102- 98 (01) - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം -നബാർഡ് സഹായമുള്ള ഗ്രാമീണജലവിതരണ പദ്ധതികൾ - നബാർഡ് - ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് - ഗ്രാമീണജലവിതരണ പദ്ധതികളും -ഗ്രാമീണ മലിനജല ശൃംഖല പദ്ധതികളും

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 17.03 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

2215 -01-190-92 - ശുദ്ധജലവിതരണവും ശുചീകരണവും- ശുദ്ധജലവിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള വാട്ടർ അതോറിറ്റിയുടെകീഴിൽ നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും കേരള വാട്ടർ അതോറിറ്റിയുടെ വെല്ലിംഗ്ടൺ വാട്ടർ വർക്സ് , ഹെഡ് ഓഫീസ് പരിസരം എന്നിവ സാംസ്കാരികവും വിദ്യാഭ്യാസപരവുമായി ആകർഷണീയമാക്കി മാറ്റുന്നതിന് വേണ്ടിയുള്ള പഴയ ഓഫീസ് കെട്ടിടത്തിന്റെ നവീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ , വാട്ടർ മ്യൂസിയത്തിന്റെ പ്രവൃത്തികൾ, ജലേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പതിനഞ്ച് ഗസ്റ്റ് ഹൗസുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്നിവ നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 44.65 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215 -01-101-97 - (01) - **ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - നഗര ശുദ്ധ ജലവിതരണ പദ്ധതി - കേരളാ പരിപ്രേക്ഷ്യ പദ്ധതി 2030 മുൻഗണനാ പദ്ധതികൾ നടപ്പാക്കൽ - നവീന സാങ്കേതിക വിദ്യകളും, ആധുനിക മാനേജ്മെന്റ് രീതികളും**

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 3.52 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215 - 01- 800- 91 - **ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - മാനവശേഷി വികസനവും ഗവേഷണവും**

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 76 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215 - 02- 190- 99 - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - മലിനജല നിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള വായ്പകൾ - കേരള ജല അതോറിറ്റിയുടെ മലിന ജല നിവാരണ പദ്ധതികൾ

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 10.62 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215 - 01- 101- 97 - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - നഗര ജലവിതരണ പദ്ധതി- നഗര ജലവിതരണ പദ്ധതികളുടെ മെച്ചപ്പെടുത്തൽ/ പുനരധിവാസം

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 18.18 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215 - 01- 102- 97 - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് -ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം- ഗ്രാമീണ ജലവിതരണ പദ്ധതികൾ

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 28.84 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215-01-800-90- പ്രത്യേക സ്ഥാപനങ്ങളിലേയ്ക്കുള്ള കുടിവെള്ള പദ്ധതി

മെഡിക്കൽ കോളേജുകൾ, സ്കൂളുകൾ, അങ്കണവാടികൾ, കോടതികൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ കുടിവെള്ള കണക്ഷൻ നൽകുന്നതിനുവേണ്ടി തുക

വകയിരുത്തിയിരിക്കുന്ന പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 5 കോടി രൂപ പ്രസ്തുത ആവശ്യങ്ങൾക്ക് പര്യാപ്തമായതിനാൽ അധിക തുക വകയിരുത്തേണ്ടതിന്റെ ആവശ്യമില്ല എന്ന വിവരം കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ സമിതിയെ അറിയിച്ചു. ആയത് സമിതി അംഗീകരിച്ചു.

4215 - 01- 800- 89 - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - ഉല്പാദനവും വിതരണവും മെച്ചപ്പെടുത്തൽ.

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 57.87 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215 - 01- 800- 88 - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - ജിക്ക സഹകരണത്തോടുള്ള കേരള ശുദ്ധജല വിതരണ പദ്ധതി(സംസ്ഥാന പദ്ധതി പ്രകാരം ഒറ്റത്തവണ ധനസഹായം)

ജിക്ക സഹകരണത്തോടുള്ള ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച പ്രവൃത്തികളുടെ കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനായി ഈ ശീർഷകത്തിൽ 10.43 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215 -01-800-47 - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം-മറ്റു ചെലവുകൾ- കുടിവെള്ളം-വരൾച്ച ലഘൂകരണവും വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ

10.48 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215 -01-190-88 - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം- പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം- ഇ-ഗവേർണൻസ്, ജി. ഐ.എസ് .ഇൻഫർമേഷൻ മാനേജ്മെന്റ്

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും കേരള വാട്ടർ അതോറിറ്റിയിൽ പഞ്ചിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനും മീഡിയം എൻഡ് ഡെസ്ക്ടോപ്പുകൾ, നെറ്റ് വർക്ക് കമ്പോണന്റ്സ് എന്നിവ വാങ്ങുന്നതിനും സെക്യൂരിറ്റി സിസ്റ്റം, വീഡിയോ കോൺഫറൻസിംഗ് സിസ്റ്റം എന്നിവ സ്ഥാപിക്കുന്നതിനും കാൾ സെന്ററിൽ എ.ഐ ഓട്ടോമേഷൻ ചെയ്യുന്നതിനും സെക്യൂരിറ്റി സിസ്റ്റത്തിനും ഓഡിറ്റിനുമായി ഈ ശീർഷകത്തിൽ 2.47 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215 - 01- 800- 92 - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് -ശുദ്ധജലവിതരണം - മറ്റു ചെലവുകൾ- ജലസംരക്ഷണവും ഉറവിടം മെച്ചപ്പെടുത്തലും

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1.71 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215 - 01- 102- 92 - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് -ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം- ജൽ ജീവൻ മിഷൻ (NRDWP) 50%കേന്ദ്ര വിഹിതം

50% കേന്ദ്ര വിഹിതത്തിൽ പ്രവർത്തിക്കുന്ന ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയായ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ 2026-27 സാമ്പത്തിക വർഷം

15 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട മറ്റു സഹായക പ്രവർത്തനങ്ങൾക്കും ജല ഗുണനിലവാര പരിശോധനാ സംവിധാനം നടപ്പിലാക്കുന്നതിനും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ കൊടുത്തു തീർക്കാനുള്ള ബില്ലിന്റെ സംസ്ഥാനവിഹിത കുടിശ്ശിക ഒടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 5622.55 കോടി രൂപ അധികമായി സംസ്ഥാന വിഹിതമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215 - 01- 101- 94 - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - നഗര ജലവിതരണ പദ്ധതി-ADB സഹായത്തോടെയുള്ള കേരള നഗര ജല വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി (KUWSIP)(EAP)

കൊച്ചി നഗരത്തിൽ ആരംഭിച്ച ശുദ്ധജല വിതരണ ശൃംഖല മെച്ചപ്പെടുത്തൽ എന്ന പാക്കേജിന്റെ ഭാഗമായി, 190 MLD ശേഷിയുള്ള ജലശുദ്ധീകരണ ശാലയുടെ നിർമ്മാണത്തിനും അനുബന്ധ ജോലികൾക്കായും കൊച്ചിയിലെ അഞ്ച് ജലശുദ്ധീകരണ ശാലകളുടെയും പമ്പിങ് സ്റ്റേഷനുകളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 255 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-02-106-97 നദികളിൽ ഉണ്ടാകുന്ന മാലിന്യ നിക്ഷേപങ്ങൾ തടയുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും NGT നിർദേശപ്രകാരം

പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ ബജറ്റ് വിഹിതമായ 2.50 കോടി രൂപ പര്യാപ്തമായതിനാൽ അധിക തുക ആവശ്യമില്ല എന്നുള്ള വകുപ്പിന്റെ മറുപടി സമിതി അംഗീകരിച്ചു.

4215 - 01- 800- 87 - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം- മറ്റു ചെലവുകൾ - ഊർജ്ജ കാര്യക്ഷമതാ മെച്ചപ്പെടുത്തൽ ഇലക്ട്രോ മെക്കാനിക്കൽ ഇനങ്ങളുടെ ഒപ്റ്റിമൈസേഷൻ , സുരക്ഷാ ഓഡിറ്റ് , ഡബ്ലിയു. ടി. പി-കളുടെയും പമ്പ് ഹൗസുകളുടെയും പ്രവർത്തനത്തിൽ സുരക്ഷാ ഉറപ്പാക്കൽ

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചിലവുകൾക്കായും 350 ലക്ഷം ഊർജ്ജ ഓഡിറ്റിങ് നടത്തുന്നതിനും 150 ലക്ഷം സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനും ഉൾപ്പെടെയുള്ള ഊർജ്ജ കാര്യക്ഷമത പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 5.93 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215-01-800-86 - കെ.ഡബ്ല്യു.എ.-യുടെ ഗുണനിലവാര നിയന്ത്രണ വിഭാഗത്തിന് കീഴിലുള്ള അടിസ്ഥാന സൗകര്യ വികസനവും നിരീക്ഷണ പ്രവർത്തനങ്ങളും

പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ 2.5 കോടി രൂപ പര്യാപ്തമായതിനാൽ അധിക തുക വകയിരുത്തേണ്ടതിന്റെ ആവശ്യമില്ല എന്ന വിവരം കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ സമിതിയെ ധരിപ്പിച്ചു. ആയത് സമിതി അംഗീകരിച്ചു.

2215 – 01–004–99 - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം- ഗവേഷണം-സംരംഭക വിഭവ ആസൂത്രണം (ഇ. ആർ പി)

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കായും കേരള ജല അതോറിറ്റിക്കുവേണ്ടി പ്രവർത്തിക്കുന്ന ജി. ഐ. എസ് വിദഗ്ധന് പ്രതിഫലം നല്കുന്നതിനും കംപ്യൂട്ടർ സൗകര്യം മെച്ചപ്പെടുത്തുന്നതിനും കംപ്യൂട്ടറുകൾ, പുതിയ സെർവർ, സോഫ്റ്റ്‌വെയറുകൾ എന്നിവ വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 73 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215 – 01–190–99(19)–31 -ശുദ്ധജലവിതരണവും ശുചീകരണവും -ശുദ്ധജല വിതരണം പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജലഅതോറിറ്റിക്കുള്ള സഹായധനം-സഹായധനം - ശമ്പളം

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും

പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളം, വിരമിച്ച ജീവനക്കാരുടെ പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ നൽകുന്നതിനും ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, ജി.പി.എഫ് എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 963.04 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215 -01-190-99(19)- 36 - ശുദ്ധജലവിതരണവും ശുചീകരണവും -ശുദ്ധജലവിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം -കേരള ജല അതോറിറ്റിക്കുള്ള സഹായധനം-സഹായധനം- ശമ്പളേതരം.

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് , ലോണുകളുടെ തിരിച്ചടവ് , വൈദ്യുതി ചാർജ്ജ് എന്നിവ ഒടുക്കുന്നതിനും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് , വൈദ്യുതി ചാർജ്ജ് എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1218.13 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215 -02-190-99(02)-31 - ശുദ്ധജലവിതരണവും ശുചീകരണവും-മാലിന്യ നിവാരണവും ശുചീകരണവും -പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം - സഹായധനം-ശമ്പളം

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളം, വിരമിച്ച ജീവനക്കാരുടെ പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ നൽകുന്നതിനും ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, ജി.പി.എഫ് എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 25.11 കോടി രൂപ അധികമായി

ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215 -02-190-99 (02)- 36 -ശുദ്ധജലവിതരണവും ശുചീകരണവും-മാലിന്യ നിവാരണവും ശുചീകരണവും-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിയ്ക്കുള്ള സഹായധനം സഹായധനം - ശമ്പളേതരം.

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള സ്വീവറേജ് പദ്ധതികളുടെ നടത്തിപ്പിനും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ്, വൈദ്യുതി ചാർജ് എന്നിവ നൽകുന്നതിനും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ്, വൈദ്യുതി ചാർജ് എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 16.76 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പുതിയ ശീർഷകം അനുവദിക്കുന്നത് സംബന്ധിച്ച്

ജലജീവൻ മിഷന്റെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനായി നബാർഡിൽ നിന്നും 9,000 കോടി രൂപയുടെ വായ്പ എടുക്കുന്നതിന് സർക്കാർ കേരള വാട്ടർ അതോറിറ്റിക്ക് അംഗീകാരം നൽകുകയും ആദ്യ വർഷത്തിൽ നബാർഡ് 5,000 കോടി രൂപയുടെ ടേം ലോൺ അനുവദിക്കുകയും വിതരണം ചെയ്ത തുകയുടെ 2026 മാർച്ച് മാസത്തിൽ അവസാനിക്കുന്ന പാദത്തിലെ പലിശയായ 92,56,84,932/- രൂപ അടക്കേണ്ടതുണ്ടെന്ന് നബാർഡ് അറിയിക്കുകയും ചെയ്ത സാഹചര്യത്തിൽ വാട്ടർ അതോറിറ്റി നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലും വാട്ടർ അതോറിറ്റിയുടെ ആഭ്യന്തര വരുമാനം ദൈനംദിന ചെലവുകൾക്കും ശമ്പളത്തിനും മാത്രമെ തികയുന്നുള്ളൂ എന്ന സാഹചര്യത്തിലും അതോറിറ്റിയുടെ Internal റവന്യൂ ഫണ്ടിൽനിന്നും മേൽ സൂചിപ്പിച്ച തുക മിച്ചം പിടിച്ച് കടം വീട്ടുകയെന്നത് വാട്ടർ അതോറിറ്റിയെ സംബന്ധിച്ച് അസാധ്യമായ സാഹചര്യത്തിൽ വായ്പാ തിരിച്ചടവിനായി ഒരു പുതിയ ഹെഡ് ഓഫ് അക്കൗണ്ട് രൂപീകരിച്ച് 2026-27 സാമ്പത്തിക വർഷത്തെ പലിശ ഇനത്തിലുള്ള ഏകദേശ തിരിച്ചടവ് തുകയായ 397.50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന വകുപ്പിന്റെ

ശിപാർശ സമിതി അംഗീകരിച്ചു.

കെ.ആർ.ഡബ്ല്യൂ.എസ്സ്.എ.
(ജലനിധി)

2215 -01-800-64 - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം- മറ്റു ചെലവുകൾ-കെ.ആർ.ഡബ്ള്യൂ.എസ് .എ മുഖേന നടപ്പിലാക്കുന്ന മഴവെള്ള സംഭരണവും (ആർ.ഡബ്ള്യൂ.എച്ച്) ഭൂഗർഭജല റീചാർജ്ജും (GWR) പദ്ധതിയുടെ ശേഷി ഉയർത്തലും

2023-24 മുതലുള്ള സാമ്പത്തിക വർഷങ്ങളിൽ ബജറ്റ് വിഹിതം പൂർണമായും ലഭിക്കാത്തതിനാൽ കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി (KRWSA) മുഖേന നടപ്പിലാക്കുന്ന മഴവെള്ള കൊയ്ത്തിന്റെയും, ഗ്രൗണ്ട് വാട്ടർ റീചാർജ്ജിന്റെയും (GWR) അളവ് ഉയർത്തുന്നതിനായുള്ള നിർമ്മാണം പൂർത്തീകരിച്ചതും പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215 -01-102-80 - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണ പദ്ധതി - പൊതുജന സഹായത്തോടു കൂടിയ ജലവിതരണ പദ്ധതിയ്ക്ക് സുസ്ഥിരത ഉറപ്പാക്കൽ

2023-24 സാമ്പത്തിക വർഷം മുതൽ ബജറ്റ് വിഹിതം പൂർണ്ണമായും ലഭിക്കാത്തതിനാൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനും പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ പ്രതീക്ഷിത ചെലവുകൾക്കായും ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215 - 01- 102- 91 - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം -ജലനിധിയുടെ കീഴിലുള്ള ജല വിതരണ പദ്ധതികളുടെ പൂർത്തീകരണം ഘട്ടം II

ജലനിധി രണ്ടാംഘട്ടത്തിൻ കീഴിൽ പൂർത്തീകരിച്ച ജലവിതരണ പദ്ധതികളുടെ

കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 4.23 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215-01-800-85 (പ്ലാൻ) ഗാർഹിക കിണറുകളെ സംരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുക

പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ 4 കോടി രൂപ പര്യാപ്തമായതിനാൽ അധിക തുക വകയിരുത്തേണ്ടതിന്റെ ആവശ്യമില്ല എന്ന വിവരം ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു. ആയത് സമിതി അംഗീകരിച്ചു.

4215-02-102-99(01) (പ്ലാൻ) - കമ്മ്യൂണിറ്റി നിയന്ത്രണ ജലവിതരണ പദ്ധതികളുടെ ജലത്തിന്റെ ഗുണനിലവാര നിരീക്ഷണം

4215-02-102-99(02) (പ്ലാൻ) - ദുർബല വിഭാഗങ്ങളുടെ കോളനികളിൽ ഗ്രേ വാട്ടർ മാനേജ്മെന്റ്

പ്രസ്തുത ശീർഷകങ്ങളിൽ നിലവിൽ വകയിരുത്തിയ 6.50 കോടി രൂപ പര്യാപ്തമായതിനാൽ അധിക തുക വകയിരുത്തേണ്ടതിന്റെ ആവശ്യമില്ല എന്ന വിവരം ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു. ആയത് സമിതി അംഗീകരിച്ചു.

4215-01-800-90 (പ്ലാൻ) ഗ്രാമീണ ജല സാങ്കേതിക വിദ്യകളിലെ ഗവേഷണവും വികസനവും

പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ 6 ലക്ഷം രൂപ പര്യാപ്തമായതിനാൽ അധിക തുക വകയിരുത്തേണ്ടതിന്റെ ആവശ്യമില്ല എന്ന വിവരം ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു. ആയത് സമിതി അംഗീകരിച്ചു.

2215-01-003-99 - ശുദ്ധജലവിതരണവും ശുചീകരണവും-ശുദ്ധജലവിതരണം-പരിശീലനം - ഐ. ഇ. സി., കാര്യശേഷി വർദ്ധിപ്പിക്കൽ, പരിശീലനവും ജലശ്രീ ക്ലബ്ബ്

ജല സാക്ഷരതയ്ക്കും പരിസര ശുചിത്വത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പൊതുസമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള പ്രചരണ പരിപാടികളും പരിശീലനങ്ങളും സംഘടിപ്പിക്കുന്നതിനും ജലശ്രീ ക്ലബ്ബുകൾ സംസ്ഥാന വ്യാപകമാക്കുന്നതിന്റെ ഭാഗമായി ജില്ല സംസ്ഥാന തലങ്ങളിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പൊതുസമൂഹത്തിനും ജലസംബന്ധമായ മത്സരങ്ങൾ, സെമിനാറുകൾ, പ്രദർശനങ്ങൾ, പരിശീലന പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനും പതിനായിരത്തോളം സർക്കാർ -എയിഡഡ് ഹൈസ്കൂളുകളിലും ഹയർസെക്കൻഡറി സ്കൂളുകളിലും ജലശ്രീ ക്ലബ്ബ് മാർഗ്ഗരേഖ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിനും KRWSA-യുടെ പദ്ധതി നടപ്പിലാക്കുന്ന ഉദ്യോഗസ്ഥർക്ക് നൂതന സാങ്കേതിക വിദ്യയിലുള്ള പരിശീലനം നല്കുന്നതിനായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215-01-800-82(പ്ലാൻ) - <u>ജലവിതരണ പദ്ധതികളുടെ ഉറവിട സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി ജലാശയങ്ങളുടെ പുനരുജ്ജീവനം</u>

പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ 2 കോടി രൂപ പര്യാപ്തമായതിനാൽ അധിക തുക വകയിരുത്തേണ്ടതിന്റെ ആവശ്യമില്ല എന്ന വിവരം ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു. ആയത് സമിതി അംഗീകരിച്ചു.

<u>4215 - 01- 800- 81</u> - <u>ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ്- ശുദ്ധജലവിതരണം- മറ്റു ചെലവുകൾ - പദ്ധതി നടത്തിപ്പും നിരീക്ഷണവും</u>

പദ്ധതി നടത്തിപ്പിന്റെയും നിരീക്ഷണത്തിന്റെയും ഭാഗമായി 2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഭരണ/ സ്ഥാപന ചെലവുകൾക്കായും പുതിയ സാങ്കേതിക സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുമായും ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

റവന്യൂ വകുപ്പ്
ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്

2215-01-800-91 - വൈപ്പിൻ പ്രദേശത്ത് കുടിവെള്ളം വാഹനത്തിൽ എത്തിക്കുന്നതിനുള്ള കൂലി

എറണാകുളം ജില്ലയിലെ വൈപ്പിൻ പ്രദേശത്ത് കുടിവെള്ളം വാഹനത്തിൽ എത്തിക്കുന്നതിനുള്ള കൂലി നൽകുന്നതിനുള്ള തുക വകയിരുത്തിയിരിക്കുന്ന പ്രസ്തുത ശീർഷകത്തിലെ നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമായതിനാൽ അധിക തുക വകയിരുത്തേണ്ടതിന്റെ ആവശ്യമില്ല എന്നുള്ള വിവരം ജലവിഭവ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ആയത് സമിതി അംഗീകരിച്ചു.

2215-02-106-98 - തിരുവനന്തപുരം സീവറെജ് സ്കീം- പത്മതീർത്ഥ കുളത്തിലെ മലിനീകരണം തടയൽ

പ്രസ്തുത ശീർഷകത്തിലെ നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമായതിനാൽ അധിക തുക വകയിരുത്തേണ്ടതിന്റെ ആവശ്യമില്ല എന്നുള്ള വിവരം ജലവിഭവ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ആയത് സമിതി അംഗീകരിച്ചു.

[

ധനാഭ്യർത്ഥന നമ്പർ XXIX കൃഷി
(ചെറുകിട ജലസേചനം)
ജലസേചനവും ഭരണവും വകുപ്പ്

2702- 01- 800- 94- 34 - ചെറുകിട ജലസേചനം -ഉപരിതലജലം - മറ്റുചെലവുകൾ- ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം - മറ്റു ചെലവുകൾ

ജലസേചന വകുപ്പിന് കീഴിലുള്ള വിവിധ നിർമ്മിതികളുടെ സുഗമമായ പ്രവർത്തനത്തിനും അവയുടെ വാർഷിക പരിപാലനത്തിനും അറ്റകുറ്റപ്പണികൾക്കും അപ്രതീക്ഷിതമായ കാലാവസ്ഥ വ്യതിയാനം കാരണം നിർമ്മിതികൾക്കുണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2702- 01- 800- 86 - ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലിനമായ നദികൾ പുന:സ്ഥാപിക്കൽ

ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം കേരളത്തിലെ നദികളുടെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും അതുവഴി ട്രൈബ്യൂണൽ ചുമത്താൻ സാധ്യതയുള്ള പിഴ ഒഴിവാക്കുന്നതിനുമുള്ള പദ്ധതികൾ പൂർണമായി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2702- 03- 101- 98-(02)-34 - ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ- വാട്ടർ ടാങ്കുകൾ - സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ - ചെറുകിട ജലസേചന പദ്ധതികളുടെ കേടുപാടു തീർക്കൽ - മറ്റു ചെലവുകൾ

ജലസേചന വകുപ്പിനു കീഴിലുള്ള കാലപ്പഴക്കംമൂലം പൂർണമായും ഉപയോഗപ്രദമല്ലാത്ത നിർമ്മിതികളുടെ പുനരുദ്ധാരണ/നവീകരണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2702- 03- 101- 98- (03) -34-3 - ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ-വാട്ടർ ടാങ്കുകൾ-സംരക്ഷണപ്പണികൾ-മറ്റുചെലവുകൾ - വെള്ളപ്പൊക്കനാശം മൂലമുള്ള അറ്റകുറ്റപ്പണികൾ -മറ്റു ചെലവുകൾ-മറ്റിനം

അപ്രതീക്ഷിതമായ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി തുടർച്ചയായുണ്ടാകുന്ന വെള്ളപ്പൊക്കംമൂലം തോടുകൾക്കുണ്ടാകുന്ന കേടുപാടുകൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2702- 03- 101- 95 - ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ- വാട്ടർ ടാങ്കുകൾ - നിലവിലുള്ള പ്രോജക്ട് ഏരിയയിലെ കെട്ടിടങ്ങളുടെ

അറ്റകുറ്റപ്പണികൾ - ഒറ്റത്തവണ സഹായം

ജലസേചന വകുപ്പിന് കീഴിലുള്ള കെട്ടിടങ്ങളിൽ ഭൂരിഭാഗവും കാലപ്പഴക്കം മൂലവും അറ്റകുറ്റപ്പണികളുടെ അഭാവത്താലും ശോചനീയാവസ്ഥയിലുള്ളവയാണ് . 2022-23 കാലയളവിൽ പ്രസ്തുത ശീർഷകത്തിൽ ഒറ്റത്തവണ സഹായമായി തുക അനുവദിച്ചിരുന്നു. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രസ്തുത ശീർഷകത്തിന്റെ പരിഗണനാ വേളയിൽ ടി ശീർഷകത്തിൽ ഒറ്റത്തവണ സഹായം എന്ന് സൂചിപ്പിച്ചിരിക്കുന്നത് ഒഴിവാക്കണമെന്നുള്ള സമിതി യോഗനിർദ്ദേശത്തിന്മേലുള്ള തുടർനടപടി ധനകാര്യ വകുപ്പുമായി യോജിച്ച് നടത്തേണ്ടതാണെന്ന് കൃഷി (ഫാംസ്) വകുപ്പിൽ നിന്നും അറിയിച്ചിട്ടുള്ള വിവരം നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത ശീർഷകത്തിൽ നിന്നും 'ഒറ്റത്തവണ സഹായം 'എന്ന് സൂചിപ്പിച്ചിരിക്കുന്നത് ഒഴിവാക്കിയിട്ടില്ല എങ്കിലും വകുപ്പിൽ നിന്നും ആവശ്യപ്പെടുന്നതിനനുസരിച്ച് തുക വകയിരുത്തുന്നുണ്ടെന്നും പ്രസ്തുത ശീർഷകത്തിൽ വരുന്ന ചെലവുകൾ വേർതിരിച്ച് കാണിക്കുന്നതിനുവേണ്ടിയാണ് അത് അങ്ങനെ തന്നെ നിലനിർത്തിയിരിക്കുന്നതെന്നും ജലസേചന വകുപ്പിന് കീഴിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള ശീർഷകമായതിനാലും ഭാവിയിൽ ഉണ്ടാകുന്ന ചെലവുകൾ, ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നു മാത്രമേ വഹിക്കാൻ കഴിയുകയുള്ളൂ എന്നതിനാലുമാണ് പ്രസ്തുത ശീർഷകത്തിൽ നിന്നും ഒറ്റതവണ സഹായം എന്ന് സൂചിപ്പിച്ചിരിക്കുന്നത് ഒഴിവാക്കാൻ സാധിക്കാത്തതെന്നും ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി മറുപടി നൽകി. തുടർന്ന് പ്രസ്തുത ശീർഷകത്തിൽ നിന്നും ഒറ്റത്തവണ സഹായം എന്ന് സൂചിപ്പിച്ചിരിക്കുന്നത് ഒഴിവാക്കേണ്ടതില്ലായെന്ന് സമിതി തീരുമാനിക്കുകയും നിലവിലെ സാഹചര്യം തന്നെ തുടർന്നു പോകുന്നതാകും ഉചിതമെന്ന് വിലയിരുത്തുകയും ചെയ്തു.

(ഫയൽ നം. KLS/3696/2025-Subc A1 (12030/സബ്.സി.എ 1/2022/നി.സെ.)

2702- 80- 005- 99-34 -ചെറുകിട ജലസേചനം - ജനറൽ-അന്വേഷണം - ചെറുകിട ജലസേചന പണികളെപ്പറ്റിയുള്ള വിശദമായ അന്വേഷണവും സംയോജിത പദ്ധതികൾ തയ്യാറാക്കലും - മറ്റു ചെലവുകൾ

ജനപ്രതിനിധികളിൽ നിന്നും കർഷക സമിതികളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ പുതിയ ചെറുകിട ജലസേചന പദ്ധതികൾ ഏറ്റെടുക്കുന്നതിന് മുന്നോടിയായുള്ള പര്യവേഷണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702- 00- 101- 99 - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം -ചെറുകിട ജലസേചന പദ്ധതി ക്ലാസ് -I

കാർഷിക ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ലഭ്യമായ എസ്റ്റിമേറ്റുകളും അപേക്ഷകളും അനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ഹെക്ടറിനു മുകളിൽ 2000 ഹെക്ടർ വരെ വിസ്തൃതിയുള്ള സ്ഥലത്ത് ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702- 00- 101- 89 - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതല ജലം -മലബാർ ജലസേചന പാക്കേജ് (മിർപാ)- റെഗുലേറ്ററുകളുടെയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെയും പുനരുദ്ധാരണം.

മലബാർ മേഖലയിൽ ചെറുകിട ജലസേചനത്തിനായി നിലവിലുള്ള സ്കീമുകളുടെ പുനരുദ്ധാരണ, നവീകരണ പ്രവൃത്തികൾ നടപ്പിലാക്കി കൂടുതൽ സ്ഥലങ്ങളിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനും നിലവിലുള്ള ജലസേചന സൗകര്യം

മെച്ചപ്പെടുത്തുന്നതിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702- 00- 101- 87 - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ് - ഉപരിതലജലം - കുളങ്ങളുടെ നവീകരണം

ജലസേചന സൗകര്യത്തിനുതകുന്ന പൊതുകുളങ്ങളുടെ നവീകരണത്തിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702- 00- 101- 82 - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഉപരിതലജലം - ചെറുകിട ജലസേചന പദ്ധതി ക്ലാസ്സ് II

കാർഷിക ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ലഭ്യമായ എസ്റ്റിമേറ്റുകളും അപേക്ഷകളും അനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ചെറുകിട കർഷകർക്ക് സഹായകരമായ തരത്തിൽ 50 ഹെക്ടർ വരെ വിസ്തൃതിയുള്ള സ്ഥലത്ത് ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുന:വിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702- 00- 101- 79 - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ് ഉപരിതലജലം - ചെക്ക് ഡാമുകളും റെഗുലേറ്ററുകളും

വരൾച്ച പ്രതിരോധിക്കുന്നതിനും ഭൂഗർഭജലവിതാനം ഉയർത്തുന്നതിനുമായി നദികളിലും പുഴകളിലും തോടുകളിലും ചെക്ക് ഡാമുകൾ/ റെഗുലേറ്ററുകൾ നിർമ്മിച്ച്

ജലസംഭരണം നടത്തുന്നതിനായി നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702- 00- 101- 77 - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം -കാവേരി ബേസിനിലെ ചെറുകിട ജലസേചന പദ്ധതികൾ

കാവേരി നദീജല തർക്ക പരിഹാര ട്രിബ്യൂണൽ വഴി കേരളത്തിന് അനുവദിച്ച ജലം ഫലപ്രദമായി വിനിയോഗിക്കുന്നതിനായി കബനി നദീതടത്തിൽ പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

4702- 00- 101- 73 - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം -ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനഃസ്ഥാപനം

അപ്രതീക്ഷിതമായ വെള്ളപ്പൊക്കവും മഴക്കെടുതിയുംമൂലം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും അനുബന്ധ ഉപകരണങ്ങൾക്കും വലിയ തോതിൽ നാശ നഷ്ടങ്ങൾ സംഭവിക്കുന്നതിനാൽ അവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പ്രവർത്തന രഹിതമായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കും കാർഷിക ആവശ്യങ്ങൾക്കായി കൂടുതൽ പ്രദേശത്ത് ജലം ലഭ്യമാക്കുന്നതിനാവശ്യമായ ലീഡിംഗ് ചാനലിന്റെ നിർമ്മാണത്തിനും നിലവിലുള്ള കനാലുകളിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

4702- 00- 101- 66 - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം -ചെറുകിട ജലസേചന പദ്ധതികൾ ക്ലാസ്സ് I- (ഹരിത കേരളം)

ഹരിത കേരളം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനായി ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

4702- 00- 101- 65 - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം -ചെറുകിട ജലസേചന പദ്ധതി ക്ലാസ് II- ഹരിത കേരളം

ഹരിത കേരളം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനായി ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

4702- 00- 101- 64 - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം -ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം - പ്രാദേശിക ജലസ്രോതസ്സുകളുടെ സംരക്ഷണം

ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്താത്ത ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

4702- 00- 101- 63 -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം -ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം- ഹരിത കേരളം പദ്ധതികൾ

ഹരിത കേരളം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനായി ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ

ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

റവന്യൂ വകുപ്പ്
ജലവിഭവം
(ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്)

2702- 01- 800- 88-33 – ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റുചെലവുകൾ- പമ്പ് ഉപയോഗിച്ച് പുഞ്ചകൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി സബ്സിഡികൾ.

തിരുവനന്തപുരം , ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ പുഞ്ചകൃഷിക്ക് വേണ്ടി പമ്പ് ഉപയോഗിച്ച് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡിയുടെ 2025-26 സാമ്പത്തിക വർഷത്തെ കുടിശ്ശിക തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രസ്തുത ശീർഷകത്തിന്റെ പരിഗണനാ വേളയിൽ നിലവിൽ ജലവിഭവ വകുപ്പിന് കീഴിൽ വരുന്ന പമ്പ് ഉപയോഗിച്ച് പുഞ്ച കൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി' നൽകുന്നതിനായുള്ള ടി ശീർഷകം കൃഷി വകുപ്പിന് കൈമാറുന്നതിന്മേലുള്ള പ്രായോഗികത പരിശോധിക്കണമെന്ന സമിതിയോഗ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സമിതി ആരാഞ്ഞതിനു മറുപടിയായി പ്രസ്തുത വിഷയം ചർച്ച ചെയ്യാനായി ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ധനാഭ്യർത്ഥന നമ്പർ 29-ൽ ഉൾപ്പെടുന്ന "2702-01-800-88-33-പമ്പ് ഉപയോഗിച്ച് പുഞ്ച കൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി" എന്ന ശീർഷകം നിലവിലുള്ള രീതിയിൽ തുടരുന്നതാകും ഉചിതമെന്ന ധനകാര്യ വകുപ്പിന്റെ അഭിപ്രായം അംഗീകരിച്ച വിവരം ജലവിഭവ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത യോഗ തീരുമാനം അംഗീകരിച്ച സമിതി, നിലവിലെ സ്ഥിതി തുടരുന്നതാകും ഉചിതമെന്ന് വിലയിരുത്തി.

(ഫയൽ നം. KLS/3696/2025-Subc A1 (12030/സബ്.സി.എ 1/2022/നി.സെ.)

<u>സംസ്ഥാന ഭൂജല വകുപ്പ്</u>

2702- 02- 103-99 - <u>ചെറുകിട ജലസേചനം - ഭൂഗർഭജലം - കുഴൽ കിണറുകൾ ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതി</u>

ജലക്ഷാമമുള്ള പ്രദേശങ്ങളിൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി 50 ചെറുകിട കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണം, 50 കുഴൽ കിണർ കൈപമ്പുകളുടെ അറ്റകുറ്റപ്പണികൾ , 20 റീചാർജ്ജ് പദ്ധതികളുടെ പുനരുദ്ധാരണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 42 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

4702- 00- 102- 94 - <u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഭൂഗർഭജലം - ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതി</u>

കുടിവെള്ള ലഭ്യത പൂർണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിലെ 2500 കുടുംബങ്ങൾക്ക് കുടിവെള്ള ലഭ്യത ഉറപ്പാക്കുവാൻ സാധിക്കുന്ന തരത്തിൽ 60 ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും, 190 ബോർവെൽ / ട്യൂബ് വെൽ എന്നിവ നിർമ്മിക്കുന്നതിനും, 10 ജലശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2702- 02- 800-99 - <u>ചെറുകിട ജലസേചനം - ഭൂഗർഭജലം - മറ്റുചെലവുകൾ- ഭൂഗർഭ ജല അതോറിറ്റി</u>

സംസ്ഥാന ഭൂജല അതോറിറ്റിയുടെ സ്ഥാപനപരമായ ശേഷി ശക്തിപ്പെടുത്തുന്നതിനും പ്രവർത്തനരീതികൾ സുഗമമാക്കുന്നതിനുള്ള ആധുനിക സോഫ്റ്റ്‌വെയറും ഹാർഡ്‌വെയറും വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 2.50 കോടി രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ

ചെയ്യാൻ സമിതി തീരുമാനിച്ചു.

കരട് റിപ്പോർട്ട് പരിഗണിക്കുന്നതിനായി അടുത്ത യോഗം 17.02.2026-ന് ചേരുന്നതിന് സമിതി തീരുമാനിച്ചു.

ഉച്ചയ്ക്കുശേഷം 3.15-ന് യോഗം അവസാനിച്ചു.

* * * * * * *

6. 17.02.2026-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2026 ഫെബ്രുവരി 17 ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3-എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. റോഷി അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

ഹാജരായ അംഗം:

ശ്രീ. സി. ആർ. മഹേഷ്, എം.എൽ.എ.,

വീഡിയോ കോൺഫറൻസിങ് മുഖേന പങ്കെടുത്ത അംഗങ്ങൾ:

1. ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ.,
2. ശ്രീ. ലിന്റോ ജോസഫ്, എം.എൽ.എ.,
3. ശ്രീ. പി. മമ്മിക്കുട്ടി, എം.എൽ.എ.,
4. ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ.,

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ആർ. എസ്. സന്തോഷ് കുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന വകുപ്പുകളുമായി ബന്ധപ്പെട്ട് സമിതി നടത്തിയ 2026-27 സാമ്പത്തിക വർഷത്തെ

ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ആറാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സബ്ജക്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചതിൽ ബഹു.സമിതി ചെയർപേഴ്സൺ തൃപ്തി രേഖപ്പെടുത്തുകയും വകുപ്പിൽനിന്നും റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കി സഭ മുമ്പാകെ സമർപ്പിക്കുന്നതിന് സഹകരിച്ച സമിതി അംഗങ്ങളോടും ഉദ്യോഗസ്ഥരോടും പ്രത്യേകം നന്ദി രേഖപ്പെടുത്തുകയും ചെയ്തു. തുടർന്ന് സബ്ജക്ട് കമ്മിറ്റി യോഗത്തിൽ ഉൾപ്പെടുത്തുന്ന അജണ്ട മികച്ച രീതിയിൽ ചർച്ച ചെയ്തും ക്രിയാത്മകമായ ഇടപെടലുകൾ നടത്തിയുമാണ് മുന്നോട്ടുപോയിട്ടുള്ളതെന്നും റിപ്പോർട്ടുകളെല്ലാം സമയബന്ധിതമായി തീർപ്പാക്കാൻ സാധിച്ചിട്ടുണ്ടെന്നും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച കുടിശ്ശിക ഫയലുകൾ ഇല്ലായെന്നും വിവിധ സമിതി യോഗ നിർദ്ദേശങ്ങളിൽ മറുപടി ലഭ്യമാക്കാൻ ശേഷിക്കുന്ന വളരെ കുറച്ചു ഫയലുകൾ മാത്രമേ നിലവിലുള്ളുവെന്നും നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി അറിയിക്കുകയും ബഹു.സമിതി ചെയർപേഴ്സണിനും സമിതി അംഗങ്ങൾക്കും മറ്റ് ഉദ്യോഗസ്ഥർക്കും നിയമസഭാ സെക്രട്ടേറിയറ്റിന്റെ പേരിലുള്ള നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

രാവിലെ 11.20-ന് യോഗം അവസാനിച്ചു.

* * * * * * *